2012 ജൂൺ / വോള്യം 3 / ലക്കം 6 / വില ₹ 15

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## വിശിഷ്ടഭോജ്യങ്ങളിൽ കൊതിയൂറുന്നവർ



## മാധവിക്കുട്ടി എന്റെ ഓർമ്മയിൽ

പാർവതിപവനൻ




# സംഘടിത


ജൂൺ 2012 - വാല്യം 3 - ലക്കം 6

## ഉള്ളടക്കം


7 ഓർമയുടെ നീർമാതളപ്പൂക്കൾ - പി.എസ്. ജ്യോതിലക്ഷ്മി
8 മാധവിക്കുട്ടിയെ എന്തുകൊണ്ട്? - ശ്രീലത
10 മാധവിക്കുട്ടി എന്റെ ഓർമ്മയിൽ - പാർവതിപവനൻ
14 മാധവിക്കുട്ടിയുടെ മൂന്ന് കവിതകൾ
15 വിശിഷ്ടഭോജ്യങ്ങളിൽ കൊതിയൂറുന്നവർ
ഡോ. ഷീബാദിവാകരൻ
18 പുതുകഥയിലെ വഴികൾ - ദിവ്യ. സി
19 കേരളത്തിലെ സ്ത്രീപ്രസ്ഥാനങ്ങൾ - ജ്യോതിനാരായണൻ
28 വാസ്തവം - ജാൻസി
29 മലയാളത്തിലെ മൂന്ന് കഥാകാരികൾ മാധവിക്കുട്ടിയെക്കുറിച്ച് പറയുന്നു - രേഖ കെ., ഷീബ ഇ.കെ., ധന്യാരാജ്
33 വഞ്ചിക്കപ്പെട്ട സ്വപ്നങ്ങൾ - ഡോ. മിനിപ്രസാദ്
35 നുണകൾ - മാധവിക്കുട്ടി
37 വെള്ള ഉറുമ്പുകളുടെ രാഷ്ട്രീയം - അമൃതഭാരതി
38 മഹാശ്വേതാദേവി വീണ്ടും കേരളത്തിൽ - ഗയ ഹദിയ
39 ഫോക്കസ് ഹൈലൈറ്റ്സ് - ലിസാ ലാലു
45 ജീവിതം പഠിപ്പിച്ച അമ്മ- ശുഭാമണി
49 രുഗ്മിണി - ഡോ. ടി. അനിതാകുമാരി
54 പരിസ്ഥിതിയുടെ നിയമവശം -
അഡ്വ. സീനാ രാജഗോപാൽ
57 അന്വേഷി റിപ്പോർട്ട്
58 പുസ്തകപരിചയം
കാർട്ടൂൺ - കബിത മുഖോപാധ്യായ


**കവിതകൾ**


കവിതയ്ക്കൊരു മറുപടി - സ്മിത സി.ആർ.
ഞാൻ - സുത പാടഞ്ചേരി
ഹാങ്ങർ - ഗയ
മോതിരം, നീതി, മുറി(വ്) - അമ്മുദീപ


12 ജീവിതത്തെ പ്രണയിക്കാൻ പഠിപ്പിച്ച മാധവിക്കുട്ടി - ഡോ. കെ. വി. സെലീന





25 ചരിത്രം മാപ്പുനല്കില്ല! - കെ. അജിത





51 മക്കളുടെ നൊമ്പരങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് അമ്മമാർ - സുൽഫത്ത്



എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : ഡോ.ജാൻസി ജോസ്
ഗസ്റ്റ് എഡിറ്റർ : ഡോ. മിനിപ്രസാദ്
പത്രാധിപ സമിതി : ദീദി, സി.എസ്.മീനാക്ഷി, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഗിരിജ.പി. പാതേക്കര, മിനി സുകുമാർ, ഡോ.പി. ഗീത, രാജലക്ഷ്മി, കെ.കെ.സാവിത്രി, കെ.കെ.പ്രീത
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സൂം ഇൻ, തളി, 0495 4010872,
പ്രിന്റിംഗ് : എ - വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

സംഘടിത മാസിക



അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com, www.anweshi.org

## മാധവിക്കുട്ടിപതിപ്പ്






ജെ. ദേവിക

**പ്രിയപ്പെട്ട പത്രാധിപക്ക്,**

ഏപ്രിൽ 2012 ലക്കം 'സംഘടിത' വളരെ ആഹ്ലാദത്തോടെയാണ് വായിച്ചത്. കേരളത്തിലെ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ ചക്രവാളങ്ങളെ കൂടുതൽ വിശാലമാക്കുന്ന വിധത്തിൽ ഈ പ്രസിദ്ധീകരണം വളരുന്നത് കാണുന്നത് ഏറെ ആനന്ദകരമാണ്. സ്വവർഗലൈംഗികതയെക്കുറിച്ചുള്ള ചർച്ചയിൽ ഫെമിനിസ്റ്റ് പ്രസ്ഥാനം മുൻനിരയിൽ നിൽക്കേണ്ടതുതന്നെ; ആ കാഴ്ചയാണ് ഈ ലക്കം 'സംഘടിത' വായനക്കാർക്കു നൽകുന്നത്.


ഫെമിനിസത്തിന്റെ സമീപകാല ചരിത്രത്തെക്കുറിച്ച് ഞാൻ എഴുതിയ ലേഖനത്തിനോടുള്ള പ്രതികരണമായി അജിത എഴുതിയ കുറിപ്പും വളരെ ആലോചനപ്രദമായി. ആ ലേഖനത്തിന് വിശദമാക്കാതെപോയ ചില കാര്യങ്ങൾ കൂട്ടിച്ചേർക്കാനും അജിതയുടെ വായന എന്നിലുണർത്തിയ വിചാരങ്ങൾ കുറിച്ചിടാനുമാണ് ഇവിടെ ശ്രമിക്കുന്നത്.

സത്യത്തിൽ, സാമൂഹ്യശാസ്ത്രപഠനംകൊണ്ട് എനിക്കുകൈവന്ന 'ഉണക്കശാസ്ത്രിത്വം' ആ ലേഖനത്തിൽ ഉടനീളമുണ്ടെങ്കിലും വലിയൊരളവിൽ ആത്മകഥാപരംകൂടിയാണത്. 'നിഷ്പക്ഷ'വസ്തുതകൾ മാത്രമല്ല, '80കളിൽ ഫെമിനിസത്തോട് അടുത്ത ഒരു സ്ത്രീ എന്ന നിലയിൽ എന്റെ അനുഭവങ്ങളും അതിനാധാരമാണ്. അതുകൊണ്ടുതന്നെ അതുന്നയിക്കുന്ന വിഷയത്തെപ്പറ്റിയുള്ള ചർച്ച പൂർണമാകണമെങ്കിൽ, ആ കാലം പങ്കുവെച്ച, ഫെമിനിസത്തെ വാരിപ്പുണർന്ന, മറ്റുള്ളവരുടെ അനുഭവങ്ങളുടെ പങ്കുവെക്കൽകൂടി നടന്നേ തീരൂ. ഇനി ചോദ്യം ചെയ്യാൻകഴിയാത്ത വിധം പരിപൂർണ്ണമായ ചില വിലയിരുത്തലുകൾ മുന്നോട്ടുവെക്കലല്ല ആ ലേഖനത്തിന്റെ ലക്ഷ്യം; മറിച്ച്, മറ്റുപലതിലും ആത്മപ്രതിഫലനപരമായ ഓർമ്മകൾ ഉണർത്തി, അവയിലൂടെ, കൂട്ടുചേർന്ന്, ആ കാലത്തിന്റെ ചരിത്രം നിർമ്മിക്കാനാണ് അതു ശ്രമിക്കുന്നത്. ആ അർത്ഥത്തിൽ, ചർച്ചയുടെ ആരംഭം മാത്രമേ ലേഖനത്തിലുള്ളു.

തന്റെ കുറിപ്പിൽ അജിത ഉന്നയിക്കുന്ന ചില നിരീക്ഷണങ്ങളെ ലേഖനം വാസ്തവത്തിൽ സ്ഥിരീകരിക്കുകയാണു ചെയ്യുന്നത്. ഉദാഹരണത്തിന്, വളരെ കടുത്ത സാഹചര്യങ്ങളിലാണ് സ്ത്രീവേദി കെട്ടിപ്പടുത്തതെന്നുതന്നെയാണ് ലേഖനവും വാദിക്കുന്നത്. (സൂര്യനെല്ലി കേസ് ഇല്ലായിരുന്നെങ്കിൽപ്പോലും.) ഏറ്റവും സമ്മർദ്ദവും വൈഷമ്യവും നിറഞ്ഞ ഘട്ടമായിരുന്നു അതെന്നുതന്നെ ഞാൻ വിസ്തരിച്ചു പറയുന്നുണ്ട്-ആ തീരുമാനം രക്ഷാമാർഗ്ഗമായിരുന്നെന്നും. എന്നാൽ നമ്മുടെ കൈപ്പിടിയിലല്ലാത്ത നിരവധി ശക്തികൾ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട്; നമ്മുടെ തീരുമാനങ്ങൾ ഉളവാക്കുന്ന ഫലങ്ങളെ അവ തീർച്ചയായും സ്വാധീനിക്കും. ഇക്കാരണത്താലാണ് ഫെമിനിസ്റ്റ് ചിന്തയും സാമൂഹ്യപഠനവും ഫെമിനിസ്റ്റ് പ്രവർത്തനത്തോളം പ്രാധാന്യമർഹിക്കുന്നത്. നാം പ്രവർത്തിക്കുന്ന സാമൂഹ്യമണ്ഡലത്തിന്റെ ഉയർച്ചതാഴ്ചകളെക്കുറിച്ചും അതിന്റെ സാദ്ധ്യതകളെക്കുറിച്ചും അപകടങ്ങളെക്കുറിച്ചും ജാഗ്രത പാലിക്കാൻ അവ നമ്മെ സഹായിക്കുന്നു. ആത്മപ്രതിഫലനത്തിന്റെയും പ്രാധാന്യം ഇതുതന്നെ. സ്ത്രീവേദിയുടെ നിർമ്മാണത്തെയല്ല, നിർമ്മാണകാലത്തെയാണ് ഞാൻ പഠിക്കാൻ ശ്രമിക്കുന്നത്. ഭരണകൂടഫെമിനിസവും മാദ്ധ്യമവളർച്ചയും കൂടിച്ചേർന്ന ഘട്ടത്തിൽ നാമെടുക്കുന്ന തീരുമാനങ്ങളെ ഈ രണ്ടുശക്തികളും ബാധിക്കാതെവയ്യ. അത് ഏതെങ്കിലും വ്യക്തികളെയോ സംഘടനകളെയോ കുറ്റപ്പെടുത്തലല്ല. അങ്ങനെയൊരു സൂചന ലേഖനത്തിൽ കണ്ടുവെങ്കിൽ അതിനായി ഞാൻ നിരുപാധികം മാപ്പുപറയുന്നു.

'80കളിൽ ഫെമിനിസത്തെ നിരുപാധികമായ സ്ത്രീസ്വാതന്ത്ര്യമായി തിരിച്ചറിഞ്ഞുകൊണ്ട് അതിൽ പ്രത്യാശകൊണ്ടവർ ചുരുക്കമായിരുന്നില്ലെന്ന് എന്റെ അനുഭവത്തിൽ നിന്ന് ഞാൻ തിരിച്ചറിഞ്ഞ കാര്യമാണ്. അന്നേവരെ കൊടികുത്തിവാണ കേരളീയ'നവോത്ഥാന' സ്വാതന്ത്ര്യസങ്കല്പത്തെ വെല്ലുവിളിച്ചുകൊണ്ടാണ് ആ വ്യാഖ്യാനത്തെ ഞങ്ങളിൽ പലരും പുണർന്നത്. 'സ്വാതന്ത്ര്യം' എന്ന സങ്കല്പത്തെ പലവിധത്തിൽ വ്യാഖ്യാനിക്കാം. കേരളീയ 'നവോത്ഥാന'ത്തിൽ അതുവ്യാഖ്യാനിക്കപ്പെട്ടത്, 'സ്വന്തം നിലനിൽപ്പിന് സ്വയം തയ്യാറെടുക്കൽ' എന്ന അർത്ഥത്തിലാണ്. തീർച്ചയായും ഒരു സാമൂഹ്യഇടത്തിൽനിന്ന് മറ്റൊന്നിലേക്ക് അനായാസേന നീങ്ങാനുള്ള ചലനശേഷിയായിയല്ല അത് മനസ്സിലാക്കപ്പെട്ടത്. മറിച്ച്, സ്ത്രീക്കും പുരുഷനും പ്രകൃതിനിർണ്ണിതമെന്ന് കരുതപ്പെട്ട ഗാർഹിക-പൊതുഇടങ്ങളിൽ അവർക്ക് സുസ്ഥിരനില നൽകാനുള്ള ഉപാധിയായിയാണ് 'സ്വാതന്ത്ര്യം' അവതരിപ്പിക്കപ്പെട്ടത്. നിരന്തരമായ മനഃപരിഷ്കാരത്തിലൂടെയും മനഃപരിശീലനത്തിലൂടെയും ആത്മനിയന്ത്രണം നേടിക്കഴിഞ്ഞവർക്കുമാത്രമേ അത് ലഭ്യമാകൂ എന്നും 'നവോത്ഥാന'വ്യവഹാരങ്ങൾ ശഠിച്ചു. ഈ വ്യാഖ്യാനം മുഴുവൻ അസാധുവാണെന്നല്ല എന്റെ വാദം; പക്ഷേ, കേരളീയ ആധുനികതയിൽ

*(ശേഷം 27-ാം പേജിൽ)*



# മുഖപ്രസംഗം



▶ സാറാജോസഫ്

**ടി.പി.ചന്ദ്രശേഖരന്റെ** കൊലയെതുടർന്ന് കേരളത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഫാസിസ്റ്റ് ഭീകരാന്തരീക്ഷം അക്ഷരാർത്ഥത്തിൽ ജനങ്ങളെ ഭയത്തിന്റെയും മൗനത്തിന്റെയും മുൾമുനയിൽ നിർത്തിയിരിക്കുന്നു. ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗിച്ചുകൊണ്ട് അഭിപ്രായവ്യത്യാസമുള്ളവരെ വകവരുത്തുന്ന രാഷ്ട്രീയശൈലിയുടെ ഇരകളായി ഏറെ ജന്മങ്ങൾ ഇവിടെ പൊലിഞ്ഞുവീണു. അവരുടെയൊക്കെ അച്ഛനമ്മമാർ, ഭാര്യമാർ, കുഞ്ഞുങ്ങൾ, സുഹൃത്തുക്കൾ എല്ലാവരും വിങ്ങുന്നമനസ്സും കണ്ണീരൊഴിയാത്ത കണ്ണുകളുമായി നമുക്കിടയിൽ ജീവിച്ചുകൊണ്ടിരിക്കുന്നു. ഒരു സ്വതന്ത്രജനാധിപത്യ രാജ്യത്ത് ഹിറ്റ്ലറുടെ ഫാസിസത്തിന് കീഴിലെന്നോണം ഭയന്നും വാക്കുകൾ അമർത്തിയും ചലനസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടും പരസ്പരം സംശയിച്ചും വെറുങ്ങലിച്ച് കഴിയേണ്ടിവരുന്നത് ആത്മാഭിമാനമുള്ള ജനതയെ സംബന്ധിച്ചിടത്തോളം കൊലചെയ്യപ്പെടുന്നതിനേക്കാൾ ഭീകരമായ അവസ്ഥയാണ്. എപ്പോഴാണ് ഒറ്റുകൊടുക്കപ്പെടുക എന്നും, എപ്പോഴാണ് വെട്ടിവീഴ്ത്തപ്പെടുക എന്നും ഭയപ്പെട്ടുകൊണ്ട് ഒരു ജനാധിപത്യവവ്യവസ്ഥയിൽ രാഷ്ട്രീയപ്രവർത്തനം നടത്തേണ്ടിവരുന്നത് ഇത്രത്തോളം ഭീകരമായി കേരളചരിത്രത്തിൽ മുമ്പ് ഉണ്ടായിട്ടില്ല. അതാണ് കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ബ്രിട്ടീഷ് സർക്കാരിന്റെ ഇടിവണ്ടികൾ കമ്മ്യൂണിസ്റ്റ്കാരെ വേട്ടയാടുന്നതിനുവേണ്ടി കേരളത്തിലെ ഗ്രാമവഴികളിലൂടെ ഇരുട്ടിന്റെ മറപറ്റി തലങ്ങും വിലങ്ങും ഓടിയിട്ടുണ്ട്. ആ ഇടിവണ്ടികൾ ഇന്ന് ഓടിച്ചുകൊണ്ടിരിക്കുന്നത് ആരാണെന്നും ആരെ വേട്ടയാടാനാണെന്നും കേരളത്തിലെ ജനങ്ങൾ അമ്പരപ്പോടെ തിരിച്ചറിയുന്നു. ടി.പി.ചന്ദ്രശേഖരന്റെ കൊലയെക്കാൾ ഭയാനകമാണ് കുറ്റാരോപിതരായവർ കേസന്വേഷണം തടയുന്നതിനുവേണ്ടി സംഘടിതമായി നടത്തുന്ന നീക്കങ്ങൾ. ഉത്തരവാദിത്വപ്പെട്ട ഒരു രാഷ്ട്രീയപാർട്ടി ഇത്തരത്തിൽ ജനങ്ങളേയും ജനാധിപത്യത്തെയും ഭരണഘടനയെയും നിയമവാഴ്ചയെയും നീതിന്യായവ്യവസ്ഥയെയും വെല്ലുവിളിക്കുന്നുവെങ്കിൽ ജനാധിപത്യത്തിന്റെ ഭാവി അപകടാവസ്ഥയിലാണെന്നും അത് സംരക്ഷിക്കേണ്ട ബാധ്യത കേരളത്തിലെ ജനങ്ങൾക്കുണ്ടെന്നും മനസ്സിലാക്കുക. നിശബ്ദരായിരിക്കാൻ നമുക്കവകാശമില്ല. ഭയാനകമായ ഒരു ഭാവിയിലേക്ക് ഇളം തലമുറയെ നയിക്കാനും നമുക്കവകാശമില്ല. ടി.പി.ചന്ദ്രശേഖരന്റെ മകൻ അഭിനന്ദിനെ മുൻനിറുത്തി കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പേരിൽ അമ്മമാരെന്ന നിലയിൽ നമുക്ക് കൈയുയയർത്തേണ്ടതുണ്ട്. ഇല്ല. അനുവദിക്കില്ല. അരുംകൊലയുടെ ഈ നീതിശാസ്ത്രം. ■



# ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

**“ഒരിക്കൽ** ചാമ്പലായിത്തീരുകയോ പുഴുവിന് ഭക്ഷണമായിത്തീരുകയോ ചെയ്യുന്ന ഈ ശരീരത്തിന്റെ മാനം അത്ര വിലപിടിച്ചതല്ല” എന്ന് മാധവിക്കുട്ടി എഴുതിയത് സ്ത്രീമനസ്സിന്റെയും സ്നേഹത്തിന്റെയും വിശാലതകളെ പരിചയപ്പെടുത്തിക്കൊണ്ടായിരുന്നു. അവരുടെ രചനകളിലൂടെ സ്നേഹത്തിന്റെ പുതിയ നിർവചനങ്ങളിലേക്ക് മലയാളി സമൂഹം എത്തിപ്പെട്ടു. പക്ഷേ മലയാളിയുടെ കപടസദാചാരബോധ്യങ്ങൾ അവരെ എന്നും പ്രതിക്കൂട്ടിൽ നിർത്തി വിചാരണ ചെയ്തു. എഴുതിവെച്ച ഓരോ വരിയുടെയും പേരിൽ പറഞ്ഞ ഓരോ അഭിപ്രായത്തിന്റേയും പേരിൽ മലയാളി സമൂഹം അവരെ വേട്ടയാടിക്കൊണ്ടിരുന്നു. സമൂഹത്തിന്റെ സദാചാരമുത്തശ്ശിയുടെ കനത്ത പുതപ്പിന്റെ ചൂട് തനിക്കാവശ്യമില്ലെന്ന് ഈ എഴുത്തുകാരി തുറന്നു പറഞ്ഞു. സ്നേഹാന്വേഷണം നിതാന്തമായ ഒരു തപസ്യപോലെ ഏറ്റെടുത്തു. സ്നേഹം എന്ന വികാരം പുരുഷനും സ്ത്രീക്കും രണ്ടുവിധത്തിലാണെന്ന് അവർ തന്റെ കഥാപാത്രങ്ങളിലൂടെ തെളിയിച്ചു. സ്ത്രീക്ക് സ്നേഹം താനാകെ അവനാവുകയാവുമ്പോൾ ‘നിന്റെ സ്നേഹം എനിക്ക് കാലിൽ ചങ്ങല പോലെ തോന്നുന്നു’ എന്നാണ് നായകന്മാരുടെ പൊതുവികാരം. എങ്കിലും സ്നേഹിക്കാത്തവൾ സ്വർഗ്ഗത്തിൽ പോവുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല എന്നെഴുതി ഈ വാക്കുകളിലൂടെ വാക്കുകൾകൊണ്ട് അവർ പ്രണയവും സ്നേഹവും കൊയ്തെടുത്തു.

മാധവിക്കുട്ടിയുടെ മൂന്നാം ചരമദിനമാണ് മെയ് 31. അവരെ ഓർത്തെടുക്കേണ്ടത് മറവി ഒരുപാടുള്ള മലയാളി സമൂഹത്തിലേക്ക് ഒരാവശ്യമാണെന്ന തോന്നലാണ് സംഘടിതയുടെ ഈ പതിപ്പ്. ഒരെഴുത്തുകാരി എന്ന നിലയിൽ മാത്രമായിരുന്നില്ല എല്ലാ സാമൂഹ്യപ്രശ്നങ്ങളിലും സജീവമായി ഇടപെട്ട രാഷ്ട്രീയ മൂല്യച്യൂതികൾക്കെതിരെ പോലും സ്വന്തമായ നിലപാടുകൾ വ്യക്തമാക്കിയ ഒരു വ്യക്തിത്വമായിരുന്നു അത്. അത്തരം ഒരു നിലപാട് വ്യക്തമാക്കലിന്റെ ഭാഗമായിരുന്നു അവസാനത്തെ മതം മാറ്റവും. പക്ഷേ ആ ധിഷണയെ ഉൾക്കൊള്ളാൻ ഒരിക്കലും മലയാളിക്ക് കഴിയാത്തതിനാൽ മാധവിക്കുട്ടി എന്ന എഴുത്തുകാരിയെയോ കമലാദാസ് എന്ന കവയത്രിയെയോ അവർ മുഖവും നെറ്റിയും ചുളിച്ചല്ലാതെ സ്വീകരിച്ചതേയില്ല.

ഈ പതിപ്പ് ചില ഓർത്തെടുക്കലുകളാണ്. മലയാളത്തിലെ മൂന്നു എഴുത്തുകാരികൾ മാധവിക്കുട്ടി തങ്ങൾക്കെന്തായിരുന്നു എന്നു പറയുന്നു. പാർവതി പവനൻ തനിക്ക് അവരോടുണ്ടായിരുന്ന ആത്മബന്ധത്തെ ഓർമ്മിച്ചെടുക്കുന്നു. ഡോ.കെ.വി.സെലീനയാവട്ടെ ഒരു മലയാളി സ്ത്രീ എന്ന നിലയിൽ തന്നെ എങ്ങനെയാണ് ആ കഥകൾ സ്വാധീനിച്ചതെന്ന് വ്യക്തമാക്കുന്നു. ഡോ.ഷീബ ദിവാകരൻ കമലാദാസിന്റെ കവിതകളെ വിശദമായി പഠിക്കുന്നു. ഒരു വ്യത്യസ്ത കഥ എന്ന നിലയിൽ ‘നുണകൾ’ എന്ന കഥയുടെ പുനർവായന ചേർത്തിട്ടുണ്ട്. ‘രുഗ്മിണി’ എന്ന സിനിമയുടെ പഠനമാണ് ഡോ.ടി.അനിതാകുമാരി നടത്തുന്നത്. മലയാളത്തിലെ പെണ്ണെഴുത്തുകളെ മൂന്നു പേർ വായിച്ചെടുക്കുന്നു. മാധവിക്കുട്ടിക്കുശേഷവും മലയാള കഥാരംഗം അതിശക്തമായി നിൽക്കുന്നു എന്ന് ഈ കണ്ടെത്തലുകൾ തെളിയിക്കുന്നു. അമ്മയനുഭവം ശുഭാമണിയുടേതാണ്. ലിസാ ലാലുവിന്റെ ക്യാമ്പസ് കഥയും.

സ്വപ്നം, സത്യം എന്നിവയ്ക്കിടയിൽ ചാഞ്ചാടുന്ന ഒരു ഭാവനാമണ്ഡലം രൂപപ്പെടുത്തുവാൻ വായനക്കാരനെ സഹായിക്കുന്ന ആ രചനകളെ ഒരിക്കൽക്കൂടി ഓർമ്മിച്ചെടുക്കാൻ ഈ പതിപ്പിനാവട്ടെ എന്ന മോഹത്തോടെ ....

**ഡോ. മിനി പ്രസാദ്**




# ഓർമ്മയുടെ നീർമാതളപ്പൂക്കൾ



പി.എസ്. ജ്യോതിലക്ഷ്മി

**പെണ്ണെഴുത്തെന്ന** പദം മലയാളം പരിചയപ്പെടുന്നതിനും മുമ്പേ 'പെൺ' എഴുത്തിന്റെ കരുത്ത് കേരളസമൂഹത്തെ കാട്ടിക്കൊടുത്ത കഥാകാരിയാണ് മാധവിക്കുട്ടി. ഇനിയുമൊരിക്കൽകൂടി കഴിയാത്തവിധം മലയാളമനസ്സിനെ ഞെട്ടിക്കാൻ മാധവിക്കുട്ടിക്കു കഴിഞ്ഞു.(ഒ.വി.വിജയനുമാത്രമേ സമാനമൊരു ഞെട്ടൽ മലയാളസാഹിത്യത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളൂ) ഫെമിനിസ്റ്റ് നിരൂപണത്തിന്റെ കടന്നുവരവാണ് ആ വിറയെ അല്പമെങ്കിലും ശമിപ്പിച്ചിട്ടുള്ളത്. എന്നിട്ടും ആ ഞെട്ടലിന്റെ അനുരണനങ്ങൾ ഇനിയും അവസാനിച്ചുകഴിഞ്ഞിട്ടില്ല എന്ന് അവരുടെ കഥകൾ പഠിപ്പിക്കേണ്ടിവരു




മ്പോൾ അധ്യാപകർ പ്രകടിപ്പിക്കുന്ന വിമ്മിട്ടങ്ങൾ മനസ്സിലാക്കിത്തരും. ആമുഖവും അടിക്കുറിപ്പും ഒരു പിടി പക്ഷേകളും ചേർത്തുമാത്രമേ അവർക്കത് ക്ലാസ്സിൽ അവതരിപ്പിക്കാൻ കഴിയുന്നുള്ളൂ. ഒരു നല്ല എഴുത്തുകാരിയെന്ന് അംഗീകരിക്കാം. പക്ഷേ ഒരു മാതൃകാ വ്യക്തിയായി അനുകരിക്കാൻ കഴിയില്ല എന്ന് ഉപസംഹരിക്കുമ്പോൾ സദാചാരത്തിന്റെ കാവലാൾ ദൗത്യം സംരക്ഷിക്കുവാൻ ചെയ്ത പ്രയത്നത്തിന്റെ വിയർപ്പു പൊടിഞ്ഞ മുഖത്ത് സംതൃപ്തി കളിയാടുന്നതുകാണാം. കഥകൾ അപ്പോഴും ചിരിച്ചുകൊണ്ടിരിക്കുന്നു; മലയാളിത്തത്തിന്റെ ഇരട്ടമുഖത്തെ നോക്കി എന്നതും കൗതുകമാണ്. ഇതിനൊരു വിപരീതവുമുണ്ട്. തങ്ങളുടെ ആവേശമായി ഈ എഴുത്തുകാരിയെ ഹൃദയത്തിലേറ്റുകയും അള്ളിപ്പിടിക്കുകയും ചെയ്യുന്ന കൗമാരത്തുടിപ്പുകൾ. പ്രായത്തിൽ അല്പം മൂപ്പുകൂടിയ സോദരിയായോ കൂട്ടുകാരിയായോ മാധവിക്കുട്ടിക്കഥകൾ അവരെ ത്രസിപ്പിക്കുന്നതറിയുമ്പോൾ നിത്യയൗവ്വനം കാത്തുസൂക്ഷിക്കുന്ന അക്ഷരങ്ങളുടെ മാന്ത്രികവിദ്യ അനുഭവിച്ചറിയാനുള്ള പുണ്യമാണ് നേടുന്നത്. കൗമാരത്തിന്റെ കലാപകാലത്തെയാണോ അവർ എന്നും അഭിസംബോധന ചെയ്തിട്ടുള്ളത്?

ലൈംഗികതയുടെ തുറന്നുപറച്ചിലാണല്ലോ മാധവിക്കുട്ടിയെ പ്രസിദ്ധ(കുപ്രസിദ്ധ ?)യാക്കിയത്. അതിന്റെ കുത്തൊഴുക്കിനിടയിൽ എത്രയോ നല്ല കഥകൾ, നല്ല വെളിച്ചത്തിൽ കാണാതെ പോയി. ജാനുവമ്മ പറഞ്ഞ കഥ, ചതി, പട്ടങ്ങൾ, കോലാട്, പക്ഷിയുടെ മണം, കല്യാണി, നെയ്പായസം, ദൃക്സാക്ഷി, നഷ്ടപ്പെട്ട നീലാംബരി........ സമാനതയില്ലാത്ത എത്ര കഥകൾ! നിരൂപകർക്ക് ഏതെങ്കിലും അറയിലോ മുറിയിലോ വെച്ച് സംസ്കരിക്കാൻ കഴിയുന്നവയായിരുന്നില്ല അവയൊന്നും. അവയുന്നയിക്കുന്ന പ്രശ്നങ്ങൾ സ്ത്രീകളെ മാത്രം അഭിസംബോധന ചെയ്യുന്നതുമായിരുന്നില്ല. പൊതുസമൂഹത്തോടുള്ള ആ ചോദ്യങ്ങൾ ഏറ്റെടുക്കാനുള്ള ബാധ്യതയും തന്റേടവും എഴുത്തുകാരിയെ ഇകഴ്ത്തുന്നവരോ പുകഴ്ത്തുന്നവരോ കാണിച്ചിട്ടുണ്ടോ ? ഈ ചരമവാർഷിക വേളയിലെങ്കിലും പരിശോധിക്കപ്പെടേണ്ടതാണത്.

ചോദ്യങ്ങൾ പക്ഷേ പിൻവലിക്കപ്പെട്ടില്ല. കാർക്കശ്യമുള്ള സ്ത്രീപക്ഷ നിലപാടുകളുമായി സാറാ ജോസഫും സ്ത്രീത്വത്തെ സൂക്ഷ്മത്തിലറിയാൻ ശ്രമിച്ച് മാനസിയും, അഷിതയും ഗ്രേസിയും ചന്ദ്രമതിയും പി.വത്സലയും ഒക്കെ ചേർന്ന് എഴുത്തിന്റെ പില്ക്കാല വസന്തം തന്നെ തീർത്തുകഴിഞ്ഞു. അവർക്കുപിന്നാലെയും ഉണ്ടായി എഴുത്തിന്റെ അവകാശികൾ. സ്ത്രീത്വത്തിന്റെ ഉത്തരാധുനികനിലങ്ങളിൽ വിതയും കൊയ്ത്തും നടത്താൻ സജ്ജരായിക്കൊണ്ട്, കെ.ആർ.മീരയും സിത്താരയും പ്രിയ.എ.എസും ഇന്ദു മേനോനും രേഖ വിജയനും അശ്വതി ശശികുമാറും സി.എസ്.ചന്ദ്രികയും..... ആ നിര നീളുന്നു. എഴുത്തിന്റെ കരുത്തു തെളിയിച്ചു കൊണ്ട്.

മലയാളസാഹിത്യ സിംഹാസനത്തിലേക്ക് ആരാലും ആനയിക്കപ്പെടാതെ കയറിയിരുന്ന പ്രിയ എഴുത്തുകാരിക്ക് മാധവിക്കുട്ടിക്ക്, കമല സുരയ്യയ്ക്ക് സ്വപ്രയത്നത്തിന്റെ സാഫല്യമുണ്ട്. കാരണം അവർ ശേഷിപ്പിച്ച ഇടം ഇവിടെ ശൂന്യമാകുന്നില്ല. ഓർമ്മയുടെ പ്രവാഹവും അഗ്നിയുടെ വെളിച്ചവും സ്വപ്നങ്ങളുടെ ശീതളിമയും ജാഗരൂകതയും അവിടം സമ്പന്നമാക്കുന്നു. പുതുവഴി വെട്ടുന്നവരുടെയും അവർക്കൊപ്പം സഞ്ചരിക്കുന്നവരുടെയും കൈവിളക്കിലെ ജ്വാലയാകാൻ ഓർമ്മയുടെ നീർമാതളപ്പൂക്കൾക്ക് കരുത്തുമുണ്ട്. ■





# മാധവിക്കുട്ടിയെ എന്തുകൊണ്ട്?



ശ്രീലത

**മലയാളത്തിലെ** ആദ്യകാല എഴുത്തുകാരികളിൽ ഞാനേറ്റവും അധികം ഇഷ്ടപ്പെടുന്നത് മാധവിക്കുട്ടിയെയാണ്. എന്തുകൊണ്ട് എന്ന ചോദ്യത്തിന് ഒരുത്തരം മാത്രം. ചോദ്യം ചെയ്യാൻ ധൈര്യപ്പെടാതെ ഞാൻ ഉള്ളിൽ ഒളിപ്പിക്കുന്ന ഒട്ടേറെ സംശയങ്ങൾ അവർ സധൈര്യം സമൂഹത്തിനു മുന്നിലേക്ക് എറിഞ്ഞുകൊടുത്തു.

തന്റെ സമകാലീനരായ എഴുത്തുകാരും സരസ്വതിയമ്മയും ലളിതാംബികാ അന്തർജ്ജനവും അടക്കമുള്ള എഴുത്തുകാരികളും സമൂഹത്തെ അതായിത്തന്നെ ആവിഷ്കരിക്കാൻ താത്പര്യം കാണിച്ചസമയത്ത് അവർ അന്തർമുഖമായ ചേതനകൊണ്ട് സ്ത്രീയുടെ സ്വകാര്യലോകത്തെ വരച്ചിട്ടു. മനുഷ്യാവസ്ഥ ഏതുവിധമാണോ കാണപ്പെട്ടത് അതേവിധം വരച്ചിട്ടു. കാണുന്നതിനപ്പുറം വിവിധ ജീവിതാവസ്ഥകളെ യാഥാതഥമായി സാമ്പ്രദായിക രീതിയിൽ ആഖ്യാനം ചെയ്യുന്നതിനപ്പുറം സമൂഹത്തിൽ നിലനിന്നിരുന്ന വിവിധരീതിയിലുള്ള വിവേചനങ്ങളെ ചോദ്യം ചെയ്തില്ല. കലഹിച്ചില്ല. സമൂഹത്തെ അതേപടി അംഗീകരിച്ചു. സ്വന്തമായ ഇടം കണ്ടുപിടിക്കാൻ ഒരു ശ്രമവും നടത്തിയില്ല. സ്ത്രീയെ സ്വയം നിർണ്ണയാവകാശമുള്ള ജീവിയായി കാണേണ്ടതുണ്ടെന്ന് അവർ കരുതിയില്ല.




സ്ത്രീയുടെ ചിന്തയിൽ ഉണ്ടാകുന്ന നേരിയ ദിശാമാറ്റങ്ങളെപ്പോലും ബ്ലോട്ടിംഗ് പേപ്പർപോലെ ഒപ്പിയെടുത്ത് സമൂഹത്തിനുമുന്നിലേക്ക് ചിന്താവിഷയമായി എറിഞ്ഞുകൊടുക്കാൻ ധൈര്യം കാണിച്ച ആദ്യത്തെ എഴുത്തുകാരി മാധവിക്കുട്ടിയാണ്. റിയലിസത്തിനും ആധുനികതയ്ക്കും ഇടയിലുള്ള ഈ രണ്ടാംഘട്ടത്തിൽ അവൾ പുരുഷകേന്ദ്രീകൃത സമൂഹത്തോട് നിരവധി ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. സ്ത്രീപുരുഷബന്ധങ്ങളിലെ ഉച്ചനീചത്വങ്ങൾ, സ്ത്രീക്ക് അനുഭവിക്കേണ്ടിവരുന്ന അടിമത്തം, സമൂഹം കാണിക്കുന്ന പലവിധത്തിലുള്ള പൊങ്ങച്ച പൊള്ളത്തരങ്ങൾ എല്ലാം അവർ വിഷയമാക്കി.

സാഹിത്യകാരി എന്ന നിലയ്ക്ക് അവർ കാണിച്ച സത്യസന്ധത മാധവിക്കുട്ടിയെ എന്റെ പ്രിയപ്പെട്ട എഴുത്തുകാരിയാക്കി. എഴുത്തും ജീവിതവും അവർക്കു രണ്ടായിരുന്നില്ല, ഒന്നിന്റെ രണ്ടുവശങ്ങളായിരുന്നു.

ബാല്യം, യൗവ്വനം എന്നീ അവസ്ഥകളെക്കുറിച്ചെഴുതിയത്ര വാർദ്ധക്യം എന്ന അവസ്ഥയെക്കുറിച്ചെഴുതിയിട്ടില്ല എന്നു കാണാം. ഗോസായിത്തന്ത, അലാവുദ്ദീന്റെ കഥ എന്നീ കഥകളിൽ സ്വർഗ്ഗം നഷ്ടപ്പെട്ട ശൈശവം പരാമൃഷ്ടമാകുന്നു. ദാമ്പത്യജീവിതത്തിലെ അസ്വസ്ഥതകളും അവിശ്വാസങ്ങളും പുറംപൂച്ചുകളും വഞ്ചനയും കപടനാട്യങ്ങളും അസൂയാവഹമായ കയ്യടക്കത്തോടെ മാധവിക്കുട്ടി തന്റെ കഥകളിൽ വരഞ്ഞിട്ടു. ഇടനാഴികളിലെ കണ്ണാടികൾ, ചതുരംഗം, സൂര്യൻ, കോലാട് തുടങ്ങിയ കഥകൾ അസ്വസ്ഥ ദാമ്പത്യങ്ങളെ ആവിഷ്കരിക്കുന്നു. മരവിപ്പോളമെത്തുന്ന നിശ്ചലത ബാധിച്ച ഭർത്താക്കന്മാരെയും ദുഃഖിതകളായ ഭാര്യമാരെയും ഈ കഥകളിൽ കാണുന്നു. പക്ഷിയുടെ മണം, കല്യാണി തുടങ്ങിയ കഥകളിൽ അസാധാരണമായ സ്വപ്നവിഭ്രാന്തികളും ദിവാസ്വപ്നസഞ്ചാരങ്ങളിലൂടെ യാഥാർത്ഥ്യവൽക്കരിക്കാൻ വൃഥാശ്രമിക്കുന്ന അസ്വസ്ഥ സ്ത്രീമനസ്സിന്റെ വിഹ്വലതകളെ അസൂയാവഹമായ തന്മയത്വത്തോടെ ആവിഷ്കരിച്ചിരിക്കുന്നു.

മാധവിക്കുട്ടിയുടെ എനിക്കേറെ ഇഷ്ടപ്പെട്ട മറ്റൊരു കഥ നെയ്പ്പായസമാണ്. ഭാര്യാഭർതൃബന്ധത്തിന്റെ പാരസ്പരികതയെ, അവിചാരിതമായ നിമിഷത്തിൽ വിഭാര്യനായിത്തീരുന്ന മനുഷ്യന്റെ നിസ്സഹായാവസ്ഥയെ ഇത്രമേൽ വാചാലമായി അവതരിപ്പിക്കാൻ അധികമാർക്കും കഴിയില്ല.

**സ്ത്രീയുടെ ചിന്തയിൽ ഉണ്ടാകുന്ന നേരിയ ദിശാമാറ്റങ്ങളെപ്പോലും ബ്ലോട്ടിംഗ് പേപ്പർപോലെ ഒപ്പിയെടുത്ത് സമൂഹത്തിനുമുന്നിലേക്ക് ചിന്താവിഷയമായി എറിഞ്ഞുകൊടുക്കാൻ ധൈര്യം കാണിച്ച ആദ്യത്തെ എഴുത്തുകാരി മാധവിക്കുട്ടിയാണ്**





ഭാഷയിലും ഇതിവൃത്തത്തിലും സ്ത്രൈണതയ്ക്കു പകരം പൗരുഷമെന്നു പറയാവുന്ന ഉൾക്കരുത്തും തന്റേടവും തന്റെ കഥാപാത്രങ്ങളിൽ സന്നിവേശിപ്പിച്ച പി. വത്സല മാധവിക്കുട്ടിക്കു പിറകെ വരുന്ന കാലഘട്ടത്തിലെ ശക്തയായ എഴുത്തുകാരിയാണ്. ആദിവാസിജീവിതത്തിന്റെ സാഹിത്യത്തിലെ വക്താവ് വത്സലടീച്ചറാണെന്നു പറഞ്ഞാൽ അതിശയോക്തിയില്ല. ആദിവാസികൾ നേരിടുന്ന തീർത്താൽ തീരാത്ത ദാരിദ്ര്യത്തിന്റേയും സാമ്പത്തികവും സാമൂഹ്യവും വിദ്യാഭ്യാസപരവും മറ്റെല്ലാനിലയ്ക്കുമുള്ള പിന്നാക്കാവസ്ഥകളുടേയും ദുരിതങ്ങളുടേയും കഥ തന്റെ വിഖ്യാതമായ നെല്ല്, കൂമൻകൊല്ലി തുടങ്ങിയ നോവലുകൾക്കു പുറമേ പേമ്പി, പങ്കുരുപുഷ്പത്തിന്റെ തേൻ തുടങ്ങിയ കഥകളിലും പ്രമേയമാക്കുന്നു.

ലോകം ഒരു കവയിത്രിയെ സൃഷ്ടിക്കുന്നു എന്ന കഥയ്ക്കും ഓരോ എഴുത്തുകാരിയുടെ ഉള്ളിലും എന്ന സാറാജോസഫ് കഥയ്ക്കും പൊതുവായി എന്താണുള്ളത്...? വിരുദ്ധധ്രുവങ്ങളിൽ ജീവിക്കുന്ന ഒരു കവയിത്രിയേയും ഭർത്താവിനേയും ആ ജീവിതത്തിൽ രണ്ടുപേരും അണിയുന്ന പൊയ്മുഖങ്ങളേയും വാചാലമായി വർണ്ണിക്കുമ്പോൾ രണ്ടാമത്തെ കഥ ഒരു എഴുത്തുകാരിയെ ഭർത്താവടക്കമുള്ള സമൂഹം ഒരു ഭാര്യ, ഒരു വീട്ടുവേലക്കാരിമാത്രമായി ഇരുത്താൻ എങ്ങനെ പണിപ്പെടുന്നു എന്നു കാണിക്കുന്നു. സാറാജോസഫിന്റെ പാപത്തറ, തായ്കുലം, ഭഗവതിത്തെയ്യം ഉറയുന്നു, പ്രകാശിനിയുടെ മക്കൾ, അശോക എന്നീ കഥകളും സ്ത്രീമനസ്സിന്റെ സ്വത്വാവിഷ്കാരത്തിന്റെ അസൂയാവഹമായ വാങ്മയചിത്രങ്ങളാണ്.


ലിംഗപരമായ മേധാവിത്വത്തിനുകീഴിൽ സ്വന്തം ശരീരത്തിനുമേലുള്ള സ്വയംനിർണ്ണയാവകാശത്തെപ്പോലും എടുത്തുകളയപ്പെട്ടിട്ടുള്ള പെണ്ണിന്റെ ലോകത്തെപ്പറ്റി എഴുതുക എന്നതാണ് എന്റെ കർത്തവ്യം എന്നത് സാറാജോസഫ് പാപത്തറയുടെ ആമുഖത്തിൽ പറയുമ്പോൾ അത് ഭാഷാസാഹിത്യത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് ആധാരശിലപാകുന്നു.

തുടർന്ന് ചന്ദ്രമതി, ഗ്രേസി, മാനസി പിന്നാലെ കെ.പി. സുധീര, കെ.ആർ. മീര, സി.എസ്. ചന്ദ്രിക, കെ. രേഖ, ഇന്ദുമേനോൻ എന്നിവർ അതിന്റെ വക്താക്കളാകുന്നത് നാം കാണുന്നു. മീരയുടെ ഓർമ്മയുടെ ഞരമ്പ്, മോഹമഞ്ഞ, നായ്ക്കോലം, ഇന്ദുമേനോന്റെ സംഘ്പരിവാർ, ലെസ്ബിയൻ പശു തുടങ്ങിയ കഥകളിലുംമറ്റും നമുക്കു കാണാൻ കഴിയുന്നത് മനുഷ്യന് - അതിനു ലിംഗഭേദമില്ല - അനുഭവിക്കേണ്ടിവരുന്ന വിവിധ പീഡനങ്ങളുടെ വ്യത്യസ്തമായ അവസ്ഥാവിശേഷങ്ങളാണ്. അമിതമാകുന്ന സുഖഭോഗതൃഷ്ണകൾ സദാചാരത്തിന്റെ നേർത്ത നൂലിഴകൾ പൊട്ടിച്ചെറിയുന്നു. കുടുംബബന്ധങ്ങൾക്ക് അർത്ഥം നഷ്ടപ്പെടുന്നു. സ്ത്രീ അവൾ അരക്ഷിതയാണ്, ഒറ്റപ്പെട്ടവളാണ്, കുടുംബത്തിനകത്തും പുറത്തും മാറിയ കാലത്തെ പൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങളിൽക്കൂടി കടന്നുപോകേണ്ടിവരുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സ്ത്രീക്ക് ലോകം മാധവിക്കുട്ടിയുടെ കാലത്തെപ്പോലെ സുരക്ഷിതമല്ല. മലയാള ചെറുകഥാശാഖയിൽ പുതിയ പുതിയ എഴുത്തുകാരികൾ ഉദയം ചെയ്യുന്നു. മലയാളകഥയുടെ പുഷ്കലകാലം പുതുതലമുറയിലെ ഇ.കെ. ഷാഹിനയിലും ധന്യാരാജിലും എത്തിനിൽക്കുന്നു. ഭാവി ശോഭനമാണ്. ■

*(ശ്രീലത ചെറുകഥാകൃത്തും സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിൽ റീജണൽ മാനേജരുമാണ്.)*



# മാധവിക്കുട്ടി എന്റെ ഓർമ്മയിൽ



പാർവതിപവനൻ

**മാധവിക്കുട്ടി** ഒരോർമ്മയായി ഇന്നും അവരെ സ്നേഹിക്കുന്ന ഓരോ മനസ്സിനുള്ളിലും ജീവിക്കുകയാണ്. അവരെക്കുറിച്ച് ഓർക്കുമ്പോൾ എഴുതുമ്പോൾ എന്റെ കണ്ണുകൾ ഈറനാവും. ഫോണിലൂടെ എന്നും കേട്ടുകൊണ്ടിരുന്ന ആ ശബ്ദം ഇന്നും ഞാൻ കേട്ടുകൊണ്ടിരിക്കുന്നു. അവരെ ഓർക്കുമ്പോഴെല്ലാം അന്തരിച്ച നമ്മുടെ പ്രിയകവി കക്കാടിന്റെ കവിതയിലെ ചില വരികൾ മനസ്സിലെത്തും.

നീണ്ടൊരീയാത്രതൻ വേദനകൾ
നീറുന്ന കാൽകളിൽ നോവുമാത്രം
നീണ്ടൊരീയാത്രതൻ നാദമെല്ലാം
നീളും കിനാവിൻ നിഴലുമാത്രം
ഓരോ കവലയിൽ നമ്മളൊന്നി-
ച്ചൂണുകഴിഞ്ഞു വലിച്ചെറിഞ്ഞ്
വാടിക്കരിഞ്ഞൊരു നാക്കിലയായ്
നമ്മൾതന്നോർമ്മയും ബാക്കിയാവും.

കാലങ്ങളിലൂടെ നടക്കുന്നവർ സാധാരണ മനുഷ്യരാണ്. നാടോടുമ്പോൾ നടുവേ ഓടുന്നവർ എന്ന് അവരെപ്പറ്റിപ്പറയും. അവനവന്റെ മനസ്സിലൂടെ അവ്യക്തമായ ഭൂതകാലങ്ങളിലേക്കും അതുപോലെതന്നെ അവ്യക്തമായ ഭാവികാലങ്ങളിലേക്കും കടന്നുകയറുന്നവരാണ് പ്രതിഭാശാലികൾ. മാധവിക്കുട്ടി അത്തരത്തിലുള്ള ഒരാളാണ്. 'ഫെമിനിസ'ത്തിലേക്കു തിരിഞ്ഞതുകൊണ്ടല്ല അവർ സ്ത്രീപ്രശ്നങ്ങളെ കൈകാര്യം ചെയ്തത്. മറിച്ച് മാധവിക്കുട്ടി നൂറുശതമാനവും ഒരു സ്ത്രീയായതുകൊണ്ടുമാത്രമാണ്. എപ്പോഴും സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി മാത്രം എഴുതി.


അവരുടെ മനസ്സിനുള്ളിൽ എപ്പോഴാണ് എനിക്കു സ്ഥാനം കിട്ടിയത്? ഓർക്കുമ്പോൾ എനിക്കത്ഭുതം തോന്നാറുണ്ട്. പവനൻ കേരളസാഹിത്യ അക്കാദമിയിൽ സിക്രട്ടറിയായിരിക്കുമ്പോൾ അവർ ഇടയ്ക്കെല്ലാം അക്കാദമി സന്ദർശനം നടത്തും. അവർ അവിടെ വന്നിട്ടുണ്ട് എന്നറിഞ്ഞാൽ മാറിനിന്ന് അവരെ നോക്കിനിൽക്കാറുണ്ട്. പ്രത്യേകതരത്തിലുള്ള സാരിഉടുക്കലും മുടിക്കെട്ടും എന്നെ ഏറെ ആകർഷിച്ചിരുന്നു. 'രുഗ്മിണിക്കൊരു പാവക്കുട്ടി' വായിച്ചമുതൽ അവരെ എനിക്ക് ഒരാരാധന തന്നെയായിരുന്നു. ഒരിക്കലും പിരിയാൻ വയ്യാത്ത ഒരു ബന്ധം മാധവിക്കുട്ടിയുമായി ഉണ്ടാവുമെന്നു ഞാൻ കരുതിയിട്ടേ ഉണ്ടായിരുന്നില്ല. വിശ്വപ്രതിഭയായ അവരും ഞാനും തമ്മിൽ അജഗജാന്തരം.

പവനൻ മരിച്ച ഉടൻ ഞാൻ വല്ലാത്തൊരവസ്ഥയിലായിരുന്നു. ബന്ധുക്കളും മക്കളും എല്ലാവരും അരികിൽനിന്ന് പോയപ്പോൾ ഞാൻ അനുഭവിച്ച ഏകാന്തദുഃഖത്തിന്റെ വ്യാപ്തി അങ്ങനെയൊരവസ്ഥ അനുഭവിച്ചവർക്കുമാത്രമേ മനസ്സിലാക്കാനാവൂ. ഒരുപുസ്തകം മറിച്ചുനോക്കാനോ തമ്മിൽ ആരുമായെങ്കിലും സംസാരിക്കാനോ എനിക്കാവുമായിരുന്നില്ല. അങ്ങനെ ഒരു രാത്രിയിലാണ് ആ നനുത്ത ശബ്ദം ഞാൻ ആദ്യമായി കേൾക്കുന്നത്.

ഫോൺബെൽ അടിച്ചുകൊണ്ടിരിക്കുന്നു. ആരാണ് എന്താണ് എന്നെല്ലാം എന്റെ സഹായി ഫോണിലൂടെ ചോദിക്കുന്നതു ഞാൻ കേട്ടുകൊണ്ടിരുന്നു. ഫോൺ കട്ടാക്കാൻ ഞാൻ ആവശ്യപ്പെട്ടു. കട്ടാക്കിയ ഫോൺ പിന്നേയും ശല്യംചെയ്യുന്നു. പിന്നീട് ഞാൻ തന്നെ ഫോൺ എടുത്തു. പാർവ്വതിയാണോ എന്നു ചോദിച്ചപ്പോൾ എന്തുവേണം എന്ന് കുറച്ചു പരുഷമായി ചോദിച്ചു. എറണാകുളത്തുനിന്ന് എഴുത്തുകാരി മാധവിക്കുട്ടിയാണെന്നു പറഞ്ഞപ്പോൾ വിശ്വസിക്കാനായില്ല. "തനിയെ ആണ് അല്ലേ?" അതു കേട്ടപ്പോൾ ഒരു ഗദ്ഗദത്തോടെ അതെ എന്നുമാത്രം പറഞ്ഞു. "തനിയെ താമസിച്ചാലേ തന്റേടത്തോടെ ജീവിക്കാൻ ആവൂ." എന്നുമാത്രം പറഞ്ഞു. അവർ പവനനെപ്പറ്റി ഒരുവാക്കുപോലും എന്നോടു സംസാരിച്ചതുമില്ല. എനിയും വിളിക്കാമെന്നു പറഞ്ഞാണ് അന്നത്തെ സംഭാഷണം അവസാനിച്ചത്.

എന്റെ ഫോൺനമ്പർ കണ്ടുപിടിച്ച് പവനൻ വിളിച്ചുവന്നിരുന്ന അതേപേരിൽതന്നെ അവർ പിന്നീടു ദിവസത്തിൽ അഞ്ചുമിനുട്ട്കൂടുമ്പോൾ ഫോണിലൂടെ സംസാരിക്കും. എല്ലാം തമാശകൾ. സാഹിത്യകാരന്മാരെക്കുറിച്ചും അവരുടെ ശബ്ദം അനുകരിച്ചും കേട്ടുകൊണ്ടിരിക്കുമ്പോൾ ഞാൻ പൊട്ടിച്ചിരിക്കാൻ തുടങ്ങും. ആ വിളികൾക്കായി പിന്നീട് എന്റെ കാത്തിരിപ്പ്. കാത്തിരിക്കേണ്ട ആവശ്യമൊന്നും ഇല്ല. അങ്ങനെ ഞാനവരുടെ "ബേബി"യായി. എനിക്ക് "ആമ്യേടത്തി"യായി മാധവിക്കുട്ടിയും. ദിവസത്തിൽ ഒരു പതിനഞ്ചുകോളെങ്കിലും വരാത്ത ദിവസങ്ങളുണ്ടായിരുന്നില്ല. ഇത് ഒരു അതിശയോക്തിയായി പറയുന്നതല്ല. ചിലപ്പോഴെങ്കിലും ഇവിടെ വരുന്നവർ അനുഭവസ്ഥരാണ്. പിന്നീട് പലപ്രാവശ്യവും അവരുടെ കൂടെ വന്ന് താമസിക്കാൻ എന്നെ നിർബന്ധിച്ചിട്ടുണ്ട്.

മാധവിക്കുട്ടി പിന്നീട് കമലാസുരയ്യയായി വേഷപ്പകർച്ച നടത്തി. മതംമാറ്റം കേവലം ഒരു പ്രണയകഥയായി ചിത്രീകരിക്കപ്പെട്ടു. മതം ആർക്കും മാറാവുന്നതാണ്. ആ സ്വാതന്ത്ര്യത്തിൽ ഇടപെടാൻ മറ്റാർക്കും അവകാശമില്ല. എന്നിട്ടും കേരളീയർ അവരെ പുച്ഛിക്കുകയാണു ചെയ്തത്. കേരളത്തിൽ സ്ഥിരമായി





'ഫെമിനിസ'ത്തിലേക്കു തിരിഞ്ഞതുകൊണ്ടല്ല അവർ സ്ത്രീപ്രശ്നങ്ങളെ കൈകാര്യം ചെയ്തത്. മറിച്ച് മാധവിക്കുട്ടി നൂറുശതമാനവും ഒരു സ്ത്രീയായതുകൊണ്ടു മാത്രമാണ്

താമസിക്കാൻ വന്ന എന്റെ ആമ്യേട്ത്തിക്ക് കേരളം താമസിക്കാൻ കൊള്ളാത്ത നാടായി. ഇളയമകൻ ജയസൂര്യയോടൊപ്പം താമസിക്കാൻ പൂനയ്ക്കുപോയി. പോകുന്നതിനു മുമ്പും അവർ എന്നെ വിളിച്ചു. ആ വിളിയിൽ വിഷാദമുണ്ടായിരുന്നു. പൂനെയിൽ പോയശേഷവും അവർ എന്നെ വിളിച്ചുകൊണ്ടിരുന്നു. കൂടെ താമസിക്കാൻ നിർബന്ധിച്ചു. പൂനയിൽപോയി ഞാൻ ആമ്യേടത്തിയെ കണ്ടു. അവർ വിഷാദവതിയായിരുന്നു. ഏറെനേരം ഞാനവിടെ ഇരുന്നു. പക്ഷേ, ആമ്യേടത്തി സംസാരിക്കാതെ കണ്ണടച്ചു കിടക്കുകയാണു ചെയ്തത്. കേരളംവിട്ട സങ്കടം അവരുടെ മുഖത്ത് നിഴലിച്ചിരുന്നു.


പോകാൻ എഴുന്നേറ്റപ്പോൾ എന്റെ കൈപിടിച്ച് ചുംബിച്ചു. കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. അവരുടെ വിശ്വസ്ത പരിചാരിക അമ്മു കൊണ്ടുവന്നുതന്ന സംഭാരം കുടിച്ച് ഞാൻ ആമ്യേട്ത്തിയുടെ നെറ്റിയിൽ ചുംബിച്ചു. ഫ്ളാറ്റിൽനിന്നിറങ്ങി കാറിൽ കയറിയ ഞാൻ ഏറെനേരം കരഞ്ഞു. കേരളത്തിൽ വന്നശേഷവും കൂടെ താമസിക്കാൻ നിർബന്ധിച്ച് വിളി തുടർന്നിരുന്നു.

പിന്നീട് ആസ്പത്രിയിൽ കിടന്നതും മരിച്ചതും എല്ലാം പെട്ടെന്നായിരുന്നു. ഒരുദിവസംപോലും ഒന്നിച്ചുതാമസിക്കാൻ എനിക്കായില്ല. മരിച്ചാൽ എന്താവാനാണ് ആഗ്രഹം എന്നുചോദിച്ചപ്പോൾ ഏഴുനിറമുള്ള മനോഹരമഴവില്ലായി മാനത്ത് എല്ലാവരും നോക്കിനിന്ന് ആസ്വദിക്കണമെന്ന എന്റെ മറുപടിയിൽ എന്നെ പരിഹസിച്ചു. "അയ്യേ, അതു വേഗം മാഞ്ഞുപോവില്ലേ. നമുക്ക് നല്ല ഭംഗിയുള്ള പക്ഷിയായി സ്വാതന്ത്ര്യത്തോടെ എവിടേയും പറന്നുനടക്കാം. അല്ലേ." വീട്ടിന്റെ മുറ്റത്തെ ചെമ്പകമരത്തിൽ ഭംഗിയുള്ള പക്ഷികൾ വന്നിരിക്കുമ്പോൾ ഇതിൽ ഏതെങ്കിലും ഒരു പക്ഷി എന്റെ ആമ്യേട്ത്തിയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ജീവിതത്തിൽ നിറയെ പരീക്ഷണങ്ങൾ നടത്തിയ അവർ ഒരു സാധാരണ സ്ത്രീയായി അവസാനിച്ചു സാധാരണ സ്ത്രീയായി മരിച്ചു. നീർമാതളം പൂക്കുന്നതും നോക്കി ചക്രവാളസീമയിൽ കൈകളൂന്നി ഭൂമിയിലേക്കു നോക്കി പുഞ്ചിരിക്കുന്ന മാധവിക്കുട്ടിയുടെ മുഖം ഞാൻ മനസ്സിൽ കാണുന്നു.

ഇത് ജീവിതമാണ്. ആരുപോയാലും ഇല്ലെങ്കിലും ജീവിതം അനുസ്യൂതമായി ഒഴുകിക്കൊണ്ടിരിക്കും■

*"ജീവിച്ചിരിക്കുന്നവരെ സ്നേഹിക്കുന്നതുപോലെ മരിച്ചവരെയും എനിക്ക് സ്നേഹിക്കുവാൻ അറിയാം. ശരീരമില്ലാത്തവരെ സ്നേഹിക്കുന്നതിൽ ഒരു പ്രത്യേക ലഹരിയുണ്ട്" - ഒറ്റയടിപ്പാത*



# ജീവിതത്തെ പ്രണയിക്കാൻ പഠിപ്പിച്ച മാധവിക്കുട്ടി



ഡോ. കെ. വി. സെലീന

എറണാകുളം സെന്റ് തെരസാസ് കോളേജിൽ മലയാളം അദ്ധ്യാപിക

**മലയാളത്തിൽ** ഇപ്പോൾ വേരുറച്ചുവരുന്ന ഒരു എഴുത്തുകാരി, അടുത്തയിടെ ഒരു യാത്രയിൽ എന്നോടു പറയുകയുണ്ടായി മാധവിക്കുട്ടിയുടെ സൗന്ദര്യമാണ് അവർക്ക് ഇത്രയധികം ആരാധകരെ നേടിക്കൊടുത്തതെന്ന്. അതും ശരിയാണ് എന്നു പറഞ്ഞതിനുശേഷം, ഒറ്റയ്ക്കുള്ള മടക്കയാത്രയിൽ 'മാധവിക്കുട്ടിയുടെ സൗന്ദര്യം', 'ആരാധകർ' ഈ രണ്ടു വാക്കുകൾ എന്നെ അസ്വസ്ഥയാക്കുവാൻ തുടങ്ങി. സുഖവും ആഴവും സൗന്ദര്യവുമുള്ള ഒരസ്വസ്ഥത. പതുക്കെപ്പതുക്കെയത് ഞാൻ ആരാധിക്കുന്ന കമലാസുരയ്യയിലേക്ക്, കമലാദാസിലേക്ക്, മാധവിക്കുട്ടിയിലേക്ക് സംക്രമിപ്പിച്ചു കൊണ്ടിരുന്നു. നേരാണ് മാധവിക്കുട്ടിയുടെ എഴുത്തിന്റെ കരുത്താണ്, സൗന്ദര്യമാണ്, അവർക്ക് ഞാനടക്കമുള്ള വായനക്കാരേയും ആരാധകരേയും നേടിക്കൊടുത്തത്.

ആ എഴുത്തിൽ കറുപ്പും വെളുപ്പും തുടിപ്പും തുടുപ്പും പ്രണയവും നെടുവീർപ്പും പൊട്ടിച്ചിരിയും വിങ്ങിപ്പൊട്ടലും മടുപ്പും കോപവുമൊക്കെയുണ്ട്. എല്ലാത്തിലുമുണ്ട് വശ്യമായ സൗന്ദര്യം-പ്രചോദിപ്പിക്കുന്ന സൗന്ദര്യം. അങ്ങനെ മാധവിക്കുട്ടി എനിക്ക് പ്രചോദനമായി-പലതിലും പലതിനും.

മതത്തെ, മനുഷ്യനെ, പ്രകൃതിയെ, പ്രണയത്തെ, രതിയെ ഒക്കെ കാണുന്നതിൽ, അറിയുന്നതിൽ ഒരു പുതുമ, ഒരു ഉണർവ്വ്, അഭൗമമായ ഒരു ചൈതന്യം. എനിക്കുമാത്രമല്ല, മലയാളിക്കും മറുനാടിനും അവർ നമുക്കു കിട്ടിയ ഈ ജീവിതം കൊണ്ട് നാമെന്തുചെയ്യണം എന്ന കൊച്ചു പാഠങ്ങൾകൂടി പഠിപ്പിച്ചു കൊടുത്തു.

മാധവിക്കുട്ടിയെ വായിച്ചാണ് സ്ത്രീയെ, പുരുഷനെ അറിഞ്ഞത്. അവരിലൂടെ മതബോധത്തിന്റെ വിശാലതകളിലേക്ക് ഊളിയിടുവാൻ കഴിഞ്ഞു. കൊച്ചുകൊച്ചു നിരാശകളിൽപ്പെട്ട് 'ഇപ്പം തീർത്തുകളയാം ജീവിതം' എന്നു ചിന്തിച്ചപ്പോഴൊക്കെ 'അയ്യോ, തീർക്കല്ലേ, ബുദ്ധിമോശം കാണിക്കരുതേ' എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. പ്രപഞ്ചമാകെ നിറഞ്ഞു നിൽക്കുന്ന ജീവിതഗന്ധത്തിന്റെ, ഇത്തിരി തന്ന് തിരിച്ചുവരുവാൻ പ്രചോദിപ്പിച്ചു. സ്ത്രീക്ക്, പുരുഷ





കറുത്ത കർക്കിടകത്തിന്റെ
കുത്തൊഴുക്കിലും
ഭയപ്പെടുത്തുന്ന
ഇടിമിന്നലിലും
ഭയരഹിതയായി
സഞ്ചരിക്കുവാൻ,
ഏകാന്തതയിൽ
അഭിരമിക്കുവാൻ,
പട്ടിണിക്കാലങ്ങളിൽപോലും
ജീവിതത്തെ
സ്നേഹിക്കുവാൻ
കൂട്ടായി മാധവിക്കുട്ടി




ന്, വിധവയ്ക്ക്, ഭാര്യയ്ക്ക്, ഭർത്താവിന്, കാമുകിക്ക്, വൃദ്ധർക്ക്, ദരിദ്രർക്ക്, സമ്പന്നർക്ക് ഒക്കെ ഇടമുള്ള ഈ തുരുത്തിനെ, ഇതെല്ലാം വ്യത്യസ്ത നിറവും മണവും ഗുണവും കരുത്തുമുള്ള പൂക്കളുടെ തോട്ടമാണ് എന്ന തിരിച്ചറിവ് തന്നു. അതുകൊണ്ട് ഒന്നും നിസ്സാരമായി തള്ളരുത്, ഒന്നിനേയും അവഗണിക്കരുത് എന്ന താക്കീതും. എവിടം മുതലാണ് മാധവിക്കുട്ടി എന്നിലേക്കെത്തിയത് എന്നു ചോദിച്ചാൽ കൃത്യമായ ഉത്തരമുണ്ട്, ഹൈസ്കൂൾ പഠനകാലത്ത്. 'എഴുത്തുകാരൻ മരിക്കുന്നിടത്ത് വായനക്കാരൻ ജനിക്കുന്നു' എന്ന തിരിച്ചറിവുണ്ടാകുന്നതിനു മുൻപ്. കൗമാരത്തിൽ ബാല്യത്തിലേക്കും, യൗവ്വനത്തിൽ കൗമാരത്തിലേക്കും ചിലപ്പോഴെല്ലാം തിരിച്ചും സഞ്ചരിക്കാൻ പ്രേരിപ്പിച്ച മാധവിക്കുട്ടി ഗ്രാമത്തിൽ താമസിച്ചപ്പോൾ നഗരത്തെ സ്വപ്നം കാണുവാൻ ശീലിപ്പിച്ചു. നഗരത്തിലേക്കു ചേക്കേറിയപ്പോൾ, നഷ്ടപ്പെട്ട ഗ്രാമസൗന്ദര്യത്തെക്കുറിച്ച് സുഖമുള്ള, നൊമ്പരം നിറഞ്ഞ ഓർമ്മകൾ തന്നു. അപ്പോൾ വല്ലപ്പോഴുമുള്ള തിരിച്ചുവരവ്, ജീവിതത്തിന്റെ സമസ്തനിഗൂഢതകളും ആവാഹിക്കുന്ന പാലപ്പൂമണമുള്ള, കാട്ടുതേന്മണമുള്ള വയനാടൻ കാട്ടിലൂടെ സഞ്ചരിക്കുവാൻ പ്രേരിപ്പിച്ചു. കറുത്ത കർക്കിടകത്തിന്റെ കുത്തൊഴുക്കിലും ഭയപ്പെടുത്തുന്ന ഇടിമിന്നലിലും ഭയരഹിതയായി സഞ്ചരിക്കുവാൻ, ഏകാന്തതയിൽ അഭിരമിക്കുവാൻ, പട്ടിണിക്കാലങ്ങളിൽപോലും ജീവിതത്തെ സ്നേഹിക്കുവാൻ കൂട്ടായി മാധവിക്കുട്ടി.

ഫെമിനിസം എന്താണെന്നറിയുന്നതിനുമുൻപേ ഫെമിനിസ്റ്റാവാൻ കഴിഞ്ഞു. ആരാവണം എന്താവണം എന്ന് കൃത്യമായി സ്വപ്നങ്ങൾ കണ്ടുതുടങ്ങി. കുശുകുശുക്കലുകൾക്കും കുറുമ്പിത്തരങ്ങൾക്കും ചെവികൊടുക്കാൻ നേരമില്ലാതെയായി. അസൂയാലുക്കളെ വളരെവേഗം തിരിച്ചറിയുവാൻ, മാധവിക്കുട്ടിയുടെ സൂക്ഷ്മസ്വഭാവമുള്ള കഥാപാത്രചിത്രീകരണം സഹായിച്ചു. അതിനാൽ കുറ്റംപറച്ചിലുകാർക്കിടയിൽനിന്ന് മനഃപൂർവ്വം അകന്നുമാറി. അപ്പോഴുള്ള ഒറ്റപ്പെടൽ ഒരു സുഖാനുഭൂതിയായി. കാരണം അവരോടെല്ലാമുള്ള സ്നേഹം, ഉള്ളിൽ സൂക്ഷിക്കുന്നുണ്ടായിരുന്നു. സ്നേഹംകൊണ്ട് എന്താണു കീഴ്പ്പെടുത്താൻ കഴിയാത്തതായുള്ളത് എന്നു മാധവിക്കുട്ടി പഠിപ്പിച്ചു.

ചുട്ടുപഴുത്ത പ്രകൃതിയിൽ കരിവാളിക്കുന്ന ജീവിതങ്ങൾ, അവരുടെ നെടുവീർപ്പുകൾ മനസ്സിനെ അലോസരപ്പെടുത്തിക്കൊണ്ടേയിരുന്നു. രണ്ടുംമൂന്നും നാലും മുഖമുള്ള മനുഷ്യരെ അറിഞ്ഞ് ഉള്ളാലെ ചിരിക്കുവാനും സഹതപിക്കുവാനും ശീലിപ്പിച്ച മാധവിക്കുട്ടി എന്ന കമലാസുരയ്യ കാട്ടിത്തന്ന ജീവിതത്തിന്റെ പരപ്പ്, മനുഷ്യരിലെ വൈരുദ്ധ്യം, പ്രകൃതിയുടെ ഗൂഢഭാവങ്ങൾ, മനുഷ്യഭാവങ്ങൾ എല്ലാം എന്നിൽ വർണ്ണക്കൂട്ടുകൾ നിറച്ചുകൊണ്ടേയിരുന്നു. ജീവിതത്തെ സ്നേഹിക്കുവാൻ നിരന്തരപ്രേരണയായി കൂടെയുണ്ട് അവർ. പ്രണയംകൊണ്ട് ജീവിതത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഒരേസമയം മണ്ണിലും മാനത്തും നോക്കി സ്വപ്നങ്ങൾ കാണാൻ, കാണുന്ന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ കഴിയാതെവരുമ്പോഴും ആ നൈരാശ്യത്തിൽ ആഴ്ന്നുപോവാതെ ശക്തിയാർജ്ജിക്കുന്ന സ്ത്രീയായി, കരുത്തുള്ള പെണ്ണായി ജീവിക്കാൻ മാധവിക്കുട്ടിയുടെ, കമലാദാസിന്റെ, കമലാസുരയ്യയുടെ എഴുത്ത്, അനുഭവം എന്നെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഒപ്പം കപടനാണയങ്ങളെ അവഗണിക്കുവാനും! ■

*"സ്നേഹം തപസ്സാണ്, തപസ്സിന്റെ അന്തമായ സായൂജ്യവും അതുതന്നെ" (എന്റെ കഥ)*





# മാധവിക്കുട്ടിയുടെ മൂന്ന് കവിതകൾ

## തടവുകാരി

ഒരു പൊള്ളയായ സമ്മാനമാണെന്റെ സ്നേഹം
പൊന്നുപൂശിയ ഒരു ശൂന്യഭോജനം
കാഴ്ചവസ്തുവാകാൻ കൊള്ളാവുന്നത്
മറ്റൊന്നുമല്ല.
ഒടുവിൽ വന്നവൻ വെറുമൊരു ശിശുവായിരുന്നു
കാണേണ്ടതായിരുന്നു അവന്റെ കരച്ചിൽ
എന്റെ ഹൃദയം ഹർഷത്തോടെ ഉറക്കെപ്പറഞ്ഞു,-
വിട, കെട്ടിനിന്നഴുകുന്ന വ്യാജത്തിനു വിട
മധുരമായ അടിമത്തം ഇത്രമതി
ഇത്രമതി
എന്നാൽ, സുഹൃത്തേ! നിശ്ശബ്ദനാകൂ
എന്റെ രഹസ്യം നിന്നിൽ കൂടുകൂട്ടട്ടെ
കളി അവസാനിപ്പിക്കാൻ ഇനിയും സമയമായിട്ടില്ല
എന്റെ മുത്തശ്ശിയുടെ പെട്ടികൾ
അവർ മരിച്ചുകഴിഞ്ഞു തുറന്നപ്പോൾ
ഞാനാദ്യമായി സ്നേഹിച്ചത് അവരെയായിരുന്നു-
അവയിൽ കുറെ പാവകൾ മാത്രമുണ്ടായിരുന്നു
എന്റെ ഒടുവിലത്തവനേ! നീ
എന്താണ് നിധിപോലെ സൂക്ഷിക്കുക?
പ്രിയതയോടെ എന്തുകൈവശം വയ്ക്കും?
അഥവാ,
ഗർഭപാത്രത്തിന്റെ അന്ധമായ വിശപ്പും
അന്തഃസത്തയിലെ നിശ്ശബ്ദമന്ത്രണങ്ങളുമില്ലാതെ
അന്യോന്യം നാമെന്തു സമ്പാദിച്ചു?......
ഒരു ചിലന്തിവലപ്പാതയിൽനിന്ന്
മറ്റൊന്നിലേക്ക്,
വർഷങ്ങളായി ഞാൻ സഞ്ചരിച്ചുപോന്നു
ഇപ്പോൾ ഞാൻ
എന്റെതന്നെ തടവുകാരിയാണ്.




## അപരിചിതന്റെ ഗാനം

നാട്ടിൻപുറത്തെ കിണറ്റുവക്കിൽ
അടിപിടികൂട്ടുന്ന ഒരായിരം അപശബ്ദങ്ങളായി
ഞാൻ മാറിയിരിക്കുന്നു.
നിസ്സാര സ്മൃതികളായി പൊഴിഞ്ഞു
പോകുവാൻ മാത്രം ഒരായിരം വസൂരിമാലകളായി
ഞാൻ മാറിയിരിക്കുന്നു.
അന്തരീക്ഷത്തിന്റെ ശൂന്യഗർത്തങ്ങളിൽ
കൂർത്ത വിരൽ നഖങ്ങളാഴ്ത്തുവാൻ
വിജയോന്മാദത്തിൽ മുഖം തുടുത്ത
ഒരായിരം കൽക്കികളായി ഞാൻ
മാറിയിരിക്കുന്നു.
അപരിചിതന്റെ ഗീതികളിൽ
സ്ഫടികമണികൾപോലെ കുരുങ്ങിക്കിടക്കുവാൻ
ഒരായിരം മൗനബിംബങ്ങളായി
ഞാൻ മാറിയിരിക്കുന്നു.

## മൊഴികൾ കിളികളാകുന്നു

മൊഴികൾ കിളികളാകുന്നു
ചിറകുകൾ കുഴഞ്ഞ്
മൂവന്തിയിൽനിന്നൊഴിഞ്ഞ്
അവ ചേക്കേറാൻ പോയതെങ്ങ്?
മൂവന്തിയെൻ മുടിമേൽ
മൂവന്തിയെൻ തൊലിമേൽ
ഉറങ്ങാൻ കിടക്കുമ്പോൾ
ഉറപ്പില്ലെനിക്ക്,
ആ അനുഗൃഹീതമായ പുലരി
ഞാൻ വീണ്ടും കാണുമെന്ന്!



# വിശിഷ്ടഭോജ്യങ്ങളിൽ കൊതിയൂറുന്നവർ



ഡോ. ഷീബാദിവാകരൻ

**മാധവിക്കുട്ടി** ലോകമാകെ പ്രശസ്തയായിത്തീർന്നത് കമലാദാസ് എന്ന പേരിൽ ഇംഗ്ലീഷിലെഴുതിയ കവിതകളിലൂടെയാണ്. ഭാഷ ഇംഗ്ലീഷായാലും മലയാളമായാലും തന്നെത്തന്നെയാണ് അവരാവിഷ്കരിക്കുന്നത്. മലയാളത്തിലും ഇംഗ്ലീഷിലുമെഴുതിയ കവിതകളും വിശാലമായ കഥാപ്രപഞ്ചവുമൊക്കെ പ്രമേയവുമായി ഐകരൂപ്യം പുലർത്തുന്നത് അതുകൊണ്ടാണ്. സ്ത്രീത്വത്തിന്റെ സമ്പൂർണാവിഷ്കാരമാണ് മാധവിക്കുട്ടിയുടെ രചനാലോകം.

സ്ത്രീക്ക് വീടിന്റെ ബഹളത്തിൽനിന്നൊഴിഞ്ഞ് ഒരു സ്വകാര്യതയില്ല. ഋഷിയെപ്പോലെ ധ്യാനിച്ചുകൊണ്ട് ഒരു സ്ത്രീയും ഒന്നുമെഴുതിയിട്ടുണ്ടാകില്ല. ഒറ്റനോട്ടത്തിൽ നിസ്സാരമെന്നുതോന്നുമെങ്കിലും സ്ത്രീയുടെ ചുമതലകൾതന്നെയാണ് അവളുടെ മനസ്സിനെ എന്നും ഭരിച്ചുകൊണ്ടിരിക്കുന്നത്. എഴുത്തിലേക്കു പൂർണമായി ശ്രദ്ധിക്കാനോ പാതിപുറത്തുവന്ന കവിതയ്ക്ക് പൂർണകായമേകാനോ സർഗസമ്പന്നരായ പല സ്ത്രീകൾക്കും കഴിയാത്തത് അതുകൊണ്ടാണ്. മാധവിക്കുട്ടിയാകട്ടെ, വീടിന്റെ ബഹളവും വീട്ടിനുള്ളിലെ സ്വകാര്യതകളും അവിടെ കണ്ട കാഴ്ചകളും അനുഭവങ്ങളോരോന്നും കവിതയിൽ ചാലിച്ചു.

'ഈ വീടും
അതിലെ ബഹളവും
എന്റെ കവിതയുടെ ഉടുപ്പാണ്-
ഇരുമ്പുകവചം.
എന്റെ ചുമതലകൾ
അതിന്റെ കാലിൽക്കെട്ടിയ
ഇരുമ്പുചങ്ങലകളും.
അതിന്റെ തേങ്ങൽ
ഞാൻ രാത്രിയുടെ
അവസാനയാമത്തിൽ
കേൾക്കുന്നു.' (കവിത)

പിറക്കാതെപോകുന്ന ഓരോ കവിതയും മരണദുഃഖംതന്നെയാണ് കവിക്കേകുന്നത്. സർഗധനരായ സ്ത്രീകളെല്ലാം ഒരുപാട് മരണദുഃഖങ്ങൾ സഹിച്ചവരാണ്. 'പുരുഷൻ വിമാനം പറപ്പിച്ചാൽ ഞാനും പറപ്പിക്കും. പുരുഷൻ മലകയറിയാൽ ഞാനും കയറും. അവൻ മദ്യപിച്ചാൽ ഞാനും മദ്യപിക്കും. വ്യഭിചാരമെങ്കിൽ അതും ആവാം എന്നമട്ടിലുള്ള അനുകരണമല്ല, സ്ത്രീസ്വാതന്ത്ര്യം' (ലളിതാംബിക അന്തർജനം, *ഭാരതസ്ത്രീകളുടെ പദവി യുഗങ്ങളിലൂടെ*) എന്ന് മാധവിക്കുട്ടിയും കരുതി. അത്യന്തബാഹ്യമായ സ്വാതന്ത്ര്യസങ്കല്പങ്ങളല്ല, അവരുടേത്. മനസ്സിന്റെ സന്തോഷത്തിനും സ്വാതന്ത്ര്യത്തിനുമായിരുന്നു, അവിടെ പരിഗണന. പുരുഷനെതിരെ തിരിഞ്ഞുവേറിട്ട വഴിയേ പോകുമ്പോളല്ല, സ്ത്രീ-പുരുഷസമ്മേളനത്തിലാണ് അവർ സ്വാതന്ത്ര്യവും സൗന്ദര്യവും കാണുന്നത്. 'പാശ്ചാത്യർ കാണുന്ന പോലെയല്ല, വനിതാവിമോചനത്തെ



ഞാൻ കാണുന്നത്. പാശ്ചാത്യ ഫെമിനിസത്തിലുള്ളത് പുരുഷവിരോധമാണ്. ഭർത്താവിനേയും ആൺമക്കളേയും സ്നേഹിക്കുന്ന എനിക്ക് പുരുഷനെ വെറുക്കാൻ സാദ്ധ്യമല്ല. പുരുഷന്റെ സാമീപ്യത്തിൽനിന്ന് ഞാൻ വളരെ സന്തോഷം അനുഭവിച്ചിട്ടുണ്ട്.' എന്ന് അവർ തുറന്നുപറഞ്ഞിട്ടുണ്ട്. (പി.പി. രവീന്ദ്രൻ, മാധവിക്കുട്ടിയുമായി ഒരു സംഭാഷണം, സ്ത്രീ സ്വത്വം സമൂഹം, പു.162) പരസ്പരവിശ്വാസത്തിലും സ്നേഹത്തിലുമൂന്നിയ പുതിയൊരു സ്ത്രീവാദസങ്കല്പം അവതരിപ്പിച്ചു, മാധവിക്കുട്ടി. ഈ സങ്കല്പത്തിന്റെ സാക്ഷാത്ക്കാരത്തിനായി കൊതിക്കുന്നവരാണ് അവരുടെ സ്ത്രീകഥാപാത്രങ്ങളെല്ലാം. മനസ്സിനിണങ്ങിയ സ്ത്രീ-പുരുഷന്മാരുടെ ഐക്യപ്പെടലേകുന്ന ആധ്യാത്മികനിർവൃതി പങ്കുവെക്കുന്നു എന്നതാണ്, മാധവിക്കുട്ടിയുടെ രചനകളുടെ പ്രധാന ആസ്വാദ്യത.

മനസ്സിനിണങ്ങിയ സ്ത്രീ-പുരുഷന്മാരുടെ ചേർച്ച എന്ന ആശയത്തിന് വ്യവസ്ഥിതി അനുകൂലമാവുന്നില്ല എന്നത് മാധവിക്കുട്ടിക്ക് ഒരു പ്രശ്നംതന്നെയാണ്. വീടിന്റെ വലിപ്പവും ധനസ്ഥിതിയും നോക്കി വിവാഹിതരാകുന്ന യുവാക്കളുടെ പ്രണയരഹിതസമ്മേളനങ്ങൾ കവിയെ അസ്വസ്ഥയാക്കുന്നു.



**മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ സ്നേഹമുള്ളിടത്ത് സ്വാസ്ഥ്യം കണ്ടെത്തുന്നു. സ്നേഹദാഹികളായ അവർ സ്നേഹംതേടി പുറംലോകങ്ങളിലലയുന്നു. ഈ മാനസികോല്ലാസമാണ് അവർക്ക് ഊർജ്ജമേകുന്നത്**

'എന്റെ ഭർത്താവുപറഞ്ഞു,
ഒരു ബിയർ കുടിക്കണമെന്ന്.
ഞാൻ വിചാരിക്കുന്നു, എന്തൊരുഷ്ണം.
ഇന്ന് ഏറെ ഉഷ്ണം.
അപ്പോൾ ഞാൻ നിനച്ചു
നഗരത്തിലേക്ക് അതിവേഗം കാറോടിച്ച്
എന്റെ സുഹൃത്തിനരികെ
ഒരുമണിക്കൂർ കിടക്കണം.
അല്പം വിശ്രാന്തി
എനിക്കു വളരെ ആവശ്യമായിരുന്നു.' (കാഡൽറോഡിലെ ചന്ദനത്തിരികൾ)

'സുന്ദരികളെ അയാൾക്കിനി കാണാൻവയ്യ
പക്ഷേ, അകത്തോട്ടുവലിഞ്ഞ ആ കണ്ണുകൾ
അവനവന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നു
അവൾ ഇരിക്കേണ്ടിയിരുന്ന സിംഹാസനത്തിൽ
മറ്റൊരുത്തിയെ തെല്ലൊരത്ഭുതത്തോടെ
താമസിയാതെ അയാൾ കണ്ടെത്തുന്നു.....' (മധുവിധുവിനുശേഷം)

'ഞാൻ സ്നേഹത്തെപ്പറ്റി ചോദിച്ചപ്പോൾ
അയാൾ
ഒരു പതിനാറുവയസ്സായ പെൺകിടാവിനെ
കിടപ്പറയിലാക്കി
വാതിലടച്ചു.
അയാൾ എന്നെ പ്രഹരിച്ചില്ല
എങ്കിലും എന്റെ സ്ത്രീശരീരം
പ്രഹരമേറ്റപോലെ തളർന്നു.' (ഒരു മുഖവുര)

മാധവിക്കുട്ടിയെ സംബന്ധിച്ചിടത്തോളം പ്രണയശാലികളുടെ ഒന്നിക്കലിനേ പ്രസക്തിയുള്ളു. നിത്യജീവിതത്തിലെ വൈപരീത്യങ്ങളിൽ പ്രാവർത്തികമാവാത്ത ഇക്കാര്യം കഥാപാത്രങ്ങളിലൂടെ പ്രാവർത്തികമാക്കിക്കാണിക്കുന്നു, കവി. മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ സ്നേഹമുള്ളിടത്ത് സ്വാസ്ഥ്യം കണ്ടെത്തുന്നു. സ്നേഹദാഹികളായ അവർ സ്നേഹംതേടി പുറംലോകങ്ങളിലലയുന്നു. ഈ മാനസികോല്ലാസമാണ് അവർക്ക് ഊർജ്ജമേകുന്നത്. നിത്യജീവിതത്തിൽ പ്രണയം അപമാനകരമായ എന്തോ ഒന്നാണ്, ഇന്നും. മോഹഭംഗത്താൽ വീർപ്പുമുട്ടുന്ന, വിഷാദരോഗികളായിമാറുന്ന യുവാക്കൾ നമുക്കുചുറ്റുമുണ്ട്. മറ്റുള്ളവർക്കുവേണ്ടി ജീവിതം ജീവിച്ചുതീർക്കുന്ന ഇക്കൂട്ടർ പുറമേ മാന്യന്മാരും അകമേ അസംതൃപ്തരുമാണ്. മൂടിവെച്ച വികാരങ്ങളുടെ സമ്മർദ്ദത്താൽ ഒരു പൊട്ടിത്തെറിക്കു കാതോർക്കുന്ന ഉടലകമാണ് അവരുടേത്. ജീവിതത്തിന്റെ പ്രതിഫലനമായ കവിതയിലൂടെ ഈ സത്യം മാധവിക്കുട്ടി കാണിച്ചുതരുന്നു. യഥാർത്ഥസ്നേഹാസ്വാദനത്തിന്റെ സുഖം പകരുന്ന ഈ കവിതകൾ ഇങ്ങനെ കൃത്രിമജീവിതം നയിക്കുന്ന എല്ലാവർക്കും സന്തോഷമേകുന്നുണ്ട്.

'കേൾക്കാനിഷ്ടമുള്ളവർ മാത്രം
കേൾക്കുക
ഞാനാഖ്യാനം ചെയ്യുന്നത്
ഒരു സാധാരണജീവിതത്തിലെ
സാധാരണ സംഭവങ്ങളാണ്.' (ഗ്രഥനം)

പരിപൂർണ്ണസമർപ്പണമാണ് മാധവിക്കുട്ടിക്ക് പ്രണയം. തികച്ചും മാംസനിബദ്ധവുമാണ്. 'സ്നേഹമായിരുന്നു/ ഞാൻ എന്നേ തിരഞ്ഞെടുത്ത മതം' (കൂലിപ്പട്ടാളം), 'പ്രേമികയ്ക്ക് പ്രേമം മാത്രം മതം' (പ്രേമം മാത്രം മതം) എന്നിങ്ങനെ ആവർത്തിച്ചുറപ്പിക്കുന്ന കവി പ്രണയസാക്ഷാത്ക്കാരത്തിനുവേണ്ടിത്തന്നെയാണ് മതം മാറിയതെന്നും പറയുകയുണ്ടായി.


തികച്ചും കാമബാഹ്യമാണ് പ്രണയമെന്ന ആശാന്റെ പ്രണയസങ്കൽപത്തിൽനിന്നു വ്യത്യസ്തമാണ് മാധവിക്കുട്ടിയുടെ കാഴ്ചപ്പാട്. കാമം പ്രണയത്തിന്റെ ഭാഗംതന്നെയാണെന്ന കവിയുടെ അഭിപ്രായം സമ്പൂർണസമർപ്പണത്തിലധിഷ്ഠിതമായ ഇത്തരം വരികൾ അടയാളപ്പെടുത്തുന്നു. പ്രണയം ആദ്ധ്യാത്മികതലത്തിലേക്കുണരുന്ന (ഉയരുന്ന) സവിശേഷസന്ദർഭങ്ങൾ ഈ കാവ്യപ്രപഞ്ചത്തിൽ ധാരാളമുണ്ട്.

പ്രണയം തേടിയുള്ള അലച്ചിലിനും പ്രണയത്തിൽ ആണ്ടുമുങ്ങി രസിക്കലിനുമപ്പുറം സ്വയം തിരിച്ചറിയലുകളുടെ ശക്തമായ ശബ്ദവും ഈ കവിതകളിൽ മുഴങ്ങിക്കേൾക്കുന്നു.

'എന്നെ
തുണ്ടുതുണ്ടായിഞാൻ
വിതരണം ചെയ്യുന്നു.
മക്കൾക്കായി
ഭർത്താവിനായി
മിത്രങ്ങൾക്കായി
അശരണർക്കായി
ഒടുവിൽ
എന്റെ കണ്ണാടിയിൽ
ഞാൻ എന്റെ കണ്ണുകൾമാത്രം
കാണുന്നു:
കണ്ണുനീരും' (ദാനം)

അവഗണനകൾ പാരമ്യത്തിലേറ്റുവാങ്ങുമ്പോഴും താൻ ആർക്കെല്ലാം അനിവാര്യതയാകുന്നുവെന്ന് സ്ത്രീമനസ്സിലാക്കുന്നു. തന്റെ വിലയേറിയ സമയം (താൻതന്നെ) പലർക്കായി വീതിക്കപ്പെടുന്നുവെന്ന് അവൾക്കു ബോധ്യമാകുന്നു.

കോലാട് എന്ന കഥയിലെ പ്രമേയം കവിതയ്ക്കും വിഷയമാക്കിയിട്ടുണ്ട്, കവി. വീട്ടിൽ ആകെക്കൂടിയുള്ള



ഒരേയൊരു സ്ത്രീ രൂപഭംഗി സംരക്ഷിക്കാൻ സമയമില്ലാത്തവളും തിരക്കിട്ട് അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കുന്നവളുമാണ്. അതുകൊണ്ടുതന്നെ വേണ്ടപ്പെട്ടവരാൽത്തന്നെ പരിഹാസ്യയുമാകുന്നു, അവൾ. പക്ഷേ, ആ നിഷ്കാമ കർമ്മമാണ് വീടിനെ വീടായി നിലനിർത്തുന്നതെന്ന ബോധ്യം അവൾക്കുണ്ട്. പ്രത്യക്ഷമായ അവഗണനകൾക്കുനടുവിൽപ്പോലും എല്ലാവരുടേയും സ്വച്ഛതയ്ക്കുവേണ്ടി ഞാനിവിടെ ഉണ്ടായേ തീരൂ എന്നാണവൾ ചിന്തിക്കുന്നത്. അലസയല്ലാത്ത അവൾക്ക് ജീവിതം മടുപ്പുനിറഞ്ഞതോ മൃത്യുചിന്ത കലർന്നതോ അല്ല. മരിക്കാൻപോലും അവൾക്കു നേരമില്ല. അത്രയ്ക്കു കർത്തവ്യബദ്ധയാണ്, തന്റെ ഉണ്മ ആഘോഷിക്കുന്നവളാണ്, ഇവിടെ സ്ത്രീ. അവളില്ലാത്ത വീട് നികത്താനാവാത്ത മഹാശൂന്യതയാണെന്ന് അവൾക്കു നന്നായറിയാം-വിളിച്ചു പറയുന്നില്ലെങ്കിലും.

നാണി എന്ന കവിത പുരുഷാധിപത്യം സ്ത്രീയോടുകാട്ടിയ വഞ്ചനയുടെ വലുപ്പം അടയാളപ്പെടുത്തുന്നു. ഗതികേടുകൊണ്ടാവാം, ഒരുവാക്കെതിർത്തുപറയാതെ ഈ ആധിപത്യപ്രവണതകളെ പിൻതാങ്ങുകയായിരുന്നു, ഒരുകാലഘട്ടംമുഴുവൻ സ്ത്രീവർഗ്ഗം.

'ഒരുദിവസം
ഗർഭിണിയായ വേലക്കാരി, നാണി
ഓവറയിൽ തൂങ്ങിമരിച്ചു.
പോലീസുകാർ വരുന്നതുവരെ
മൂന്നുനീണ്ട മണിക്കൂറുകൾ
അവളവിടെ തൂങ്ങിക്കിടന്നു.
ഭംഗിയില്ലാത്ത ഒരു പാവ.'

മരണത്തോടെ നാണി അവസാനിക്കുകയാണ്. ആരാണവളുടെ ഗർഭത്തിനുത്തരവാദിയെന്നോ എന്തിനാണവൾ മരിച്ചതെന്നോ ആരും ചിന്തിക്കുന്നില്ല. തന്നെ കിണറ്റുവക്കത്തുനിർത്തിക്കുളിപ്പിച്ച ആ വേലക്കാരിയെക്കുറിച്ച് രണ്ടുവർഷത്തിനുശേഷം മുത്തശ്ശിയോടു ചോദിച്ചപ്പോൾ

'കണ്ണട മാറ്റിവെച്ച് മുത്തശ്ശിയെന്നെ തുറിച്ചുനോക്കി
നാണി, ആരാണവൾ?
മുത്തശ്ശിയുടെ ആ ചോദ്യത്തിൽ
നാണി ഇല്ലാതെയായി.'

ഓരോ നേരും ഇങ്ങനെ ഓരോ ചോദ്യചിഹ്നത്തിലൊടുങ്ങുന്നതായിരുന്നു, ആ കാലഘട്ടത്തിലെ കാഴ്ച. ഉള്ളുപൊള്ളയായ ഒരു കാഴ്ചവസ്തു മാത്രമായി ചുരുങ്ങുകയായിരുന്നു, പുരുഷവീക്ഷണത്തിൽ സ്ത്രീ. മുറിവേറ്റ സ്ത്രീത്വം കവിയെ പഠിപ്പിച്ചത് സ്ത്രീത്വത്തെ അവഗണിക്കാനായിരുന്നു.

'ഞാൻ ദയനീയയായി
എന്നിലേക്ക് ചുരുണ്ടുകൂടി
പിന്നീട് ഷർട്ടും കാലുറകളും
ധരിച്ചു.
മുടി മുറിച്ചു
എന്നിലെ സ്ത്രീത്വത്തെ
അവഗണിക്കുവാൻ
ഞാൻ പഠിച്ചു.' (ഒരു മുഖവുര)


നര പുറത്തുകാട്ടാത്ത വൃദ്ധരെപ്പോലെ സ്ത്രീത്വം പുറത്തുകാട്ടാതെ അവൾ വേഷപ്രച്ഛന്നയായി.

സാരിയുടുക്കുക, പെൺകുട്ടിയാവുക, ഭാര്യയാവുക, പാചകക്കാരിയാവുക, വേലക്കാരിയുമായി വഴക്കിടുന്ന വീട്ടമ്മയാവുക, ഒരു ഗൃഹത്തിനു യോജിച്ച ഭൂഷണമാവുക എന്നിങ്ങനെ എന്തെല്ലാം ആവണമെന്നും മതിലുകളിൽ കയറി ഇരിക്കരുത്, പർദ്ദകൾ നീക്കി വെളിയിലേക്കു നോക്കരുത്, പ്രണയബന്ധങ്ങളിൽ വഞ്ചിക്കപ്പെട്ടാലും അന്ധാളിപ്പോടെ ഉച്ചത്തിൽ കരയരുത്...., എന്നിങ്ങനെ എന്തെല്ലാം ആവരുത് എന്ന് പുരുഷകേന്ദ്രിതവ്യവസ്ഥിതി പാസ്സാക്കിയ അലിഖിത നിയമങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥയായിരുന്നു, എന്നും സ്ത്രീ. ആത്മബോധമുള്ള സ്ത്രീയെ ഇത്തരം വിലക്കുകൾ അസ്വസ്ഥയാക്കുമെങ്കിലും പ്രതികരിച്ചാലുണ്ടാകുന്ന ഭവിഷ്യത്തോർത്ത് സഹിക്കുകയായിരുന്നു, പതിവ്. ഇത്തരം വിലക്കുകളെല്ലാം മാധവിക്കുട്ടി അതിജീവിച്ചത് തന്റെ സ്ത്രീകഥാപാത്രങ്ങൾക്ക് ആവോളം സ്വാതന്ത്ര്യമേകിയായിരുന്നു. ശരീരത്തിന്റെ തൃഷ്ണകൾ പാവനമായിക്കരുതുന്നതുകൊണ്ടുതന്നെ അവയൊന്നും മറച്ചുവെക്കേണ്ടതില്ലെന്ന് കവി കരുതുന്നു. സ്ത്രീശരീരത്തിന്റെ സൂക്ഷ്മാവിഷ്കാരവും സ്ത്രീമനസ്സിന്റെ സകലകാമനകളുടേയും അപഗ്രഥനവും ഉൾക്കൊള്ളുന്ന വിശാലമണ്ഡലമാണ്, ഈ കാവ്യലോകം. ഇത്തരം കഥാപാത്രചിത്രണത്തിന്റെ പേരിൽ പ്പോലും മാധവിക്കുട്ടി ഒട്ടൊന്നുമല്ല, വിമർശിക്കപ്പെട്ടത്.

'സ്വന്തം പരിമിതികളെ
മറന്ന് ഒഴുകുന്ന
ഒരു നദിയാണ് ഞാൻ.' (ഒരു പ്രണയകവിത)

സ്ത്രീയുടെ പരിമിതികൾപോലും കണ്ടെത്തുന്നത് സ്ത്രീയല്ല. ഒരുപക്ഷേ, പരിമിതികളെന്നു മറ്റുള്ളവരെണ്ണുന്നതൊന്നും യഥാർത്ഥപരിമിതികളാവണമെന്നില്ല. അതുകൊണ്ടുതന്നെ അതെല്ലാം അതിജീവിക്കാവുന്നവയാണ്. പുരുഷൻ ആവിഷ്കരിച്ച സ്ത്രീയും ആ ഭാഷയും സ്ത്രീക്ക് അന്യമാണ്. അതുമാത്രമല്ല, മറ്റെന്തൊക്കെയോ ആണ് സ്ത്രീ. എഴുത്ത് പുരുഷന്റെമാത്രം മണ്ഡലമായിരുന്നതിനാൽ ഈ 'മറ്റെന്തൊക്കെയോ' എവിടെയും ആവിഷ്കരിക്കപ്പെട്ടിരുന്നില്ല. പുരുഷൻ ആവിഷ്കരിക്കാത്ത സ്ത്രീയുടെ മറുപുറമാവിഷ്കരിക്കാൻ സ്ത്രീക്കുമാത്രമേ കഴിയൂ. അതുകൊണ്ടുതന്നെ തനതായ ഒരു ഭാഷയും സ്ത്രീക്കു കൂടിയേ കഴിയൂ. സ്ത്രീസ്വത്വാവിഷ്കാരം ഒരു ദൗത്യമായി മാധവിക്കുട്ടി സ്വമേധയാ ഏറ്റെടുക്കുകയുണ്ടായി. ഏകാകിനിയായ സ്ത്രീയുടെ 'പിഴച്ചുമിടിക്കുന്ന ഹൃദയം' വായനക്കാരനുമായി സംവദിച്ചുകൊണ്ടിരിക്കുന്നു, ഈ കവിതകളിലൂടെ. ■


മാധവിക്കുട്ടിപതിപ്പ്



# പുതുകഥയിലെ വഴികൾ



ദിവ്യ. സി



**മാധവിക്കുട്ടിയുടെ** രചനകളിൽ 'പക്ഷിയുടെ മണം' എന്ന ചെറുകഥയാണ് എനിക്ക് ഏറ്റവും പ്രിയങ്കരമായിട്ടുള്ളത്. മരണം എന്ന മഹാസത്യത്തെ ഇത്രയും ഭ്രമാത്മകമായും കൈയൊതുക്കത്തോടെയും ആവിഷ്കരിച്ചിട്ടുള്ള മറ്റു മലയാളകഥകൾ ഉണ്ടോ എന്ന് സംശയമാണ്. കുടുംബം, മരണം, ഫാന്റസി, റിയലിസം തുടങ്ങി നിരവധി അടരുകൾ 'പക്ഷിയുടെ മണ'ത്തെ വീണ്ടും വായിക്കാൻ പ്രേരിപ്പിക്കുന്നു. സ്വപ്നവും വിഭ്രാന്തിയും കലർന്ന, ബോധാബോധമനസ്സുകളുടെ അതിർത്തികൾ മായ്ച്ചുകളയുന്ന, മനോഹരമായൊരു കഥയാണത്. 'ഉണ്ണി'യിലേയും 'കല്യാണി'യിലേയും പോലെ ഫാന്റസിയുടെ തലവും 'അവസാനത്തെ അതിഥി'യിലെ പോലെ മരണത്തിന്റെ ഗന്ധവും 'കോലാടി'ലേതുപോലെ സ്ത്രീത്വത്തിന്റെ നിസ്സഹായതയുടെ ആവിഷ്കാരവുമെല്ലാം 'പക്ഷിയുടെ മണ'ത്തിലുണ്ട്. കുടുംബം, സമൂഹം, സദാചാരം എന്നിവയുടെ വ്യവസ്ഥാപിതമൂല്യങ്ങളെ തിരസ്കരിക്കുന്ന മാധവിക്കുട്ടിയുടെ കഥാലോകത്തിന്റെ പരിച്ഛേദം 'പക്ഷിയുടെ മണ'ത്തിൽ കാണാം.

മാധവിക്കുട്ടിയിൽനിന്ന് പുതുതലമുറ എഴുത്തുകാരികളിലെത്തുമ്പോൾ മലയാളചെറുകഥ വളരെ ശക്തമായി മുന്നോട്ടുപോകുന്നു എന്നു മനസ്സിലാക്കാം. പുതിയ കഥകൾ ശരീരത്തെ പ്രതിരോധത്തിന്റെ ചിഹ്നമായി ആവിഷ്കരിക്കുന്നു. സിതാര എസിന്റെ 'കറുത്ത കുപ്പായക്കാരി'യിൽ ഒരു ദളിത് സ്ത്രീ തന്റെ ശരീരം പ്രതിരോധത്തിന്റെ മാധ്യമമാക്കുന്നതായി കാണാം. കാട്ടുപെണ്ണാണെങ്കിലും തന്റെ സ്വത്വത്തെക്കുറിച്ച് തികഞ്ഞ ബോധവതിയാണവൾ. പുതുകഥാകൃത്തുകളുടെ സ്ത്രീകഥാപാത്രങ്ങളിൽ ഭൂരിഭാഗവും സ്വത്വബോധം ഉള്ളവരാണെന്നത് ശ്രദ്ധേയമാണ്.

ആധുനികോത്തരകാലത്ത് മാധ്യമങ്ങൾ ശരീരത്തെ ഉപഭോഗവസ്തുവായിട്ടാണ് ചിത്രീകരിക്കുന്നതെന്ന് പുതുകഥകൾ വ്യക്തമാക്കുന്നു. കെ. രേഖയുടെ 'ഒരു സെൻസേഷണൽ അഭിമുഖം', കെ.ആർ മീരയുടെ 'കൃഷ്ണഗാഥ', സിതാരയുടെ 'ചരക്ക്' എന്നീ കഥകളെല്ലാം ശരീരത്തെ കാഴ്ചവസ്തുവായിട്ട് കാണുന്ന മാധ്യമലോകത്തിനെതിരായുള്ള പ്രതിരോധങ്ങളാണ് എന്നു പറയാം. രാഷ്ട്രീയപ്രസ്ഥാനങ്ങളും കപടസദാചാരവാദികളും സ്ത്രീയെ എങ്ങനെ ഒറ്റപ്പെടുത്താൻ നോക്കുന്നുവെന്ന് രേഖയുടെ 'അന്തിക്കാട്ടുകാരി ഒരു സഖാവി'ൽ കാണാം.

മാധവിക്കുട്ടിയുടെ രചനാലോകത്തുനിന്ന് പുതുകഥയ്ക്കുള്ള മറ്റൊരു വികാസം പ്രണയംപോലും വിപണിവത്ക്കരിക്കപ്പെടുന്നത് പുതുകഥകൾ കണ്ടെത്തുന്നു എന്നതാണ്. മൊബൈൽ ഫോണും ഇന്റർനെറ്റുമെല്ലാം പ്രണയത്തിന്റെ ചതിക്കുഴികളാകുന്നത് പുതുകഥകളിൽ കാണാം. രതിയെ പുതുകഥാകാരികൾ തുറന്ന് ആവിഷ്കരിക്കുന്നു. ഇന്ദുമേനോന്റെ 'ലെസ്ബിയൻ പശു' സ്വവർഗരതിയുടേയും 'കടൽനായ' ഉഭയലൈംഗികതയുടേയും പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു. ബലാൽസംഗത്തെപ്പറ്റി സമൂഹം വെച്ചുപുലർത്തുന്ന വ്യവസ്ഥാപിത കാഴ്ചപ്പാടുകളോട് അപരിചിതത്വം പുലർത്തുന്ന കഥയാണ് സിതാരയുടെ 'അഗ്നി'. ഇത്തരത്തിൽ പ്രമേയസ്വീകരണത്തിലും ആഖ്യാനത്തിലുമെല്ലാം പുതുകഥാകാരികൾ വൈവിധ്യം പുലർത്തുന്നു.

പ്രണയം, കുടുംബം, സദാചാരമൂല്യങ്ങൾ, ലൈംഗികത എന്നിവയെ സംബന്ധിച്ച പരമ്പരാഗതസങ്കല്പങ്ങളെ ചോദ്യം ചെയ്യുന്നവയാണ് പുതുതലമുറ എഴുത്തുകാരികളുടെ കഥകൾ. ആ അർത്ഥത്തിൽ മാധവിക്കുട്ടിയുടെ പിൻഗാമികളാണ് ഈ എഴുത്തുകാരികളെന്ന് നിസ്സംശയം പറയാം ■



# കേരളത്തിലെ സ്ത്രീപ്രസ്ഥാനങ്ങൾ



ജ്യോതിനാരായണൻ

**കേരളത്തിലെ** ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെ സമീപകാലചരിത്രം സാമാന്യം വിശദമായി 'സംഘടിത'യിൽ എഴുതിയ ദേവികയെ അഭിനന്ദിക്കുന്നു. കേരളത്തിലെ സ്ത്രീപ്രസ്ഥാനങ്ങൾ സർക്കാർവല്ക്കരണത്തിനും അരാഷ്ട്രീയവൽക്കരണത്തിനും വിധേയമായിക്കൊണ്ടിരിക്കുന്നു. സ്ത്രീകൾ ആഗോളവൽക്കരണ നവലിബറൽ വ്യവസ്ഥയ്ക്കുള്ളിലെ നല്ല പ്രജകളാക്കപ്പെടുന്നു എന്ന നിലപാടിനോട് പൂർണ്ണമായി വിയോജിക്കുന്നു. എന്നാൽ ദേവിക ഉന്നയിക്കുന്ന വിഷയങ്ങളിലെ നിലപാടുകൾ എത്തിച്ചേരുന്ന രീതി പരിശോധനകൾക്കു വിധേയമാക്കേണ്ടതുണ്ടെന്നാണു തോന്നുന്നത്. എന്നാൽ അത്ര വിശദമായ എഴുത്തിന് സ്ഥലവും സമയവും പരിമിതമായതുകൊണ്ട് എന്റെ ചില അനുഭവങ്ങളും സംശയങ്ങളും ആ ലേഖനത്തിനോട് ചേർത്തുവെക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

1960കളിൽ പലയിടങ്ങളിലും സജീവമായ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ 1980കളിലാണ് കേരളത്തിൽ സജീവമായത്. 1975 മുതൽ 79വരെ നിലനിന്നിരുന്ന അടിയന്തരാവസ്ഥയ്ക്കുശേഷം കേരളത്തിലെങ്ങും നവോത്ഥാനമൂല്യങ്ങളുടെ തുടർച്ചയിൽ നിന്നുകൊണ്ട് ജനാധിപത്യവും വ്യക്തിസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് ധാരാളം ചർച്ചകൾ നടക്കുകയുണ്ടായി. സജീവമായ കോളേജ് കാമ്പസുകളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും വായനശാലകളും ക്ലബ്ബുകളും ഫിലിം സൊസൈറ്റികളുമെല്ലാം ഉണ്ടായിത്തുടങ്ങി. ഒപ്പം രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ കീഴ്ഘടകങ്ങളിൽപോലും ധാരാളം സംവാദങ്ങൾ നടന്നിരുന്നു. സി.പി.എമ്മിലെ ചർച്ചകൾ കേട്ടുകൊണ്ടാണ് എന്നെപ്പോലെ പലരും പ്രവർത്തനരംഗത്തുവന്നത്. കോൺഗ്രസ്സിനെതിരേയും (ഇന്ത്യയിലെ സാമ്പത്തികനയങ്ങൾക്കെതിരെ) ആർ.എസ്.എസ്സിനെതിരേയും (വർഗ്ഗീയ രാഷ്ട്രീയത്തിനെതിരെ) പ്രത്യയശാസ്ത്രവിശകലനങ്ങൾ നടന്നിരുന്നു. എന്നാൽ ഈ പ്രവർത്തനങ്ങളിലെല്ലാം നല്ല പാർട്ടിസഖാക്കൾ സ്ത്രീകളെ സംരക്ഷിക്കുന്നവരായിരുന്നു. ഇന്ന് നാം ഉന്നയിക്കുന്ന സ്ത്രീപ്രശ്നങ്ങൾ




പലതും സ്ത്രീകളുടെ പരിമിതിയായും അതിനു ചില പ്രത്യേക പരിഗണനകൾ നല്കിയിരുന്നതുമായി ഓർക്കുന്നു. പൊതുസമൂഹത്തിനെപ്പോലെ സ്ത്രീകൾ 'എഫിഷ്യന്റ്' ആയാൽ മതി, ബുദ്ധിപരമായ ചിന്തയും പ്രവർത്തനവും അവരിൽനിന്ന് പ്രതീക്ഷിച്ചിരുന്നില്ല; താത്പര്യപ്പെട്ടിരുന്നുമില്ല. ഈ വൈരുദ്ധ്യമായിരിക്കാം ദേവിക എഴുതിയതുപോലെ ബദൽ ഇടതുപക്ഷ സാംസ്കാരികമണ്ഡലത്തിൽനിന്ന് ഫെമിനിസത്തിന്റെ ആരംഭംകുറിച്ചത്. ഒരുപക്ഷേ, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇതേ ഇടതുപക്ഷത്തിന്റെ സാമൂഹ്യനീതിയാകാം ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ കേരളത്തിൽ രൂപംകൊള്ളാൻ ഇത്രയും വൈകിയതും.

പിന്നീട് ഒരുദശകത്തിനുശേഷം ഇടതുപക്ഷ രാഷ്ട്രീയപ്രസ്ഥാനങ്ങളിലുണ്ടായ അപചയം സ്ത്രീപ്രസ്ഥാനങ്ങളെ മാത്രമല്ല, എല്ലാ പുരോഗമനപ്രസ്ഥാനങ്ങളേയും ബാധിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. കേരളത്തിൽ സി.പി.എമ്മിൽ ഉണ്ടായ മാറ്റം പ്രത്യേകിച്ചും (പിന്നീട് പരാമർശിക്കുന്നുണ്ട്.) ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ആർ.എസ്.എസിന്റെ പതനവും



ആഗോളവൽക്കരണ ലിബറൽ രാഷ്ട്രീയംപോലെ ലോകത്താകമാനം ഉണ്ടായ മാറ്റങ്ങളുമായി ബന്ധിപ്പിച്ച് ചിന്തിക്കാൻ കഴിയും. പക്ഷേ, അന്ന് സമൂഹത്തിൽ അടിത്തട്ടിൽ പ്രവർത്തിച്ചിരുന്നവർക്ക് ഈ മാറ്റങ്ങൾ അനുഭവപ്പെട്ടെങ്കിലും കാരണങ്ങൾ ബോദ്ധ്യപ്പെട്ടിരുന്നില്ല.


രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ശൈലിയിൽനിന്ന് വ്യത്യസ്തമായി ശാസ്ത്രസാഹിത്യപരിഷത് ചിന്തയിൽ പൂർണ്ണസ്വതന്ത്രവും പ്രവർത്തനമണ്ഡലം വളരെ ഇടുങ്ങിയതുമായിരുന്നു. (പ്രത്യേകരീതിയിൽ മാത്രം) ബുദ്ധിപരമായ ചർച്ചകളും പഠനങ്ങളും സുരക്ഷിതമായ പ്രവർത്തനങ്ങളും നല്ല സൗഹൃദങ്ങളും പരിഷത്തിൽ അനുഭവിച്ചിരുന്നു. വളരെ പരിമിതമായ കുടുംബ/സമുദായ/സമൂഹത്തിനെ അപേക്ഷിച്ച് ഇതു വളരെ വിശാലമായിരുന്നു. താത്ത്വികമായിട്ടല്ലാതെ ശാരീരികമായി മർദ്ദനം, സമരം, കേസ്, അറസ്റ്റ് ഇതൊന്നും ഏറെ ആവശ്യമില്ല. മറ്റൊന്ന് പാർട്ടിയിൽനിന്ന് വ്യത്യസ്തമായ പ്രവർത്തനവും ചിന്താഗതിയും മത സമുദായിക ശക്തികളേപ്പോലെയോ അതിനേക്കാൾ ശക്തമായോ സി.പി.എം എതിർപ്പിനെ നേരിടേണ്ടിവന്നു. കലയിലും സാഹിത്യത്തിലും രാഷ്ട്രീയത്തിലും പാർട്ടിചട്ടക്കൂടിനു വെളിയിൽ വളരാനും സി.പി.എമ്മിനെ പ്രതിരോധിക്കാനും ഊർജ്ജം ചെലവഴിക്കേണ്ടിവന്നു. പരിഷത്തിൽ ആ പ്രശ്നം ഉണ്ടായിരുന്നില്ല. 1980കളുടെ അവസാനമായപ്പോഴേക്കും സ്വന്തം അഭിപ്രായങ്ങൾ പറയുകയും ചിന്തിക്കുകയും ചെയ്യുന്ന സ്ത്രീകളെ ഫെമിനിസ്റ്റുകൾ എന്നു മുദ്രകുത്തിയിരുന്നു. ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രം പഠിച്ച് സംഘടിച്ചവരല്ല, പ്രതികരിക്കുന്ന സ്ത്രീകളാണ് ഫെമിനിസ്റ്റുകളായി അറിയപ്പെട്ടുതുടങ്ങിയത്. അതുകൊണ്ട് വലിയൊരുവിഭാഗം സ്ത്രീകളും ഞാനൊരു ഫെമിനിസ്റ്റല്ല എന്ന് മുൻകൂർ ജാമ്യമെടുത്തിരുന്നു. അതേസമയം കേരളത്തിന്റെ വിവിധഭാഗങ്ങളിൽ മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായ ഒരുപാട് പ്രവർത്തനങ്ങൾ നടന്നിരുന്നു. 1989ൽ എറണാകുളത്ത് ചാവറ കൾച്ചറൽ സെന്ററിൽ സ്ത്രീപക്ഷ എഴുത്തിനെക്കുറിച്ച് ഒരു സാഹിത്യ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കെ.എൽ. മോഹനവർമ്മയും വി.എം. ഗിരിജയും സുജാ തടീച്ചറുമടക്കം നിരവധിപേർ പങ്കെടുത്തു. മോഹനവർമ്മയുടെ പല അഭിപ്രായങ്ങളേയും വളരെ നിശിതമായി തുറന്നവേദിയിൽ അന്ന് വിമർശിക്കുകയുണ്ടായി. അതായത് ശാസ്ത്രസാഹിത്യപരിഷത്തിന്റെ വനിതാകലാജാഥയുടെ ക്യാമ്പിന്റേതിൽനിന്ന് വളരെ വേറിട്ടതായിരുന്നു ഈ ചർച്ചകളും അതിന്റെ ശൈലിയും. കുടമാളൂരിലെ സ്ത്രീപഠനകേന്ദ്രവും വനിതാ ലൈബ്രറിയും അതിന്റെ നേതൃത്വത്തിൽ നടന്ന സെമിനാറുകളും അതുവരെ കേട്ടുശീലിച്ചതിൽനിന്ന് വ്യത്യസ്തമായിരുന്നു. കൂത്താട്ടുകുളത്തെ നാടകക്യാമ്പ് ആ രംഗത്ത് ധാരാളം ചോദ്യങ്ങളുയർത്തി. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലുള്ള 'എക്സർസൈസ്' ആവശ്യമാണോ? പുരുഷ ഡയരക്ടർമാർ നിർദ്ദേശിക്കുന്നതിൽനിന്ന് വ്യത്യസ്തമായി ചിരിയും കരച്ചിലുമൊക്കെ അതിന്റെ സ്വാഭാവികതയിൽ എങ്ങനെ അവതരിപ്പിക്കാം. ഒരുപാട് ചോദ്യങ്ങളും അന്വേഷണങ്ങളും ഉണ്ടായി. ഇന്ന് നാടകരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകളേയും ആ നാടകക്യാമ്പ് സ്വാധീനിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്.

---

സഃപി.ജി.യുടെ മകൾ
"ഞാനൊരു കമ്മ്യൂണിസ്റ്റാണ്.
അതുപോലെ ഒരു
ഫെമിനിസ്റ്റുമാണ്"
എന്നും പറഞ്ഞതും
ഇടതുപക്ഷത്തിനിടയിൽ
പരസ്യവും രഹസ്യവുമായ
ഒരുപാട് ചർച്ചകൾ ഉണ്ടാക്കി

---

എറണാകുളത്ത് പുത്രകാമേഷ്ടി യാഗത്തിനെതിരെ നടത്തിയ പ്രതിഷേധം സ്ത്രീയുടെ ജനിക്കാനും അധികാരം കയ്യാളാനുമുള്ള അവകാശവുമായി ബന്ധപ്പെട്ട ധാരാളം ചർച്ചകൾക്ക് വഴിയൊരുക്കി. പുരോഗമനകലാസാഹിത്യസംഘം പെരുമ്പാവൂർ സമ്മേളനത്തിൽ സ്ത്രീപ്രശ്നങ്ങൾ വേണ്ടത്ര ഉൾച്ചേർത്തില്ലെന്ന വിമർശനം ഉണ്ടായതിനെത്തുടർന്ന് അങ്കമാലിയിൽ ഒരു വനിതാ ക്യാമ്പ് സംഘടിപ്പിച്ചു. ആ ക്യാമ്പിൽ എം.എൻ. വിജയൻ, കെ.ഇ.എൻ., കടമ്മനിട്ട തുടങ്ങിയ പ്രശസ്തരായവരെ സ്ത്രീകൾ സ്റ്റേജിൽ തുറന്നു വിമർശിക്കുകയുണ്ടായി. ആ ക്യാമ്പിൽ സഃപി.ജി.യുടെ മകൾ (വ്യക്തിക്കു പ്രാധാന്യമില്ല) ‘‘ഞാനൊരു കമ്മ്യൂണിസ്റ്റാണ്. അതുപോലെ ഒരു ഫെമിനിസ്റ്റുമാണ്" എന്നും പറഞ്ഞതും ഇടതുപക്ഷത്തിനിടയിൽ പരസ്യവും രഹസ്യവുമായ ഒരുപാട് ചർച്ചകൾ ഉണ്ടാക്കി. കാസർകോട് ഒരു സ്ത്രീയെ ബലാൽസംഗം ചെയ്ത കേസുമായി ബന്ധപ്പെട്ട് അടുക്കള ബഹിഷ്കരിച്ചു നടത്തിയ സമരത്തെ തുടർന്ന് അടുക്കളജോലി തൊഴിലാണോ? (സ്ത്രീകളുടെ തൊഴിൽ, കടമ.....) പലതിനെക്കുറിച്ചും സംവാദങ്ങളും ചർച്ചകളും നടന്നു. രാഷ്ട്രീയ സംവാദങ്ങൾ മാത്രമല്ല, കല, സാഹിത്യം, സിനിമ......സ്ത്രീപക്ഷചിന്തയുടെ ഇടപെടലുകൾ ഉണ്ടായി. രാജലക്ഷ്മിയുടേയും സരസ്വതിയമ്മയുടേയും മാത്രമല്ല, ആശാന്റെ ചിന്താവിഷ്ടയായ സീതയും ഇന്ദുലേഖയുമടക്കം പുനർവായനയ്ക്കു വിധേയമാക്കി. മാധവിക്കുട്ടിയുടെ പുസ്തകങ്ങൾ പെൺകുട്ടികൾക്ക് മറച്ചുപിടിക്കാതെ വായിക്കാൻ അനുവാദം കിട്ടിത്തുടങ്ങി. കെ.ജി. ജോർജ്ജിന്റെ ആദാമിന്റെ വാരിയെല്ല് പോലുള്ള സിനിമകൾ നിർമ്മിക്കുകമാത്രമല്ല, സ്ത്രീകൾ അത്തരം സിനിമയുമായി ബന്ധപ്പെട്ട് സ്വന്തം ജീവിതത്തെ വിലയിരുത്താൻ ശ്രമിച്ചുതുടങ്ങി. കേരളത്തിൽ സ്ത്രീകളെ സ്വാധീനിക്കുന്ന അറിയുന്നതും അറിയപ്പെടാത്തതുമായ ധാരാളം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇത്തരത്തിൽ ചരിത്രം എവിടെയെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടോയെന്നറിയില്ല. സമീപകാല ചരിത്രം കുറച്ചെങ്കിലും ദേവിക എഴുതിയതിന്റെ പ്രാധാന്യം അതുതന്നെയാണെന്നു തോന്നുന്നു. സംഭവിച്ച കാര്യങ്ങളുടെ അടയാളപ്പെടുത്തൽ. ഇതിന്റെ ഒരു പരിമിതിയായിത്തോ




ന്നുന്നത് ഔദ്യോഗികമായി പഠിക്കാൻ ശ്രമിക്കുമ്പോൾ പലപ്പോഴും എൻ.ജി.ഒ. എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകളും ഡോക്യുമെന്ററികളും ഔപചാരികമായി നടത്തിയ സർവ്വേറിപ്പോർട്ടുകളും (ചിലർക്ക് വ്യക്തിപരമായ ചില അനുഭവങ്ങളും) ആണ് രേഖപ്പെടുത്താനായി ഉപയോഗിക്കുന്നത്. എന്നാൽ ഇങ്ങനെയല്ലാത്ത ഒരുപാട് പ്രവർത്തനങ്ങളും ചർച്ചകളും സ്വാധീനവും പുതിയ ആശയങ്ങളും അടിത്തട്ടിൽ നടക്കുന്നുണ്ട്. കോഴിക്കോട് 'മാനുഷി' മാനവിയുമായി പിരിഞ്ഞ സമയത്ത് ആ സംഘടനയ്ക്കകത്തു നടന്നതിലധികം ചർച്ചകൾ സ്ത്രീപ്രവർത്തകർക്കിടയിൽ നടക്കുകയുണ്ടായി. ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ പുരുഷന്മാർ നയിക്കുന്ന പൊതുവായ സമരങ്ങളിൽ പങ്കെടുക്കണമോ? ഇത്തരം വിഷയങ്ങളിൽ വ്യക്തി എന്ന നിലയിൽ പങ്കുകൊണ്ടാൽമതിയെന്നും സ്ത്രീകളുടെ സവിശേഷപ്രശ്നങ്ങളിൽമാത്രം പ്രസ്ഥാനം എന്ന നിലയിൽ പങ്കെടുത്താൽ മതിയെന്നും ഒരുവിഭാഗം പറഞ്ഞപ്പോൾ ഏതുപ്രശ്നത്തിലും സ്ത്രീകൾ ഇടപെടുകയും അഭിപ്രായം പറയുകയും വേണമെന്ന് എതിരഭിപ്രായവുമുണ്ടായി. മാത്രമല്ല, ഇന്നത്തേതുപോലെ എസ്.എം.എസ്. ഉം രണ്ട് ഫ്ളക്സ്ബോർഡുമല്ല സ്ത്രീപ്രവർത്തനത്തിന്റെ ശൈലി. ഒരു വിഷയം സ്റ്റേജിൽ ചർച്ചയാകുന്നതിലധികം അത് നടത്താനായി ആളുകൾക്കിടയിൽ പണം പിരിക്കുമ്പോഴും നോട്ടീസടിക്കുമ്പോഴും അത് നൽകുമ്പോഴും പോസ്റ്റർ ഒട്ടിക്കുമ്പോഴും ബാനർ കെട്ടുമ്പോഴും എതിർപ്പിനും വിമർശനത്തിനും ചർച്ചകൾക്കും പുതിയ ബന്ധങ്ങൾക്കും ആശയപ്രചരണത്തിനും സാദ്ധ്യമാകാറുണ്ട്. ഒരുപക്ഷേ, ഇത്തരത്തിൽ താഴേതട്ടിൽ നടത്തിവന്ന ധാരാളം പ്രവർത്തനങ്ങളും സംവാദങ്ങളും അവയുടെ സ്വാംശീകരണവും അവയുണ്ടാക്കിയ ഭയവുമാകാം ദേവിക പറഞ്ഞതുപോലെ സർക്കാർവൽക്കരണത്തിനും മുഖ്യധാരാലിംഗപദവിചർച്ചകൾക്കും സ്ത്രീശാക്തീകരണ ചർച്ചകൾക്കും മതസമുദായ സംഘടനകളുടെ വനിതാവിഭാഗം രൂപീകരണത്തിനു



മൊക്കെ നിർബന്ധിതമാക്കിയത്. കുടുംബശ്രീയുടെ രൂപീകരണവും ആദ്യം മൂന്നിലൊന്നും പിന്നെ പകുതിയും സീറ്റുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ റിസർവേഷനും 10% പദ്ധതിവിഹിതവും പിന്നെ ജന്റർ ബഡ്ജറ്റ്, ജന്റർ ഓഡിറ്റ് ഇങ്ങനെ പലതും പ്രഖ്യാപിച്ച് നിയന്ത്രണത്തിലാക്കാൻ നിർബന്ധിതമാക്കിയതും ഇത് സ്ത്രീപ്രസ്ഥാനങ്ങളെ എങ്ങനെ ബാധിച്ചു എന്ന് തീർച്ചയായും പരിശോധിക്കേണ്ടതാണ്. ചില പ്രവർത്തനങ്ങൾ ചൂണ്ടിക്കാണിച്ചത് ദേവിക എഴുതിയതുപോലെ രാഷ്ട്രീയഫെമിനിസം വികസനവാദഫെമിനിസം എന്ന് രണ്ടുധാര ഉണ്ടാവുകയും വികസനവാദം ശക്തിപ്രാപിച്ച് ഔദ്യോഗിക ഫെമിനിസമായി രാഷ്ട്രീയഫെമിനിസത്തെ വിഴുങ്ങുകയോ (വഴങ്ങുകയോ) ചെയ്തെന്ന യാന്ത്രികവും ലളിതവുമായ ഒരു സമവാക്യമല്ലെന്നാണ് എനിക്കു തോന്നുന്നത്. ഒരു ലേഖനത്തിൽ വ്യക്തിയുടെ ബുദ്ധിപരമായ ഇടപെടലിന്റെ യുക്തിയല്ല, ജൈവമായ സമൂഹത്തിലെ ഇടപെടൽ. മാത്രമല്ല, ആരാണ് ഔദ്യോഗിക ഫെമിനിസ്റ്റുകൾ? ദേവികയെപ്പോലെ മാധ്യമങ്ങളിൽ സ്ത്രീപക്ഷത്തിനുവേണ്ടി വാദിക്കുന്നവരെയാണ് ഔദ്യോഗിക ഫെമിനിസ്റ്റുകളായി അല്ലെങ്കിൽ ഫെമിനിസത്തിന്റെ ഔദ്യോഗികവക്താവായി കാണുന്നത്. കേരളത്തിൽ സ്ത്രീവാദപ്രത്യയശാസ്ത്രം പഠിച്ച് അതിനെ ഔദ്യോഗികമായി അംഗീകരിക്കുന്ന ഫെമിനിസ്റ്റ് സംഘടനകൾ ഉണ്ടാവുകയും അതിനെ തകർക്കുകയുമായിരുന്നില്ല. സ്ത്രീകൾ അനുഭവിച്ചിരുന്ന പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കുന്ന കൂട്ടായ്മകൾ ഉണ്ടാവുകയും അതിൽ ഫെമിനിസ്റ്റ് രാഷ്ട്രീയ ആശയങ്ങൾ വളരുകയുമായിരുന്നു. അവരവരുടെ ബോധത്തിൽ, ലിംഗവിവേചനത്തെ ചോദ്യംചെയ്യുന്ന ധാരാളം പ്രവർത്തകരാണുണ്ടായത്. ഇന്നു ചിന്തിക്കുന്നതുപോലെ ഒരു പൂർണ്ണ ഫെമിനിസ്റ്റ് പ്രസ്ഥാനം ഉണ്ടാവുക സാദ്ധ്യമല്ലായിരുന്നു. എന്റെ ഈ നിലപാട് വ്യക്തമാക്കാനാണ് ദേവിക എഴുതിയ ഓരോ വാചകവും പരിശോധിക്കണമെന്ന് തുടക്കത്തിൽ പറഞ്ഞത്.

ദേവിക ഊന്നുന്ന പരിഷത് പോലുള്ള സംഘടനകൾ -ലിംഗപദവി ചർച്ചയ്ക്കു കൊണ്ടുവരുന്നവർ- ഫെമിനിസ്റ്റുകളാണെന്ന് അവർ അവകാശപ്പെടുന്നില്ല. ജാതി മത ആചാരങ്ങൾക്കകത്ത് നിൽക്കുന്നവരും വിദേശഫണ്ട് വാങ്ങി ഒരു പ്രത്യേക പദ്ധതി നടപ്പാക്കുന്ന സംഘങ്ങളും എത്രമാത്രം ഫെമിനിസ്റ്റുകളായിരിക്കും? തങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കുന്ന/പഠിക്കുന്ന/ചിന്തിക്കുന്ന/ പറയുന്ന സ്ത്രീകളുടെ കൂട്ടായ്മകളാണ്.




> ദളിത് സംഘടനയിലെ
> പുരുഷന്മാർ
> ആ വിഭാഗത്തിലെ
> സ്ത്രീകൾ
> ഫെമിനിസ്റ്റ് ഗ്രൂപ്പിൽ
> പോകുന്നത്
> അനുവദിക്കുന്നില്ലെന്ന്
> പല സ്ത്രീകളും
> രഹസ്യമായി പറഞ്ഞിട്ടുണ്ട്

മാനുഷി, മോചന, വിമോചന.... പോലെ ആദ്യകാലത്ത് തുടങ്ങിയ സംഘടനകൾ ശക്തമല്ലാതാവുകയും കേരളത്തിൽ ആദ്യം ചൂണ്ടിക്കാണിച്ചതുപോലുള്ള ധാരാളം പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുമ്പോഴാണ് ബീജിംഗ് സമ്മേളനവും തുടർന്ന് സ്ത്രീവേദിയുടെ രൂപീകരണവും. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ഒരു പൊതുവേദി ഉണ്ടാവുക എന്നത് ആവേശകരമായിരുന്നു. അതിനുമുമ്പ് ഗൗരിയമ്മയെ സി.പി.എമ്മിൽനിന്ന് പുറത്താക്കിയപ്പോൾ ഒരു വിശാലവേദി ഉണ്ടാക്കാൻ ശ്രമിച്ചിരുന്നു. (ജെ.എസ്.എസിന്റെ രൂപീകരണം) അതൊരു സ്ത്രീപക്ഷ സംഘടനയാകില്ലെന്ന് ആദ്യയോഗത്തിൽതന്നെ ബോദ്ധ്യപ്പെട്ടു. സമൂഹത്തിൽ വിവിധമേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളുടേയും സ്ത്രീസംഘടനകളുടേയും ഒരു പൊതുഗൈഡ്ലൈനിന്റെ അടിസ്ഥാനത്തിലുള്ള കൂട്ടായ്മയാണ്. പലതരം ഇൻസ്റ്റിറ്റ്യൂഷനേയും ചോദ്യം ചെയ്യുന്ന ഒരു പ്രസ്ഥാനമായി നിൽക്കുക അസാദ്ധ്യമാണ്. സ്ത്രീകൾ ഐക്യപ്പെടുക എന്ന ഒറ്റ രാഷ്ട്രീയപ്രസക്തിയേ അതിന് തോന്നിയിട്ടുള്ളു. അത് ഏറ്റവും ആവശ്യമായും തോന്നിയിരുന്നു. ഫെമിനിസ്റ്റ് രാഷ്ട്രീയം ബോദ്ധ്യപ്പെട്ട ചെറിയ പ്രാദേശിക ഗ്രൂപ്പുകൾക്ക് ഏറ്റെടുക്കാൻ കഴിയുന്നതിലധികമായിരുന്നു സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങളും ഏറ്റെടുക്കേണ്ടിവന്ന പ്രശ്നങ്ങളും കേസുകളും. ആ സാഹചര്യത്തിൽ കുറച്ചെങ്കിലും നീതി ലഭിക്കാനും ലഭിക്കുമെന്ന് പ്രതീക്ഷിക്കാനും സ്ത്രീവേദിയുടെ സാന്നിദ്ധ്യം വളരെ വലുതായിരുന്നു. മറ്റൊന്ന് സ്ത്രീവേദിയിൽ പ്രവർത്തിച്ചിരുന്ന ഒരാൾ എന്ന നിലയിൽ അതിലെ ബഹുസ്വരത എല്ലാകാലത്തും നിലനിൽക്കുന്നു എന്നാണ് എനിക്കു തോന്നിയത്. സംഘടനയുടെ വളർച്ചയ്ക്കും വീഴ്ചയ്ക്കും അതു സഹായകമായി. കൂട്ടായ്മ ഓരോ വ്യക്തിക്കും സംഘടനയ്ക്കുമനുസരിച്ചാണ് പ്രവർത്തിച്ചിരുന്നത്. തിരുവനന്തപുരത്തെ ശൈലിയോ രീതിയോ ബന്ധങ്ങളോ ആയിരുന്നില്ല എറണാകുളത്ത്. അതുപോലെ തൃശൂരും വയനാടും കോഴിക്കോടും കണ്ണൂരും കാസർഗോഡും തനത് അഭിപ്രായങ്ങളും ശൈലിയും ഉണ്ടായിരുന്നു. സ്ത്രീവേദിക്ക് അതിന്റെ പങ്ക് ആരംഭത്തിൽ വിചാരിച്ചതുപോലെ തുടരാൻ കഴിയാത്തതിന്റെ പ്രാധാന കാരണം സാമ്പത്തിക പരാധീനതയാണ്. സാമ്പത്തികമില്ലാത്ത സംഘടനയുടെ സംഘാടനത്തിന്റെ അദ്ധ്വാനം. മാത്രമല്ല, സ്ത്രീവേദിയുടെ പ്രവർത്തകർ പ്രാദേശികമായ മറ്റു നിരവധി വിഷയങ്ങളിൽ സജീവമാണ്.

എൺപതുകളിൽ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളും പ്രവർത്തകരും റബൽ ആയിട്ടാണ് കണ്ടിരുന്നത്. അതായത് കുടുംബത്തെയും സമുദായത്തെയും ഭരണകൂടത്തെയും അതിന്റെ നിയമസംവിധാനങ്ങളെപ്പോലും ചോദ്യം ചെയ്യുന്നവർ. ഇവർ പുരുഷവിരോധികളും ഫ്രീസെക്സിന്റെ ആളുകളുമായിട്ടാണ് ചിത്രീകരിച്ചിരുന്നത്. അതുകൊണ്ട് ഫെമിനിസ്റ്റുകൾക്ക് തങ്ങൾക്കുചുറ്റും താമസിക്കുന്ന മദ്ധ്യവർഗ്ഗസാധാരണ സ്ത്രീകളുമായി സംവദിക്കാനുള്ള സാദ്ധ്യതയും അവരുടെ അംഗീകാരവും ഇല്ലായിരുന്നു. പലപ്പോഴും സ്ത്രീകൾ പോലീസ് സ്റ്റേഷനിൽ പോകുന്നതിന് പകരമോ അവിടേയും ഉപേക്ഷിക്കപ്പെടുമ്പോഴോ ആണ് ഫെമിനിസ്റ്റുകളെ സമീപിച്ചിരുന്നത്. ആദ്യകാലങ്ങളിൽ പ്രവർത്തകരുടെ ഇടപെടൽ ചില്ലറ നീതിലഭിക്കാൻ സഹായകമായെങ്കിലും അതിന്റെ സാദ്ധ്യതകൾ കുറഞ്ഞുവന്നു. ഈ രണ്ടു സാഹചര്യങ്ങളെ മറികടക്കാനാണ് പ്രാദേശിക ഭരണകൂടവും പോലീസുമൊക്കെയായി കൈകോർക്കാൻ സ്ത്രീപ്രവർത്തകർ തയ്യാറായതെന്നു തോന്നുന്നു. അതിലൊന്ന് സ്ത്രീവാദത്തിന്റെ ആശയങ്ങൾ പങ്കുവെക്കാനുള്ള വേദികൾ കണ്ടെത്തലായിരുന്നു. മുഖ്യധാരാരാഷ്ട്രീയപ്പാർട്ടികളെപ്പോലെ പ്രാദേശിക രാഷ്ട്രീയവുമായി കൂട്ടുകൂടി അധികപണം സമ്പാദിക്കുകയോ അനർഹമായ സ്ഥാനമാനങ്ങൾ നേടുകയോ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ഇത്തരം വേദികളിൽ പ്രത്യേകിച്ച് മത/സമുദായ സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് സ്ത്രീവേദിയിൽതന്നെ ചർച്ചനടന്നിട്ടുണ്ടെന്നാണ് ഓർമ്മ. കുടുംബശ്രീയും ജനകീയാസൂത്രണ പദ്ധതിയുമൊക്കെ രൂപംകൊണ്ടപ്പോൾ അരാഷ്ട്രീയ സർക്കാർവൽകൃതവേദികൾ കുറച്ചെങ്കിലും രാഷ്ട്രീയവൽക്കരിക്കാൻ കഴിയുമോ എന്ന (വ്യാ)മോഹവും ഉണ്ടായിരുന്നു.

എറണാകുളത്തുവെച്ച് നടന്ന സൗന്ദര്യമത്സരത്തിനെതിരെ പ്രതികരിച്ചപ്പോൾ മതസംഘടനകളുടെ സ്ത്രീകളിൽനിന്ന് വേറിട്ടാണ് സ്ത്രീസംഘടനകൾ പ്രതികരിച്ചത്. ഇത് പത്രക്കാരുടെ പരിഹാസത്തിനു കാരണമായി. സ്ത്രീകളുടെ ഐക്യമില്ലായ്മയായിട്ടാണവരതിനെ വ്യാഖ്യാനിച്ചത്. എന്നാൽ മതസംഘടനകളുടെ പ്രതിഷേധവും സ്ത്രീസംഘടനകളുടെ പ്രതിഷേധവും രാഷ്ട്രീയപരമായി വ്യത്യസ്തമാണെന്നതു ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചെങ്കിലും അവർക്കത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അതുപോലെ മാദ്ധ്യമം വിശേഷാൽപ്രതി സ്ത്രീപ്രശ്നങ്ങൾ ഉൾക്കൊള്ളിച്ച് ഇറക്കിയപ്പോൾ അതിൽ വന്ന എല്ലാ സ്ത്രീപക്ഷ ലേഖനങ്ങളേയും ശൂന്യമാക്കുന്നതായിരുന്നു അതിന്റെ എഡിറ്റോറിയൽ. ഈ വിമർശനം ഉന്നയിക്കുകയും കുറിപ്പ് തയ്യാറാക്കി അയയ്ക്കുകയും ചെയ്തെങ്കിലും പ്രസിദ്ധീകരിച്ചില്ല. മാധ്യമങ്ങളുടെ പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങളുടെ അരാഷ്ട്രീയ നിലപാട് പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. സംഭവങ്ങളേക്കാൾ റിപ്പോർട്ടിംഗിന് പ്രാധാന്യമുള്ള ഈ കാലത്ത്



ആർഭാടവും വിവാദവും വ്യക്തിപ്രഭാവവുമാണ് ഗൗരവമേറിയ വിഷയങ്ങളേക്കാൾ പ്രാധാന്യം. മാധ്യമശ്രദ്ധയ്ക്ക് എന്തുചെയ്യണമെന്നത് സംഘാടകരുടെ ഒരു അജണ്ടയാണിപ്പോൾ. യാഥാർത്ഥ്യത്തേക്കാൾ അഭിപ്രായങ്ങൾ രൂപപ്പെടുത്തുന്നത് ഈ മാദ്ധ്യമങ്ങളാണ്.

ദേവിക ഉന്നയിച്ച മറ്റൊരു പ്രധാനവിഷയം സെക്സ്‌വർക്കേഴ്സ്, യംഗ്ഫെമിനിസ്റ്റുകൾ, ആദിവാസി/ദളിത്, മതന്യൂനപക്ഷങ്ങൾ തുടങ്ങിയവരുമായി ഫെമിനിസ്റ്റുകൾക്കു വേണ്ടത്ര കണ്ണിചേരാനാകുന്നില്ല എന്നതാണ്. ഇതിൽ ഒരു വാസ്തവമുണ്ട്. ഇതിൽ ഒരു പ്രധാനപ്രശ്നമായി എനിക്കു തോന്നിയിട്ടുള്ളത് ഈ വിഭാഗത്തിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന പുരുഷനാണ് ഇവരുമായി ഇടപെടുന്നതിന്റെ സാദ്ധ്യതയെ നഷ്ടപ്പെടുത്തുന്നത്. സി.പി.എം. പോലുള്ള രാഷ്ട്രീയ പാർട്ടികളുടേയോ കാന്തപുരത്തിനെപ്പോലുള്ള മതനേതാക്കളുടേയോ അഭിപ്രായങ്ങൾ പ്രത്യക്ഷമാണ്. നമുക്ക് അനുകൂലിക്കുകയോ എതിർക്കുകയോ ചെയ്യാം. എന്നാൽ ചിലപ്പോൾ പുരുഷൻ ഒളിഞ്ഞിരുന്ന് സ്ത്രീകളിലൂടെ അവരുടെ അജണ്ട നടപ്പിലാക്കുന്നു. ദളിത് സംഘടനയിലെ പുരുഷന്മാർ ആ വിഭാഗത്തിലെ സ്ത്രീകൾ ഫെമിനിസ്റ്റ് ഗ്രൂപ്പിൽ പോകുന്നത് അനുവദിക്കുന്നില്ലെന്ന് പല സ്ത്രീകളും രഹസ്യമായി പറഞ്ഞിട്ടുണ്ട്. ജാതിയും ലിംഗപദവിയും തമ്മിലുള്ള ബന്ധം ബോദ്ധ്യപ്പെടുത്താൻ സ്ത്രീപ്രവർത്തകർക്കറിയില്ല. ഇതുതന്നെയാണ് സെക്സ് വർക്കേഴ്സിന്റെ പ്രശ്നവും. സ്ത്രീകൾ എന്ന നിലയിൽ ഒന്നിച്ച് പ്രവർത്തിക്കുകയും പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുന്നുണ്ട്. സദാചാരപ്രശ്നമായിട്ടല്ല, പലവിധ ചൂഷണവിധേയരാകുന്നു എന്നതുകൊണ്ടാണ് സെക്സ് വർക്കിനെ" എതിർക്കുന്നത് എന്നവർക്കറിയാം. അവർ അതിന്റെ ഇരകളാണല്ലോ. ഇവർ പുരുഷന്മാരുടെ ഇംഗിതങ്ങളുടെ വക്താക്കളായി വരുമ്പോഴാണ് സംവാദം സാദ്ധ്യമല്ലാതാകുന്നത്. യംഗ്ഫെമിനിസ്റ്റുകളുടെ പ്രശ്നവും ഇതുപോലെ. കോളേജ് കുട്ടികളോടും പൊതുപ്രവർത്തകരായ പെൺകുട്ടികളോടും അവരുടെ കൂട്ടായ്മകളോടും സംവദിക്കാനും അവരിൽനിന്ന് പഠിക്കാനും അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്താനും സാദ്ധ്യമാണ്. എന്നാൽ പുരുഷഫെമിനിസ്റ്റുകളാൽ നയിക്കപ്പെടുന്ന പല പെൺകുട്ടികളോടും സംവദിക്കാൻ ബുദ്ധിമുട്ടു തോന്നാറുണ്ട്. ഇവർ പലപ്പോഴും സംവാദത്തെക്കാൾ മുൻധാരണയോടെയുള്ള പ്രഖ്യാപനങ്ങളാണു നടത്തുക. ഫെമിനിസ്റ്റുഗ്രൂപ്പുകളെന്നു പറയുന്ന പല സ്ത്രീസംഘടനകളുടേയും അജണ്ട തീരുമാനിക്കുന്നതും അവരെ നയിക്കുന്നതും പുരുഷന്മാരാണ്. ഈ സംഘടനകൾക്ക് ചില കാര്യങ്ങളിൽ ശക്തമായി ഇടപെടാൻ കഴിഞ്ഞേക്കാം. താത്ക്കാലിക പ്രാധാന്യം കിട്ടിയേക്കാം. പക്ഷേ, "ഉടമസ്ഥന്റെ പണിയായുധങ്ങൾ കൊണ്ട് ഉടമസ്ഥന്റെ വീട് തകർക്കപ്പെടില്ല."

> സമൂഹത്തിൽ വിവിധമേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളുടേയും സ്ത്രീസംഘടനകളുടേയും ഒരു പൊതുഗൈഡ് ലൈനിന്റെ അടിസ്ഥാനത്തിലുള്ള കൂട്ടായ്മയാണ്


പലസ്ത്രീകളും സ്ത്രീസംഘടനകളും സ്ത്രീകൾക്കു ജീവിച്ചിരിക്കാനും അവരുടെ ശരീരം ആക്രമിക്കപ്പെടാതിരിക്കാനും തൊഴിലിനും ഭക്ഷണത്തിനും കുടിവെള്ളത്തിനും കിടപ്പാടത്തിനുമൊക്കെയായി പൊരുതുമ്പോൾ സ്ത്രീകളുടെ പ്രശ്നങ്ങൾ സ്വവർഗ്ഗരതിയും സെക്സ് വർക്കും മാത്രമാണെന്ന് തോന്നിപ്പിക്കുന്ന വിധം സ്വദേശവിദേശ ഫണ്ടു വാങ്ങി പദ്ധതി നടപ്പിലാക്കുക എന്ന അജണ്ടയിലേക്ക് പോകുന്നുണ്ടോ? ഇന്നത്തെ സ്ത്രീയുടെ ലൈംഗികത സ്ത്രീയെ എല്ലാ മണ്ഡലങ്ങളിലും നിയന്ത്രിക്കുന്നു എന്ന് തിരിച്ചറിയുന്നു. എന്നാൽ പ്രശ്നങ്ങളെ സമഗ്രതയോടെ കാണുന്നതിനുപകരം വിഷയങ്ങളെ കംപാർട്ടുമെന്റുകളാക്കി രാഷ്ട്രീയ ഐക്യപ്പെടലിനെ തടസ്സപ്പെടുത്തുക എന്ന കെണിയിലേക്കു പോകുന്നുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

ഒരു പ്രസ്ഥാനത്തിനു വളരണമെങ്കിൽ അവിടെ നിലനിൽക്കുന്ന രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾകൂടി വിലയിരുത്തണമെന്നു തോന്നുന്നു. കേരളത്തിൽ സി.പി.എമ്മിനുള്ള സ്ഥാനം ഭരിക്കുന്ന പാർട്ടി എന്നതുമാത്രമല്ല, ഒരുപാട് സാംസ്കാരിക കേന്ദ്രങ്ങളുടേയും വായനശാലകളുടേയും അക്കാദമിക് കമ്മിറ്റികളുടേയും പോലീസുകാരടക്കം എല്ലാവിഭാഗം തൊഴിലാളി സംഘടനകളുടേയും തൊഴിലില്ലാത്തവരുടേയും അടക്കം നിരവധി ഔപചാരികവും അനൗപചാരികവുമായ സ്ഥാപനങ്ങളിലൂടെ കേരളത്തെ നിയന്ത്രിക്കുന്നു എന്നതാണ്. ഏതു മുന്നണി ഭരിച്ചാലും ഈ നിയന്ത്രണം അവരിൽ നിക്ഷിപ്തമാണ്. ഇതു പെട്ടെന്ന് ഒരു ദിവസം കിട്ടിയതല്ല. പഴയകാല പ്രവർത്തകർ ജീവനും ജീവിതവും കൊടുത്ത് നേടിയെടുത്തതാണ്. അതുകൊണ്ട് ഇവരുടെ രാഷ്ട്രീയ നിലപാടുകളും അഴിമതിയും ആർഭാടവും അറിവില്ലായ്മയും കേരളസമൂഹത്തെ ബാധിക്കുന്നു. ഇതിനെതിരെ ശക്തിപ്രാപിച്ചുവരുന്നത് മതസംഘടനകളാണ്. മതസംഘടനകളാകട്ടെ അതിന്റെ മൂല്യപ്രമാണങ്ങളൊക്കെ ഉപേക്ഷിച്ച് അധികാരത്തിന്റേയും ആർഭാടത്തിന്റേയും വ്യവഹാരകേന്ദ്രങ്ങളാകുന്നു. സ്ത്രീകളെ അടിച്ചമർത്തിക്കൊണ്ടുമാത്രമേ ഈ സംഘത്തിനു നിലനിൽക്കാനാകൂ.

ഈ സാമൂഹ്യസാഹചര്യത്തിലാണ് ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാവിപ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത് എന്നാണ് എനിക്കു തോന്നുന്നത്. ■

*NB: ഫെമിനിസ്റ്റ് ജ്ഞാനനിർമ്മാണത്തെക്കുറിച്ച് ദേവിക എന്താണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായില്ല. ദേവികയുടെ എഴുത്തിന്റെ ഭാഷ ലേഖനം വായിക്കാൻ താത്പര്യമുള്ള പലരേയും പിന്തിരിപ്പിക്കുന്നുണ്ട്.*


# മാധവിക്കുട്ടിയുടെ പെയിന്റിംഗ്സ്



*At The Retiring Room*




*Woman on The Cross*



(സമ്പൂർണ്ണ കൃതികളിൽനിന്ന്)

*Girl from The Orphanage*



# ചരിത്രം മാപ്പുനല്കില്ല!

കെ. അജിത


**കേരളത്തിന്റെ** രാഷ്ട്രീയരംഗം ഇളകിമറിയുകയാണ്. 2011ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ സ: വി.എസ്. അച്ച്യുതാനന്ദനെ മുഖ്യമന്ത്രിയാക്കാതിരിക്കാൻവേണ്ടി സെൽഫ് ഗോളടിച്ച് എൽ.ഡി.എഫിനെ തോൽപ്പിച്ച സി.പി.എം. നേതൃത്വം ഇപ്പോൾ മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്തവിധം രൂക്ഷമായ ജനകീയ പ്രതിഷേധത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. വി.എസ്സിന്റെ പൊതുജനസമ്മതി ഉപയോഗിച്ചുകൊണ്ട് തെരഞ്ഞെടുപ്പിൽ നാണക്കേടില്ലാത്ത 68ൽ എത്താൻ കഴിഞ്ഞതിനാലായിരിക്കാം അദ്ദേഹത്തെ പ്രതിപക്ഷനേതാവായി സി.പി.എം. നേതൃത്വത്തിന് അവരോധിക്കേണ്ടിവന്നത്. പിറവം തെരഞ്ഞെടുപ്പുകഴിഞ്ഞ് നെയ്യാറ്റിൻകരയാവുമ്പോഴേക്ക് യു.ഡി.എഫിലെ പടലപ്പിണക്കങ്ങളും അഞ്ചാം മന്ത്രിത്തർക്കവും കാരണം അധികം താമസിയാതെ നിയമസഭയിലെ ഭൂരിപക്ഷം നഷ്ടപ്പെട്ട് ഉമ്മൻചാണ്ടിമന്ത്രിസഭ താഴെ വീഴുമെന്ന പ്രതീതി ജനിപ്പിച്ചുകൊണ്ട് മുന്നേറുകയായിരുന്നു എൽ.ഡി.എഫ്.

ഇതിനിടെ കഴിഞ്ഞ ഒരുവർഷമായി അധികാരം കയ്യിൽ കിട്ടിയതോടെ അഹങ്കാരംകൊണ്ട് കണ്ണുമഞ്ഞളിച്ച മുസ്ലിംലീഗിലെ കുഞ്ഞാലിക്കുട്ടി വിഭാഗം കഴിഞ്ഞ വി.എസ്. സർക്കാർ നടപ്പിലാക്കിയ ചില ജനകീയ പരിപാടികൾ അട്ടിമറിച്ചുകൊണ്ടിരിക്കുന്നു. കേരള മഹിളാസമഖ്യ സൊസൈറ്റി കഴിഞ്ഞ മൂന്നുവർഷങ്ങൾക്കുള്ളിൽ കൗമാരക്കാരായ പെൺകുട്ടികൾക്കുവേണ്ടി നടപ്പിലാക്കിയ ഹെൽപ്ലൈൻ, നിലമ്പൂരിലെ സ്ത്രീധനവിരുദ്ധ പ്രവർത്തനങ്ങൾ, ആദിവാസികൾക്കിടയിലെ സൗജന്യ ഭക്ഷ്യവിതരണം തുടങ്ങിയ പരിപാടികൾ ഇത്തരത്തിൽ അട്ടിമറിക്കപ്പെട്ടു. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള തന്റേടം ജെൻഡർ പാർക്ക് പദ്ധതിയുടെ പേരിൽ സ്ത്രീശാക്തീകരണത്തിനുവേണ്ടി ഉപയോഗിക്കാൻ, വിവിധ സർക്കാർ വകുപ്പുകൾ മാറ്റിവെച്ച മൂന്നു കോടിയോളം രൂപ പത്തുദിവസങ്ങൾ നീണ്ടുനിന്ന 'ജെൻഡർ ഫെസ്റ്റ്' എന്ന മാമാങ്കത്തിന് ചെലവഴിച്ച് സ്ത്രീസമൂഹത്തോടുതന്നെ വലിയൊരു പാതകമാണ് സർക്കാർ ചെയ്തിരിക്കുന്നത്. സ്ത്രീകളുടെ പ്രശ്നങ്ങളേറ്റെടുത്ത് വർഷങ്ങളോളം പ്രവർത്തിക്കുന്ന സംഘടനകളെ നിർണ്ണായക നയതീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിൽനിന്ന് മാറ്റിനിർത്തി പദ്ധതിയുടെ അന്തസ്സത്തതന്നെ ചോർത്തിക്കളഞ്ഞ ഈ പരിപാടിയും നിയന്ത്രിച്ചത് മന്ത്രി മുനീറിനെ മുന്നിൽനിർത്തിക്കൊണ്ട് ലീഗിലെ കുഞ്ഞാലിക്കുട്ടിവിഭാഗമാണ്. മുസ്ലിംലീഗിന്റെ മറവിൽ എൻ.ഡി.എഫ്., എസ്.ഡി.പി.ഐ. തുടങ്ങിയ ഭീകര കക്ഷികൾക്ക് കോഴിക്കോട്ടും വയനാട്ടിലും മറ്റും സദാചാരപൊലീസ് ചമഞ്ഞ് അക്രമം ചെയ്യാൻ അന്തരീക്ഷമൊരുക്കുന്നതും ഈ വിഭാഗമാണ്.



"കൊല്ലാനേ കഴിയൂ, തോൽപ്പിക്കാനാവില്ല"

ഇപ്രകാരം യു.ഡി.എഫ്. ഭരണം അധഃപതിച്ചുകൊണ്ടിരുന്ന സാഹചര്യത്തിലാണ് കഴിഞ്ഞ മേയ് 4 ന് ഒഞ്ചിയത്തെ ജനകീയനായ കമ്യൂണിസ്റ്റ് നേതാവ് സ: ടി.പി. ചന്ദ്രശേഖരൻ അതിക്രൂരമായി കൊലചെയ്യപ്പെട്ടത്. സി.പി.എമ്മിന്റെ കോർപ്പറേറ്റ്വത്ക്കരണത്തിനും അധികാരത്തിനുവേണ്ടി എന്തുവിട്ടുവീഴ്ചയ്ക്കും തയ്യാറാവുന്ന അവസരവാദപ്രവണതകൾക്കുമെതിരായി കലാ



പക്കൊടി ഉയർത്തിക്കൊണ്ട് ഒഞ്ചിയത്തെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാരമ്പര്യം സംരക്ഷിക്കുകയെന്ന ദൗത്യം ചുമലിലേറ്റി പ്രവർത്തിക്കുന്നവരായിരുന്നു സ: ടി.പി.യും സഹപ്രവർത്തകരും. സി.പി.എമ്മിൽനിന്നു പുറത്തുവന്ന പലരും അധികാരത്തിന്റെ അപ്പകഷ്ണങ്ങൾ നുകരുന്ന ലഹരിയിൽപെട്ട് യു.ഡി.എഫിൽ ചേക്കേറുന്ന മുൻകാല അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ ടി.പി. വ്യത്യസ്തനായിരുന്നു. സി.പി.എമ്മിലെ തെറ്റായ പ്രവണതകൾക്കെതിരായ സമരങ്ങൾ ഒരു യഥാർത്ഥ ഇടതുപക്ഷ ബദലിലേക്കാണ് നയിക്കേണ്ടതെന്ന നിലപാടിൽത്തന്നെ ഉറച്ചുനിന്ന ടി.പി.യുടെ പ്രവർത്തനങ്ങൾ ഒഞ്ചിയത്തെ സി.പി.എമ്മിന്റെ അടിത്തറ തന്നെ തകർക്കുകയായിരുന്നു. ഇതിൽ വിറളിപൂണ്ട് ഒട്ടേറെ പ്രവർത്തകരെ പല സന്ദർഭങ്ങളിലായി മാരകമായി വെട്ടിപ്പരിക്കേല്പിച്ച പശ്ചാത്തലത്തിലാണ് ടി.പി.യുടെ ഭാര്യ സ: രമയുടെ വാക്കുകൾ മനസ്സിലാക്കപ്പെടേണ്ടത്. കണ്ണൂരിൽ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന സി.പി.എം- ആർ.എസ്.എസ്.- ബി.ജെ.പി. - ലീഗ് രാഷ്ട്രീയ കൊലപാതകങ്ങളിലൂടെ, അങ്ങേയറ്റം ഫാസിസ്റ്റ്‌വൽക്കരിക്കപ്പെട്ട ഒരു സംസ്കാരം ഈ പാർട്ടി നേതൃത്വങ്ങളെ സംബന്ധിച്ചിടത്തോളം പുത്തരിയല്ല. ഇത്തരത്തിൽ തഴക്കവും പഴക്കവും വന്ന സി.പി.എം. നേതൃത്വമാണ് ടി.പി.യുടെ കൊലപാതകത്തിനും കാരണക്കാരെന്ന് രാഷ്ട്രീയമായ സാഹചര്യത്തെളിവുകൾ ചൂണ്ടിക്കാട്ടുന്നു. ശാരീരിക അക്രമങ്ങളെ ആശയപരമായും രാഷ്ട്രീയമായും നേരിടുകയാണ് ശരിയായ വഴിയെന്ന്, അല്ലാതെ ശാരീരികമായി തിരിച്ചടിക്കുകയല്ല വേണ്ടതെന്ന് സ: ടി.പി.യും സഹപ്രവർത്തകരും എടുത്ത നിലപാടുകൊണ്ടുതന്നെ മറ്റു രാഷ്ട്രീയ കൊലപാതകങ്ങളെപ്പോലെ ഇതും ഒന്നുമല്ലാതാകുമെന്നുള്ള നേതൃത്വത്തിന്റെ കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ടാണ് ഇപ്പോൾ ജനരോഷം ആളിക്കത്തുന്നത്. ഈ ജനരോഷത്തോടൊപ്പമാണ് സ: വി.എസ്. അച്യുതാനന്ദനും നിൽക്കുന്നത് എന്നതാണ് ജനകീയശക്തികൾക്ക് ഏറെ ആത്മവിശ്വാസം നല്കുന്നു. യു.ഡി.എഫും മറ്റും ഈ സാഹചര്യം മുതലെടുക്കുമെന്നത് സ്വാഭാവികം മാത്രം. തീർച്ചയായും ടി.പി.യുടെ കൊലപാതകികൾ ചരിത്രത്തോട്, ജനങ്ങളോട് മറുപടി പറയേണ്ടിവരും. ഒരിക്കലും മാപ്പർഹിക്കാത്ത ഒരു പാതകമാണിവിടെ നടന്നത്. സി.പി.എമ്മിന്റെ ചരിത്രം പോലും ഇതു മാറ്റിക്കുറിച്ചേക്കാം.■

## കവിതയ്ക്കൊരു മറുപടി


**സ്മിത സി.ആർ.**



മോനേ സിറിലേ ഇതു ടെസ്സയാ.........
എനിക്കു ഇവിടെ പരമസുഖാ,
ലോകത്തിന്റെ ഏതു കോണും എനിക്കിനി കാനഡയാ സിറിലേ
ഫേസ്ബുക്ക് വഴി അഞ്ചു കുടുംബങ്ങൾ തകർത്തെന്നു പറഞ്ഞ്
നീ വീരവാദം മുഴക്കുന്നതു കേട്ടല്ലോ
ഭർത്താവ് തൂങ്ങിയതോടെ ആ ലേഡി ഡോക്ടർ രക്ഷപ്പെട്ടുകാണും
സ്വന്തം കടയ്ക്ക് കോടാലി വച്ചിരിക്കുന്നതോർത്താണല്ലോ നീ സന്തോഷിക്കുന്നത്.
സ്വന്തം വർഗനാശത്തിനും നീ ഫേസ്ബുക്ക് ഉപയോഗിച്ചു തുടങ്ങിയല്ലോ
കൊള്ളാം ഈ പുരോ(രു)ഗതി
പിന്നെ നിന്റെ യന്ത്രം ഞാൻ ചെത്തിക്കൊണ്ട് പോന്നില്ല
അന്നേരം തന്നെ ക്ലോസറ്റിലിട്ട് വെള്ളമൊഴിച്ചു
എന്റെ മനസ്സ് ചത്തുമലച്ച് കിടക്കില്ല മോനേ സിറിലേ
അതങ്ങ് ഉയിർത്തെണീറ്റു
ഇനി ഒരു കുരിശേറ്റത്തിനും തയ്യാറാവുമെന്നും തോന്നുന്നില്ല.
അല്ലെങ്കിലും നീ മുമ്പും എന്നെ ഒന്നും ചെയ്തതായിട്ട്
എനിക്ക് തോന്നിയിട്ടില്ല മോനേ
വേണ്ടത്ര പിക്കപ്പ് പോരായിരുന്നു
ഒന്നോർത്താ ആ യന്ത്രം മര്യാദക്ക് ഉപയോഗിക്കാൻ നിനക്ക്
അറിയാത്തതുകൊണ്ടും കൂടിയാ ഞാനത് ചെത്തിയത്
ആടറിയാതെ ആടിനെ മലമ്പാതയിലൂടെ അറവുശാലയിലേക്ക് നയിക്കുന്ന നടപ്പു മാത്രമേ
മേലിലും നിനക്ക് സുഖം തരൂ
ഒന്നോർത്താ നിന്നെക്കൊണ്ട് ഇങ്ങനെയൊക്കെ പറയിപ്പിച്ചത് ഫാന്റം ലിംഫാ*
കൈയും കാലും പോയാലും അതവിടെയുണ്ടെന്ന
കുറെ നാളത്തേക്കുള്ള തോന്നലുണ്ടല്ലോ,
അതിന്റെ ചൊറിച്ചിലാ

*(ആർ വേണുഗോപൻ മാതൃഭൂമിയിൽ എഴുതിയ കവിതയ്ക്കുള്ള മറുപടി)*

## മാധവിക്കുട്ടിപതിപ്പ്



(4-ാം പേജിൽനിന്നും തുടർച്ച)

സംജാതമായ നവപിതൃമേധാവിത്വത്തിന്റെ മുഖ്യ ഉപകരണമായിയാണ് അതു പ്രവർത്തിച്ചത്. 80കളിലെ രാഷ്ട്രീയ-വികസനവാദഫെമിനിസങ്ങൾ ഇതിനെ അതുപടി സ്വീകരിച്ചുവെന്നു പറയുന്നത് വെറും അസംബന്ധമാണുതാനും. തീർച്ചയായും ഒരു സാമൂഹ്യഇടത്തിൽ സ്ത്രീകൾ തളയ്ക്കപ്പെട്ടതിനെതിരെയുള്ള രോഷം അതിശക്തമായിരുന്നു. നവപിതൃമേധാവിത്വത്തിന്റെ അനുശീലനമുറകളെ എതിർത്തുകൊണ്ട് പുതിയതരം സ്വത്വ-ആത്മ-നിർമ്മാണരീതികൾ അവ മുന്നോട്ടുവെക്കുകയും ചെയ്തു (വിശേഷിച്ച് രാഷ്ട്രീയഫെമിനിസം). എന്നാൽ പുതിയ ഫെമിനിസ്റ്റ് രാഷ്ട്രീയവിഷയിയുടെ നിർമ്മാണം തുറന്നതും ചലനാത്മകവും ശക്തമായ എതിർസ്വഭാവം ഉള്ളതുമാകണമെങ്കിൽ 'സ്വാതന്ത്ര്യ'ത്തിന്റെ മറ്റൊരു വ്യാഖ്യാനംകൂടി പ്രചാരത്തിൽ വരേണ്ടതുണ്ട്. 'എല്ലാത്തരം അധികാരപ്രയോഗങ്ങളിൽനിന്നുമുള്ള മോചനം' എന്ന വ്യാഖ്യാനമാണത്- 'നിരുപാധികമായ സ്ത്രീസ്വാതന്ത്ര്യം' എന്നു ഞാൻ വിളിക്കുന്നത് അതിനെയാണ്. ഫെമിനിസ്റ്റ് മുൻകൈയിൽ നടക്കുന്ന പുതിയ ആത്മ-സ്വത്വ നിർമ്മാണത്തെപ്പോലും ആത്മവിമർശനപരമായി വീക്ഷിക്കാനും നിരന്തരം മാറ്റാനും കഴിഞ്ഞില്ലെങ്കിൽ അത് യാഥാസ്ഥിതികമായി മാറുമെന്നതിൽ സംശയം വേണ്ട (പല സോഷ്യലിസ്റ്റ് രാജ്യങ്ങളിലും സംഭവിച്ച ദുരന്തം). 'സ്വാതന്ത്ര്യ'ത്തിന്റെ മേൽപ്പറഞ്ഞ വ്യാഖ്യാനത്തെ പുണരുന്നവർ ആ വിമർശനാത്മകധർമ്മമാണ് നിർവ്വഹിക്കുന്നത്- ഫെമിനിസ്റ്റ് നിർമ്മിതികളിൽത്തന്നെ അടിഞ്ഞുകൂടുന്ന പുതിയ അധികാരരൂപങ്ങളെപ്പറ്റി അവർ നമ്മെ ജാഗരൂകരാക്കുന്നു. എന്നാൽ രാഷ്ട്രീയഫെമിനിസത്തിന്റേയും വികസനവാദഫെമിനിസത്തിന്റേയും പ്രബലധാരകളിൽ ഈ വ്യാഖ്യാനത്തിന്റെ സാന്നിദ്ധ്യം വേണ്ടത്രയുണ്ടായിരുന്നില്ല എന്നാണ് ഞാൻ പറഞ്ഞത്.

എന്നാൽ രാഷ്ട്രീയഫെമിനിസം ഏകീകരിക്കപ്പെടാത്ത മേഖലയായിരുന്നതുകൊണ്ടുതന്നെ ആദ്യഘട്ടത്തിൽ അത്തരം ശബ്ദങ്ങൾ തീരെ അവഗണിക്കപ്പെട്ടിരുന്നില്ല; അതുകൊണ്ടുതന്നെ ആ വിശാലപരിസരം പങ്കുവെക്കാൻ അവയ്ക്കു കഴിഞ്ഞിരുന്നു.

ലൈംഗികതൊഴിലിനെക്കുറിച്ചുള്ള ചർച്ചയിൽ താനെടുത്ത നിലപാടുകളെ അജിത വിശദമാക്കുന്നുണ്ട്. അത്തരമൊരു നിലപാട് കുറ്റകരമായിപ്പോയി എന്നല്ല എന്റെ പക്ഷം. ആ ചർച്ചയിൽ ഉയർന്നുവന്ന പല ഫെമിനിസ്റ്റു നിലപാടുകളെയും 'ഫെമിനിസ്റ്റ്' അല്ല എന്നു മുദ്രകുത്തി പുറന്തള്ളാനുള്ള പ്രവണത ധാരാളമുണ്ടായിരുന്നുവെന്നാണ് പറഞ്ഞത്. പലതരം ഫെമിനിസ്റ്റ് വ്യാഖ്യാനങ്ങളെ പരസ്പരം 'വെട്ടിമരിക്കാൻ' പ്രേരിപ്പിച്ചശേഷം

> ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റേയോ മറ്റേതൊരു പ്രസ്ഥാനത്തിന്റേയോ ജയപരാജയങ്ങൾ ഒരിക്കലും ഏതെങ്കിലും വ്യക്തിയിലോ സംഘത്തിലോ നിക്ഷിപ്തമല്ല

അവിടെവീണ ചോര നക്കിക്കുടിച്ചു വളർന്നവയാണ് നമ്മുടെ പുരോഗമനപ്രസിദ്ധീകരണങ്ങൾ പലതും എന്ന് ഓർക്കാതെ വയ്യ! ആ ചൂഷണത്തെ ഫലപ്രദമായി നേരിടാൻ കഴിഞ്ഞില്ലെന്നതാണ് എന്റെ സങ്കടം. ഏതെങ്കിലും കച്ചവട-സ്ഥാപിത താത്പര്യപ്രേരിതമായ പ്രസിദ്ധീകരണത്തോട് ഒരു സാമൂഹ്യവ്യക്തിയെന്ന നിലയിൽ എനിക്കുള്ള അടുപ്പം, ഒരു സ്ത്രീ എന്ന നിലയ്ക്ക് ലൈംഗികതൊഴിലാളിയായി സ്വയം തിരിച്ചറിയുന്ന മറ്റൊരു സ്ത്രീയോട് എനിക്കുള്ള അടുപ്പത്തെക്കാൾ എത്രയോ കുറവായിരിക്കുമെന്നുതന്നെയാണ് എന്റെ വിശ്വാസം! വിയോജിക്കുമ്പോഴും സ്നേഹത്തോടെമാത്രം വിയോജിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത്ര അടുപ്പമുണ്ട് എനിക്ക് ആ സ്ത്രീയോട്. ലൈംഗികതൊഴിലിനെ എതിർത്തവരുടെ ആഖ്യാനങ്ങളിൽ സദാചാരവിധിപറച്ചിൽ ഇല്ലായിരുന്നുവെന്ന് ആ ആഖ്യാനങ്ങൾ സൂക്ഷ്മമായി വായിച്ചവർക്കാർക്കും പറയാൻ കഴിയില്ലെന്നുതന്നെയാണ് എന്റെ വിശ്വാസം. ലൈംഗികത്തൊഴിലാളികൾ ആഗോള എയ്ഡ്സ് വ്യാപാരങ്ങളിൽ തളയ്ക്കപ്പെടാൻ വിസമ്മതിച്ചുകൊണ്ട് കേരളീയ പൊതുമണ്ഡലത്തിൽ പ്രവേശിച്ചുകൊണ്ട് സ്വന്തം പൗരത്വം സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ പലരും അവരോടു കാണിച്ച അസഹിഷ്ണുത, അവരുടെ ലിബറൽ വ്യവഹാരത്തോടുള്ള വിസമ്മതത്തിന്റെ ഫലം മാത്രമായിരുന്നുവെന്ന് കരുതാൻ പ്രയാസമാണ്- ഇവരുടെ വ്യാഖ്യാനങ്ങൾ സൂക്ഷ്മമായി വായിച്ചാൽ അതു ബോദ്ധ്യപ്പെടും. കേരളത്തിലെ നവലിബറൽ വ്യവസ്ഥയ്ക്ക് അതിന്റേതായ വഴിയുണ്ട്- തായ്‌ലണ്ട് മുതലായ രാജ്യങ്ങളിൽ ലൈംഗികതൊഴിൽ പ്രചരിച്ചതിന്റെ ചരിത്രം നവലിബറലിസത്തിന് എത്രയോ മുമ്പ് ആരംഭിക്കുന്ന ഒന്നാണ്. ചുരുക്കിപ്പറഞ്ഞാൽ, കൂടുതൽ വിസ്തൃതമായ അന്വേഷണത്തിന്റെ, കൂടുതൽ സ്വയം വിമർശനപരവും ആത്മപ്രതിഫലനപരവുമായ ആലോചനയുടെ കുറവ് ആ കാലത്തുണ്ടായിരുന്നുവെന്നാണ് എന്റെ അഭിപ്രായം.


പക്ഷേ, ഇത് ഏതെങ്കിലും വ്യക്തിയെ കുറ്റപ്പെടുത്തലല്ല. ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റേയോ മറ്റേതൊരു പ്രസ്ഥാനത്തിന്റേയോ ജയപരാജയങ്ങൾ ഒരിക്കലും ഏതെങ്കിലും വ്യക്തിയിലോ സംഘത്തിലോ നിക്ഷിപ്തമല്ല. അതിൽ പങ്കെടുത്ത്, മുഖ്യതീരുമാനങ്ങളുടെ ഭാരമേൽക്കാൻ ധൈര്യം കാട്ടിയവർ മാത്രമല്ല, അതിൽ പങ്കെടുക്കാതെ മാറിനിന്നവരും (അതായത് എന്നെപ്പോലുള്ളവർ), പരാജയങ്ങളുടെ ഉത്തരവാദിത്വം വഹിക്കുന്നു- ഒരു പക്ഷേ, കൂടുതലായി. അതുകൊണ്ട് ഈ ലേഖനത്തിൽ കുറ്റപ്പെടുത്തുന്ന ഒരു വിരൽ പുറത്തേക്കു നീളുന്നതായി തോന്നുന്നുണ്ടെങ്കിൽ, അതുപോലെ മറ്റൊരു വിരൽ അകത്തേക്കും (അതായത് എന്റെതന്നെ നേരെ) ചൂണ്ടുന്നുണ്ടെന്ന്- അതും ബോധപൂർവ്വംതന്നെ ചൂണ്ടുന്നുണ്ടെന്ന് - സ്നേഹപൂർവ്വം പറഞ്ഞുകൊള്ളട്ടെ.■








**കൊലപാതകരാഷ്ട്രീയം** തഴച്ചുവളരുന്ന നാട്ടിൽ ഇപ്പോൾ 'മണി'യാണ് പ്രശ്നം. മണി പേരാകാം, പണമാകാം. കാര്യങ്ങൾ നടന്നുകിട്ടാൻ ശ്രമിക്കുന്നതിനുപയോഗിക്കുന്ന മണിയടിയുമാകാം. എന്തായാലും മണിക്ക് എന്തുമാകാം എന്നതുപോലെ മണിയുണ്ടെങ്കിൽ എന്തുമാകാം എന്നതാണ് കേരളത്തിലെ ഇന്നത്തെ രാഷ്ട്രീയ പരിതസ്ഥിതി. **ഇലക്ഷൻ വരുമ്പോൾ കക്ഷിരാഷ്ട്രീയവും ഇലക്ഷൻ ഇല്ലാത്തപ്പോൾ അഡ്ജസ്റ്റ്മെന്റ് രാഷ്ട്രീയവുമാണ് നമ്മുടെ നാട്ടിൽ വേരുപിടിക്കുന്നത്.** കൊലപാതക രാഷ്ട്രീയത്തിന്റെ പുകമറ നീക്കാൻ യു.ഡി.എഫിന്റെ തിടുക്കം കാണുമ്പോൾ ചിരിക്കാതെന്തുചെയ്യും! നെയ്യാറ്റിൻകര ഇലക്ഷൻ കഴിഞ്ഞാൽ ഈ തിടുക്കമൊക്കെ വിട്ട് അക്രമവും കൊലപാതകങ്ങളും പെൺവാണിഭങ്ങളുമെല്ലാം ഒത്തൊരുമയോടെ കൊണ്ടുപോകാൻ ശ്രമിച്ചുകളയും നമ്മുടെ വിരുദ്ധകക്ഷികളെല്ലാം. അങ്ങനെ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന *'അഡ്ജസ്റ്റുമെന്റ് രാഷ്ട്രീയം'* സുഗമമായി മുന്നോട്ടുപോകുകയും ചെയ്യും. പാവം ജനങ്ങളും അണികളും അക്ഷരാർത്ഥത്തിൽ കഴുതകളാകുകയും ചെയ്യും. പക്ഷെ ജനങ്ങൾ ഇതൊന്നും അറിയുന്നില്ല എന്ന് യജമാനൻമാർ കരുതിയാൽ തെറ്റി. അരമനരഹസ്യം അങ്ങാടിയിൽപാട്ടാണ് എന്ന ഓർമ്മവേണം. പാർട്ടിയുടെ പേരുപറഞ്ഞ് ആരൊക്കെ എന്തൊക്കെ ഇവിടെ കാട്ടിക്കൂട്ടുന്നുണ്ടെന്ന് പാവം ജനത്തിന് നന്നായറിയാം. ഞങ്ങൾ ശുദ്ധമായ വായു,വെള്ളം എന്നിവക്കുവേണ്ടി കഷ്ടപ്പെടുമ്പോൾ നിങ്ങൾ നടത്തുന്ന ജലകേളികൾ, നിരന്തരം വർദ്ധിക്കുന്ന ബസ്കൂലി കൊടുക്കാൻ ബുദ്ധിമുട്ടുമ്പോൾ നിങ്ങൾ കൊടുക്കുന്ന വിമാനക്കൂലികൾ, കിടന്നുറങ്ങാൻ കൂരപോലുമില്ലാതിരിക്കുമ്പോൾ നിങ്ങൾ വാങ്ങിക്കൂട്ടുന്ന സൗധങ്ങൾ, ജീവൻ നിലനിർത്താൻ അരിയും പരിപ്പുമില്ലാതെകഴിയുമ്പോൾ ആഡംബര ആഘോഷങ്ങൾ, ചത്താൽ കുഴിച്ചിടാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുമ്പോൾ ബിനാമികളുടെ പേരിൽ നിങ്ങൾ നടത്തുന്ന ഭൂമിയിടപാടുകൾ, റിസോർട്ടുകൾ, അവിടെ കൊച്ചുപെൺകുട്ടികളെ ഇരകളാക്കുന്നത് തുടങ്ങിയവയെല്ലാം വിരലിലെണ്ണി പറഞ്ഞ് പുച്ഛിച്ച് ചിരിക്കാനേ ജനത്തിനുകഴിയൂ. പ്രതികരിക്കുന്ന പാർട്ടിപോലും പ്രതികരിക്കാൻ സമ്മതിക്കാത്ത കാലമായതുകൊണ്ട് പ്രതികരിക്കാൻ ജനങ്ങൾക്ക് ഭയമാണ്. എന്തായാലും നിങ്ങൾ പറയുന്നതെല്ലാം വിശ്വസിക്കാൻ ഞങ്ങളെകിട്ടില്ലെന്നു മുഖം നോക്കാതെ രാഷ്ട്രീയക്കാരോട് പറയുന്ന കാലം വിദൂരത്തല്ല എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ■



മലയാളത്തിലെ മൂന്ന് കഥാകാരികൾ മാധവിക്കുട്ടിയെക്കുറിച്ച് പറയുന്നു

# വിനയമില്ലാത്ത ഒരു കുട്ടി

രേഖ കെ.

'**കഥ** എഴുതാൻ തുടങ്ങുമ്പോൾ നിങ്ങൾ മതം മാറുന്നു.' എന്ന് മാധവിക്കുട്ടി എഴുതിയത് പത്തുമുപ്പത്തഞ്ചുവർഷം മുൻപാണ്. അവരുടെ പ്രശസ്തമായ മതംമാറ്റത്തിനും എത്രയോ വർഷങ്ങൾക്കു മുൻപ്. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ വിഷുപ്പതിപ്പ് കഥാമത്സരത്തിനു സമ്മാനംകിട്ടിയ കുട്ടികളോട് അവർ പറഞ്ഞതായിരുന്നു അത്. അങ്ങനെവരുമ്പോൾ എനിക്കു തോന്നുന്നു-എഴുത്തുകാരൻ / എഴുത്തുകാരി ഒരു വെളിച്ചപ്പാടാണ്. തന്റേയും മറ്റുള്ളവരുടേയും ജീവിതത്തിൽ സംഭവിക്കാനിടയുള്ള കാര്യങ്ങൾ ദീർഘദർശനം ചെയ്യുന്ന ദൈവജ്ഞർ. വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങൾ മാത്രമല്ല; വാക്കുകൾ നന്നായി കൂട്ടിച്ചേർക്കാൻ കഴിയുന്ന എഴുത്തുകാരും ദൈവജ്ഞരാണെന്നു പറയുമ്പോൾ പറഞ്ഞനുഭവപ്പെടുത്താനാകാത്ത ഒരാനന്ദം ഞാൻ അനുഭവിക്കുന്നുണ്ട്. ആ ആനന്ദം തന്നതിനാണ് മാധവിക്കുട്ടിയോടുള്ള ആദ്യത്തെ നന്ദി.

എഴുത്തുകാരുടെ ഗണത്തിലേക്ക് മതം മാറിവരണം എന്ന ആഗ്രഹം എന്റെ ഉള്ളിൽ ഉണ്ടാക്കിയവരിൽ വലിയ ഇടമുണ്ട്, മാധവിക്കുട്ടിക്ക്. താക്കോൽകൂട്ടം സാരിത്തലപ്പിൽ ചുറ്റിക്കെട്ടി തിരുവനന്തപുരത്തെ സ്ഥാണുവിലാസ് ബംഗ്ലാവിന്റെ പടിക്കൽ നിൽക്കുന്ന പ്രൗഢയായ അതേ കമലാദാസാണ്, നീർമാതളം പൂക്കുന്നിടത്തുനിൽക്കുന്ന, അമ്മമ്മയുടെ ആ പാവം കുട്ടി -മാധവിക്കുട്ടി എന്നു വിശ്വസിക്കാൻ എന്റെ കുട്ടിക്കാലത്തിനു വലിയ പ്രയാസമായിരുന്നു. ആ കഥകൾ എന്റെ ചെറുപ്പത്തെ പിടിച്ചുലച്ച സമുദ്രമായിരുന്നു. അനുഭവങ്ങളുടെ ആ പുറംകടലിൽനിന്നു മൂന്നാം പക്കം ഒരു ശവമായിപ്പോലും മടങ്ങിയെത്താൻ എനിക്കു കഴിയാറില്ല.

കണക്കിൽ എപ്പോഴും തോൽക്കുന്ന പഠിക്കാനൊന്നും അത്ര മിടുക്കില്ലാത്ത, കൂട്ടുകാരൊക്കെ സൗകര്യപൂർവ്വം കളിപ്പിക്കുന്ന ആ കുട്ടി



ഞാൻതന്നെയാണ് എന്നും തോന്നും. പക്ഷേ, ചാരിയിരിക്കാൻ നാലപ്പാട്ടെ പുസ്തകങ്ങൾ അതിരിടുന്ന ചുവരുകളോ പുളിയിലക്കരമുണ്ടു ചുറ്റിയ അമ്മമ്മയോ ഇല്ലാത്തതിന്റെ നഷ്ടബോധവും തോന്നാറുണ്ട്.

കഥ എഴുതാൻ തുടങ്ങുമ്പോൾ നിങ്ങൾ മതംമാറുന്നു എന്ന ഒറ്റവരിയിൽ എല്ലാമുണ്ട്. അതുവരെയുള്ള ജീവിതത്തിന്റെ സാധാരണത്വത്തിൽനിന്നും സമാധാനത്തിൽനിന്നും നിങ്ങൾ എന്നെന്നേക്കുമായി പുറന്തള്ളപ്പെടുന്നു. പിന്നെ ഒരു മടക്കമില്ല. സ്വന്തം അമ്മ മരിച്ചുകിടക്കുമ്പോൾപോലും നിങ്ങളിലെ എഴുത്തുകാരി വിശദാംശങ്ങൾ തേടിക്കൊണ്ടിരിക്കും. ഒരു കഥയുടെ ചിന്ത്... സൃഷ്ടിയുടെ ഒരിറ്റുനീര്... തീർന്നു. ബലൂണിനു പുറത്തു സഞ്ചരിക്കുംപോലെ എപ്പോഴും അനിശ്ചിതത്വം അമ്പരപ്പ്.... ഇതൊക്കെയായി നിങ്ങളുടെ ജീവിതം മാറും. ഇതു പറയാൻ മാധവിക്കുട്ടി ഉപയോഗിച്ചതുപോലെ ഒരു സുന്ദരവാചകം വേറെയില്ല. കൊച്ചിയിൽ ജേണലിസം പഠിക്കുന്നകാലത്ത് കഥാകാരി സിതാരയും ഞാനും അവരെ നേരിൽ കാണണമെന്നു പലതവണ ആലോചിച്ചതാണ്. നടന്നില്ല. നേരിൽ കാണുന്നത് പത്രപ്രവർത്തനത്തിന്റെ ഭാഗമായാണ്. ഞാനും, കൂട്ടുകാരി മനോരമ ന്യൂസിലെ റിപ്പോർട്ടർ ലേബിയും കൂടി മാധവിക്കുട്ടിയെ കാണാൻ കൊച്ചിയിലെ ഫ്ളാറ്റിലെത്തി. അരമണിക്കൂർ കാത്തിരുന്നപ്പോൾ ആദ്യം കടന്നുവന്നത് സുഗന്ധമാണ്. ഞാൻ ലേബിയെ നോക്കി. ഏതു പൂവിന്റെ മണമാണത്? നീർമാതളമാകുമോ? കൊച്ചിയിലും പൂക്കുമോ നീർമാതളം.

കുറേനേരം പൊട്ടിയടരുന്ന കായ്മണികൾപോലെ അടർന്നു പൊഴിയുന്ന അവരുടെ വാക്കുകൾ കേട്ടിരുന്നു.... ചിലപ്പോൾ അവർ ഒരു കൊച്ചുകുട്ടിയായി.... ചിലപ്പോൾ ഗൗരവത്തിൽ തമാശ പറഞ്ഞ്.... ചിലപ്പോൾ പരിഭവിച്ച് അങ്ങനെപോയി....

അതിനിടെ അവരുടെ പുന്നയൂർക്കുളംകാരനായ ഡ്രൈവർ



എലുമ്പൻപുളിയുമായി വന്നു- "അമ്മയ്ക്കിതു വലിയ ഇഷ്ടമാണ്...'' അയാൾ പറഞ്ഞു. "ഇവന്റെ മോൾടെ പല്ലുന്തിയതാണ്. ഞാനാണ് അതിനു കമ്പിയിടാൻ പൈസ കൊടുത്തത്." മാധവിക്കുട്ടി പറഞ്ഞു. ലേബിയും ഞാനുമപ്പോൾ കണ്ണിൽ കണ്ണിൽ നേക്കി ചിരിച്ചു.

എന്റെ പെരുമാറ്റത്തിന്റെ അന്തർമുഖത്വംകൊണ്ട് എന്നെ ഇഷ്ടമായില്ലെന്നു തോന്നി. പെരുമാറ്റത്തിന്റെ പ്രസന്നതകൊണ്ട് ലേബിയെ ഇഷ്ടമാകുകയും ചെയ്തു. എനിക്കു കഥയെഴുതുന്ന ദുശ്ശീലമുണ്ടെന്നുപറഞ്ഞ് മനസ്സിലിടം നേടാൻ ഞാനും മനഃപൂർവ്വം ശ്രമിച്ചില്ല.

അവർ പൂനെയിലേക്കുപോയപ്പോൾ യാത്രയയക്കാൻ പോകണമെന്ന് എനിക്കുതോന്നി. പോയില്ല. അവസാനയാത്രയ്ക്കു നാട്ടിലേക്കു മടങ്ങിയപ്പോഴും തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ആ യാത്ര കാണാനും പോയില്ല. കൈനിറയെ സ്വർണവളയിട്ട, സുഗന്ധം പൂശിയ മാധവിക്കുട്ടിയല്ലല്ലോ അത് ■

# നീർമാതളപ്പൂക്കളുടെ പ്രണയസുഗന്ധം



ഷീബ ഇ.കെ.



**മാധവിക്കുട്ടിയെന്ന** കമല ആരായിരുന്നെനിക്ക്?

വായനയുടെ ആദ്യകാലങ്ങളിൽ ബഷീറും പൊറ്റെക്കാടും തകഴിയുമൊക്കെയായിരുന്നു പ്രിയപ്പെട്ടവർ. കൗമാരത്തിലെന്നോ നീർമാതളപ്പൂക്കളുടെ സുഗന്ധവുമായി കമല എന്റെ വായനയുടെ ലോകത്തു പതിയെ വന്നെത്തിനോക്കി. അന്നുമിന്നും അവരുടെ കഥകളേക്കാൾ, കവിതകളേക്കാൾ പ്രിയങ്കരമായത് ആ സ്മരണകളുടെ ലോകമായിരുന്നു.

സ്മൃതികളാൽ സമ്പന്നമായ അവരുടെ ബാല്യം. ആ നാടും വീടും നീർമാതളവുമെല്ലാം എന്റേതുകൂടിയാണെന്ന തോന്നൽ.

എന്റെ വള്ളുവനാടൻ തറവാട്ടുവീടിനും ചിലതെല്ലാം സ്വന്തമായിട്ടുണ്ടായിരുന്നു. മുകളിലെ വരാന്തയിലെ അഴികൾക്കിടയിലൂടെ നോക്കുമ്പോൾ കാണുന്ന നെല്ലു പുഴുങ്ങുന്ന മുറ്റം, ചക്കിയും കറപ്പനും മുണ്ടനുമെല്ലാം ഒത്തൊരുമിച്ചു പണിത്തിരക്കിലായിരിക്കും. വീടിനുപിൻവശത്ത് പൂത്തുകിടക്കുന്ന എള്ളിൻ വയലുകൾ. വെളുത്തപൂക്കളുമായി ആർത്തുവളരുന്ന കമ്മ്യൂണിസ്റ്റ് പച്ചകളുടെ മറയ്ക്കുള്ളിലൂടെ ആരുടേയും കണ്ണിൽപ്പെടാതെ ഞങ്ങളുടെ വാനരസേന കളിച്ചാർക്കും. വിളഞ്ഞ എള്ളുമായി വരാന്തയുടെ തിണ്ണയിൽ ഞങ്ങളെ ക്കാത്ത് മുത്തശ്ശിയിരിക്കുന്നുണ്ടാവും. അകത്തെ നിലവറയിൽ മോഹിപ്പിക്കുന്ന ഗന്ധമുള്ള മാമ്പഴങ്ങൾ വൈക്കോൽമെത്തയിലിരുന്ന് മാടിവിളിക്കുന്നുണ്ടാവും. താഴത്തെ മാഞ്ചുവട്ടിൽ വേനൽക്കാറ്റു വന്നാൽ പിന്നെ നിറയെ മാമ്പഴമാണ്. കശുമാങ്ങകൾ നിറഞ്ഞ കുന്നിൻപുറത്തുനിന്ന് ഇറങ്ങിവരുന്ന കുരങ്ങൻമാർ കുളത്തിനരികിലെ അത്തിമരത്തിലി



രുന്ന് ഞങ്ങളെ നോക്കി പല്ലിളിക്കും.

അതുപോലൊരു ബാല്യകാലം മറ്റൊരു തറവാട്ടിൽ, മറ്റൊരുനാട്ടിൽ ചെലവഴിച്ചുവളർന്ന കമല അതുകൊണ്ടൊക്കെയാവാം എനിക്ക് അപരിചിതയല്ലാതിരുന്നത്. വെണ്ണനിറമുള്ള പൂക്കൾ വിരിയുന്ന നീർമാതളം മാത്രം എന്റെ സങ്കല്പങ്ങൾക്കപ്പുറത്തായിരുന്നു. ഞാനൊരിക്കലും ഒരു നീർമാതളം കണ്ടിട്ടില്ല. കമലയുടെ വാക്കുകളിലൂടെ എന്റെ ഓർമ്മയുടെ ജാലകങ്ങൾക്കരികിലായി നനുത്ത സുഗന്ധം പൊഴിച്ചുകൊണ്ട് ഇപ്പോഴും ആ നീർമാതളം പൂത്തുനിൽക്കുന്നുവെന്നറിയുന്നു. ഒരിക്കലും അണയാതെ കമല ഹൃദയത്തിലൊതുക്കിവെച്ച പ്രണയത്തിന്റെ പനിനീർത്തുള്ളികളാവാം ആ പൂക്കളെ വാടാതെ നിർത്തുന്നത്.

അക്കാലങ്ങളിൽ ഞാനെഴുതിയവയെല്ലാം ചേർത്തുവായിച്ച് പലരുമന്വേഷിച്ചു, എവിടെ നിന്റെ പ്രണയം?


ഞാനുമാചോദ്യം സ്വയം ചോദിച്ചു. നാർസിസസ്സിനെപ്പോലെ ചിലപ്പോഴൊക്കെ ഞാൻ തീഷ്ണതയോടെ എന്റെ സ്വത്വത്തെത്തന്നെ പ്രണയിച്ചു. ആർക്കും വിട്ടുകൊടുക്കാതെ, ആരുടേതുമാവാൻ കഴിയാതെ.... അറിഞ്ഞിരുന്നില്ല, പ്രണയത്തിന്റെ നിത്യോപാസകയായിരുന്നവൾ കടന്നുപോയ വഴിയോരത്തുകൂടെ നടന്നുപോകുകയാണ് ഞാനുമെ[illegible]ിലനേരങ്ങളിൽ വഴി തെറ്റുന്ന, [illegible]മുള്ളും കാൽപ്പാദങ്ങളെ കുത്തിനോവിക്കുന്ന വഴിയിലൂടെ പതർച്ചയോടെ നടന്നുനീങ്ങുമ്പോളും ഒടുവിലൊരു നീർമാതളച്ചുവടു കാണുമെന്നും അവിടെ വിഴുപ്പുകളെല്ലാം വലിച്ചെറിഞ്ഞ് ഒരു ചുമലിൽ മുഖമണച്ച് നിത്യസാന്ത്വനം നേടുമെന്നും പ്രത്യാശയുടെ നിറമുള്ള സ്വപ്നങ്ങൾ കാണാൻ എന്നെ പഠിപ്പിച്ചവളാണ് കമലയെന്നാൽ എനിക്ക്. കടൽപോലെ ആർത്തലയ്ക്കുന്ന പ്രണയത്തെ ഹൃദയത്തിലേന്തിയ നിത്യപ്രണയിനി. ■

# പലവർണ്ണങ്ങളിൽ ഒരു മാധവിക്കുട്ടി




ധന്യാരാജ്

**ജീവിതത്തിന്റെ** കൊച്ചു കൊച്ചു വിസ്മയങ്ങളിൽനിന്നും എഴുത്തിനുള്ള പ്രമേയങ്ങൾ കണ്ടെത്തിയ മാധവിക്കുട്ടി മരണാനന്തരം നൂറുകണക്കിനുലേഖനങ്ങൾക്കും ഓർമ്മക്കുറിപ്പുകൾക്കുമുള്ള പ്രമേയമാകുന്ന കാഴ്ചയാണ് നാം കണ്ടത്. എന്നാൽ ഇതൊരു വിസ്മയക്കാഴ്ച അല്ലതാനും. മലയാളത്തിലെ പല പ്രമുഖ എഴുത്തുകാരികളുടേയും രചനകൾ അവരുടെ മരണാനന്തരം നീണ്ട വർഷങ്ങൾക്കുശേഷമാണ് പൊടിതട്ടിയെടുത്ത് വായിക്കപ്പെട്ടത്. മാധവിക്കുട്ടിയാകട്ടെ, ജീവിച്ചിരുന്നപ്പോൾത്തന്നെ മലയാളിസമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രമായി. അവരുമായി ബന്ധപ്പെട്ട ഏതു വാർത്തയ്ക്കുമുണ്ടായിരുന്നു ഒരു നിറപ്പകിട്ട്. ഭാഷയുള്ളിടത്തോളംകാലം നിലനിൽക്കുന്ന രചനകളെക്കാളേറെ ആഘോഷിക്കപ്പെട്ടത് എഴുത്തുകാരിയുടെ വ്യക്തിജീവിതമാണ്. അതൊരു ദുരന്തമായിട്ടാണോ കണക്കാക്കേണ്ടതെന്ന് എനിക്കു തീർപ്പുകല്പിക്കാൻ കഴിയുന്നതുമില്ല. മാധവിക്കുട്ടിയെ വായിച്ചറിയാത്തവർക്കും അവരുടെ സ്വകാര്യജീവിതത്തിന്റെ ഗതിവിഗതികൾ മനഃപാഠമായി. എഴുത്തുകാരിയെപ്പറ്റി പ്രചരിച്ച വാർത്തകളുടെ സ്ഫോടനാത്മകതയിൽ നടുങ്ങി പലരും അശ്ലീലമായൊരു ആകാംക്ഷയോടെ അവരുടെ പുസ്തകങ്ങൾ തേടിപ്പോയി. ഞാനും അങ്ങനെയായിരുന്നു മാധവിക്കുട്ടിയിലേക്കെത്തിച്ചേർന്നത്.



എന്റെ സ്കൂൾദിവസങ്ങളിലൊന്നിൽ 'മാധവിക്കുട്ടിക്ക് വയസ്സാംകാലത്ത് ഇത് എന്തിന്റെ കേടാണ്'ന്ന ചില സ്ത്രീകളുടെ അമർത്തിപ്പിടിച്ച ആക്രോശം കേട്ടതോടെയാണ് ആ പേര് എന്റെ മനസ്സിൽ പതിഞ്ഞത്. മാധവിക്കുട്ടിയുടെ മതംമാറ്റം സൃഷ്ടിച്ച കോലാഹലമായിരുന്നു അത്. പ്രണയത്തെ യൗവനത്തിന്റെ ആഘോഷമായിമാത്രം മനസ്സിലാക്കിയ ഒരു വലിയ വിഭാഗം ജനങ്ങളെ അവർ ഞെട്ടിച്ചുകളഞ്ഞു. മദ്ധ്യവയസ്സു പിന്നിട്ട സ്ത്രീകൾക്കാകട്ടെ, തങ്ങളുടെ ജീവിതത്തിൽ ഒരു വസന്തകാലം ബാക്കിയുണ്ടെന്ന ഓർമ്മപ്പെടുത്തലായി അത്. എന്നിട്ടും സ്ത്രീകളടക്കമുള്ള സമൂഹം കടുത്ത അസഹിഷ്ണുതയോടെയാണ് ആ മതംമാറ്റത്തോട് പ്രതികരിച്ചത്. മാധവിക്കുട്ടി എന്ന എഴുത്തുകാരി അസാധാരണമായ ഇച്ഛാശക്തിയുള്ള സ്ത്രീയാണെന്ന് ആ ദിവസങ്ങളിൽ എനിക്കു വെളിപാടുണ്ടായി. ജിജ്ഞാസയോടെ ഞാൻ അവരുടെ രചനകൾക്കായുള്ള അന്വേഷണമാരംഭിച്ചു. വായ



നയിൽ താത്പര്യമുള്ള ഏതൊരു സ്ത്രീയേയുംപോലെ എന്റെ ജീവിതത്തിലേയും മാധവിക്കുട്ടിക്കാലത്തിന് അതോടെ തുടക്കമായി. സ്നേഹിച്ചും പ്രണയിച്ചും കൊതിതീരാത്ത സ്ത്രീകൾ ആ കഥകളിൽനിന്നും പുറത്തുകടന്ന് എനിക്കുചുറ്റും അശാന്തരായി അലഞ്ഞുതിരിഞ്ഞു. ആ സ്ത്രീകളുടെ സ്ഥാനത്ത് എന്റെതന്നെ രൂപം സങ്കല്പിക്കാനുള്ള ചിന്താശേഷിയൊന്നും എനിക്കുണ്ടായില്ല. എന്നിട്ടും എന്റെ വായനാവേളകൾ സംഘർഷഭരിതമായി.

അക്കാലത്തുതന്നെയാണ് ഒരു വനിതാപ്രസിദ്ധീകരണത്തിൽ മാധവിക്കുട്ടിയുടെ പെയിന്റിങ്ങുകളെപ്പറ്റിയുള്ള വാർത്ത വന്നത്. അനാവൃതമായ, മഞ്ഞച്ച ഉടലുകളുള്ള കുറേ സ്ത്രീകൾ അലസതയോടെയിരിക്കുന്ന ചിത്രം കണ്ട് ഞങ്ങളുടെ അയൽക്കാരികൾ വീണ്ടും നെറ്റിചുളിച്ചു. 'സ്ത്രീശരീരത്തിലാണല്ലോ കർവ്സ്, ഉയർച്ചതാഴ്ചകൾ.' തന്റെ താത്പര്യത്തെ ചിത്രകാരി ന്യായീകരിച്ചു. സ്വന്തം ഇഷ്ടങ്ങൾ വെളിപ്പെടുത്താൻ മാധവിക്കുട്ടി തെല്ലും മടി കാണിച്ചില്ല. ജീവിതം ഏറെ സുതാര്യമായിരിക്കുമ്പോഴും അവരുടെ വ്യക്തിത്വം ഏറെ വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നു എന്ന് എനിക്കു തോന്നിയിട്ടുണ്ട്. കുട്ടിത്തവും പക്വതയും നിഷ്കളങ്കതയും ദാർശനികതയും സംയമനവും അതിൽ ഏറ്റക്കുറച്ചിലോടെ ഇഴചേർന്നിരുന്നു. മാധവിക്കുട്ടിയെ നേരിൽ കാണാനുള്ള അവസരങ്ങളൊന്നുംതന്നെ എനിക്കു ലഭിച്ചില്ല. ഇനി ഒരുപക്ഷേ, അതിനുള്ള സാഹചര്യം കിട്ടിയിരുന്നെങ്കിൽതന്നെ ഞാൻ ഒരു കൂടിക്കാഴ്ചയ്ക്കു ശ്രമിക്കുമായിരുന്നോ എന്നതും സംശയമാണ്.

എങ്കിലും ചില ടെലിവിഷൻ അഭിമുഖങ്ങളിലൂടെ മാധവിക്കുട്ടി മിക്കപ്പോഴും ഞങ്ങളുടെ സ്വീകരണമുറിയിലെത്തി. അപ്പോഴേക്ക് അവർ ഒരു കറുത്ത പർദ്ദയിലൊതുങ്ങിക്കഴിഞ്ഞിരുന്നു. അവരുടെ താളാത്മകമായ സംസാരം ഏറെ മോഹിപ്പിച്ചിട്ടും ഈ സ്ത്രീതന്നെയാണോ കഥകളിലൂടെ ഞാനറിഞ്ഞ മാധവിക്കുട്ടി എന്ന സന്ദേഹം എന്നെ എപ്പോഴും പിടികൂടി. ബാല്യവും കൗമാരവും പ്രണയവും അവരുടെ സംഭാഷണങ്ങളിൽ ആവർത്തിച്ചു കടന്നുവന്നു. എന്നാൽ സ്ത്രീകൾക്ക് ഏറ്റവും സൗന്ദര്യം നൽകുന്ന വേഷമാണ് പർദ്ദ എന്ന അവരുടെ പ്രസ്താവന കേട്ടപ്പോൾ എന്തെന്നില്ലാത്ത ഒരസ്വസ്ഥത അനുഭവപ്പെടുകയും ചെയ്തു. മാധവിക്കുട്ടി ഒരിക്കൽ തെരഞ്ഞെടുപ്പിൽ മത്സരിച്ച വാർത്ത പത്രങ്ങളിൽ വായിച്ചപ്പോഴും ആ വ്യക്തിത്വത്തിന്റെ സങ്കീർണ്ണത എന്നെ കുഴക്കി. തോൽക്കുമെന്നുറപ്പുള്ള സീറ്റായിട്ടും മാധവിക്കുട്ടിക്ക് ജയസാധ്യതയുണ്ട് എന്നാരോ അറിയിച്ചപ്പോൾ അവർ കൊച്ചുകുട്ടികളെപ്പോലെ കൈകൊട്ടി സന്തോഷം പ്രകടിപ്പിച്ചതറിഞ്ഞ് അതിശയിക്കാതിരിക്കാൻ കഴിഞ്ഞില്ല.

മലയാളിസമൂഹം തന്നോടു പുലർത്തിയ നിന്ദ്യമായ സമീപനങ്ങളിൽ മാധവിക്കുട്ടിക്ക് കടുത്ത പ്രതിഷേധമുണ്ടായിരുന്നു. രോഷപ്രകടനമായും പരിഭവമായും പരാതികളായും അവർ അത് പ്രകടിപ്പിച്ചുപോന്നു. തന്റെ ജീവിതത്തിലേക്ക് നിരന്തരമായി നീളുന്ന ഒളിഞ്ഞുനോട്ടങ്ങളെപ്പറ്റി അവർ പലപ്പോഴും വാചാലയായി. എന്നാൽ എഴുത്തുകാരികളുടെ സ്വകാര്യജീവിതത്തിലേക്ക് ഒളിനോട്ടം നടത്താനുള്ള അവകാശം തങ്ങൾക്കു സ്വന്തമാണെന്നു ധരിച്ചുവശായ ഒരു സമൂഹത്തെ ഈ പരാതികളൊന്നും തെല്ലും ബാധിച്ചതുമില്ല. സ്വന്തം കുടുംബാംഗങ്ങളായ സ്ത്രീകളുടെ കാര്യത്തിൽ അതീവജാഗ്രത പുലർത്തുന്ന മലയാളിപുരുഷന്മാർ അന്യയായൊരു സ്ത്രീയുടെ സ്വകാര്യതയിൽ കടന്നുകയറ്റം നടത്താൻ അല്പവും മടി കാണിക്കാറില്ല. ഈ ദൗത്യത്തിനായി അവർ ചെലവഴിക്കുന്ന സമയവും ഊർജ്ജവും സമൂഹത്തിനു പ്രയോജനപ്രദമായ കാര്യങ്ങൾക്കായി എന്തുകൊണ്ട് വിനിയോഗിക്കുന്നില്ല എന്ന സംശയം എന്നെയെപ്പോഴും അലട്ടാറുണ്ട്. അവസാനകാലത്ത് കേരളം വിട്ടുപോയെങ്കിലും മാധവിക്കുട്ടി ഇത്തരം ഇടപെടലുകളെ വിജയകരമായി അതിജീവിച്ചു എന്നുവേണം കരുതാൻ.

എന്നെപ്പോലുള്ള ഒരു ശരാശരി മലയാളിസ്ത്രീക്ക് സങ്കല്പിക്കാൻപോലും കഴിയാത്ത വഴികളിലൂടെയായിരുന്നു എന്നും മാധവിക്കുട്ടിയുടെ യാത്ര. ബൃഹത്തായൊരു നോവലിലെ നായികയുടെ




ജീവിതത്തോളം നാടകീയം, സംഭവബഹുലം. അതിലെ സാഹസികത ഏറെ പ്രലോഭിപ്പിച്ചുവെങ്കിലും മാധവിക്കുട്ടിയുടെ ജീവിതത്തിൽനിന്നും എനിക്കു ധൈര്യം പകർന്നുകിട്ടിയതായി കരുതാനാകില്ല. കാരണം എന്നെ സംബന്ധിച്ച് ഇത്തരത്തിൽ നേടിയെടുക്കുന്ന ധൈര്യം നീണ്ടുനിൽക്കുന്നതായിരുന്നില്ല. വെള്ളത്തിനുമേലെ വീണ എണ്ണത്തുള്ളിപോലെ അത് എന്റെ വ്യക്തിത്വവുമായി കൂടിക്കലരാതെ എന്നും വേറിട്ടുതന്നെ നിന്നു. ■





# വഞ്ചിക്കപ്പെട്ട സ്വപ്നങ്ങൾ

## ('നുണകൾ' - ഒരു പഠനം)



ഡോ. മിനിപ്രസാദ്

**പൊയ്മുഖങ്ങൾക്കും** സമൂഹത്തിന്റെ പൊള്ളത്തരങ്ങൾക്കും എതിരെ എന്നും കലാപംകൂട്ടിയ എഴുത്തുകാരിയാണ് മാധവിക്കുട്ടി. സമ്പന്നവർഗ്ഗത്തിന്റെ മുഖംമൂടികളണിഞ്ഞ ജീവിതത്തോട് അവർക്കെന്നും പുച്ഛമായിരുന്നു. ആ മുഖംമൂടികളെ ചീന്തിയെറിയുന്നതിൽ ഗൂഢമായൊരു നിർവൃതി അവരെന്നും അനുഭവിച്ചിരുന്നുവെന്ന് ആ കഥകളുടെ വായനയിൽ വ്യക്തമാവും. ഭാര്യാഭർതൃബന്ധത്തിന്റെ അവിശുദ്ധിയും തകരുന്ന കുടുംബബന്ധങ്ങളും അതിനിടയിൽപ്പെടുന്ന കുട്ടികളുടെ മാനസിക സംഘർഷങ്ങളും അവരുടെ പ്രമേയങ്ങളായിരുന്നു. വളർന്നുവരുന്ന സാഹചര്യങ്ങളുടേയും ഇടപെടുന്ന വ്യക്തികളുടേയും സ്വാധീനം ഓരോകുട്ടിയുടേയും വളർച്ചയിലെ നിർണ്ണായകമായ ഘടകമാണ്. ബാല്യകാലം സുന്ദരസ്വപ്നങ്ങളുടേയും അതിരില്ലാത്ത ഭാവനയുടേയും കാലഘട്ടമാണ്. സ്വയം സൃഷ്ടിച്ചെടുത്ത ഒരു ലോകവും അതിന്റെ സങ്കല്പസ്വർഗ്ഗങ്ങളും ഓരോ കുട്ടിക്കും സ്വന്തമായിരിക്കും. പിന്നെ ജീവിതത്തിന്റെ പടവുകളൊന്നായി ചവുട്ടിക്കയറുന്നതിനിടയ്ക്ക് ഈ ലോകജീവിതത്തിന്റെ അറിവുകൾ കുട്ടികൾക്ക് ലഭിക്കുകയാണ്. സംശയങ്ങൾ പെരുകുന്ന ഈ അവസരങ്ങളിലോരോന്നിലും മാതാപിതാക്കൾ നല്ല സഹായികളായി പ്രത്യക്ഷപ്പെടേണ്ടതുണ്ട്. എന്നാൽ പിതാവിന്റെ ചെയ്തികളെപ്പറ്റിത്തന്നെ സംശയാലുവാകേണ്ട ഗതികേടു സംഭവിക്കുന്ന കുട്ടിയാണ് 'നുണകൾ' എന്ന മാധവിക്കുട്ടി കഥകളിലെ അപ്പു.

'നുണകളി'ൽ നാലു കഥാപാത്രങ്ങളാണുള്ളത്. അച്ഛൻ, അമ്മ, കുട്ടി, സ്റ്റെല്ല. അമ്മ അച്ഛന്റേയും പരുപരുത്ത കയ്യുള്ള വെപ്പുകാരന്റേയും കയ്യിൽ തന്നെ ഏല്പിച്ചുപോയതിനാൽ അമ്മയ്ക്കൊരിക്കലും മാപ്പുകൊടുക്കില്ല എന്നവൻ തീരുമാനിച്ചുറപ്പിക്കുന്നുണ്ട്. ആ തീരുമാനത്തിലാണ് ഉറങ്ങാൻകിടക്കുന്നതെങ്കിലും രാവിലെ കണ്ണുമിഴിക്കുമ്പോൾ അമ്മ അടുത്തുവന്നു നിൽക്കുന്നതവൻ കാണുന്നു. അമ്മയെടുത്ത് ഉമ്മവെക്കുമ്പോൾ അമ്മയുടെ നിറയുന്ന കണ്ണുകളും തണുത്ത കൈകളും അവനൊരാശ്വാസമാവുന്നു. വെപ്പുകാരന്റെ പരുപരുത്ത കൈകളിൽനിന്ന് അമ്മയുടെ തണുത്ത കൈകളിലേക്കുള്ള മാറ്റമാണത്. അമ്മ അപ്പുവിനെയെടുത്ത് അടുക്കളയിലെ മേശയ്ക്കടുത്ത് കസാലവലിച്ചിട്ട് ഇരുത്തുന്നു. അവിടെ മറ്റൊരു കസാലമേൽ അച്ഛൻ വർത്തമാനക്കടലാസിനു പിന്നിൽ ഇരിക്കുന്നതവൻ കാണുന്നു. ഇവിടംമുതൽ കുട്ടിയിൽ സംഘർഷങ്ങളാരംഭിക്കുന്നു.

അപ്പു ഇന്ന് ഞങ്ങളുടെ കൂടെയിരുന്ന് കാപ്പികുടിച്ചോളൂ എന്ന അമ്മയുടെ ഔദാര്യംനിറഞ്ഞ ക്ഷണം അവൻ നിരസിക്കുന്നതോടെ അവന്റെ അച്ഛന്റെ ഭയംനിറഞ്ഞ പ്രതികരണവും ഉണ്ടാവുന്നു. അയാൾ കടലാസ്സ് താഴ്ത്തി അവനെ നോക്കി. പിന്നെ സിഗററ്റ് വായിൽനിന്നെടുത്ത് പതുക്കെ പുകവിട്ടു. അവന്റെ വായിൽനിന്ന് ഇനി വരാനുള്ള വാക്കുകളെ കരുതലോടെ വീക്ഷിക്കാനുള്ള ഒരു തയ്യാറെടുപ്പിലാണ് അയാൾ. മകൻ മഹാ അധികപ്രസംഗിയാണെന്നും പറഞ്ഞാലൊന്നും കേൾക്കില്ലെന്നും പറയുന്ന അച്ഛൻ അവനെ ലാളിച്ച് കേടുവരുത്തിയതിന്റെ മുഴുവൻ ഉത്തരവാദിത്തവും അമ്മയുടെ തലയിൽ വെച്ചുകൊടുക്കുന്നു. "പാവം, ചെറിയകുട്ടിയല്ലേ?" എന്ന അമ്മയുടെ സമാധാനിപ്പിക്കലുണ്ടാവുന്നുണ്ടെങ്കിലും അതും അച്ഛനൊരു







സാന്ത്വനമാവുന്നില്ല. "അച്ഛൻ സിഗരറ്റ് വായിൽനിന്നെടുത്ത് ചുണ്ടുകൾ കൂർപ്പിച്ച്" പുകവിടുന്നു. അവന്റെ ഏതു വാക്കുകളേയും നീക്കങ്ങളേയും നേരിടാനയാൾ തയ്യാറായിരിക്കുകയാണെന്ന് ആ ഇരിപ്പുതന്നെ വ്യക്തമാക്കുന്നു.

അവന്റെ ചിന്തകളിലൂടെ സംഭവങ്ങളുടെ ചുരുളഴിയാൻ തുടങ്ങുന്നു. അമ്മ ഇല്ലാത്തപ്പോൾ അവിടെ ഉണ്ടായതത്രയും താൻ അമ്മയോടു പറഞ്ഞുകൊടുക്കും എന്ന് അപ്പു തീരുമാനിക്കുന്നു. "പുളിച്ച മോരുകൂട്ടിയ ചോറ് അവനെ കഴിപ്പിച്ചതും തനിച്ച് ഒരു മുറിയിൽ ഉറങ്ങാൻ കിടത്തിയതും വിളക്കുകെടുത്തിയതും സ്റ്റെല്ല വന്നതും രാത്രി കുറേനേരം കോണിച്ചുവട്ടിൽനിന്ന് കുറേ ആളുകൾ ഉറക്കെ ലഹളകൂട്ടിയതും ചിരിച്ചതും കുപ്പികൾ പൊട്ടിച്ചതും ഒക്കെ" ഇങ്ങനെ പറഞ്ഞുകൊടുക്കുന്നതിൽ അപ്പുവിന് നിഗൂഢമായൊരു ഉദ്ദേശ്യമുണ്ട്. അമ്മ അവനെ ഉറക്കാൻ കിടത്തുമ്പോൾ 'അച്ഛന് അപ്പുവിനെ എന്തിഷ്ടമാണെന്നോ? അപ്പു അച്ഛൻ പറയുന്നതൊക്കെ കേൾക്കണം" എന്നു പറയില്ലല്ലോ. അച്ഛൻ എത്ര ദുഷ്ടനാണെന്ന് അമ്മയ്ക്ക് മനസ്സിലാവുമല്ലോ. അങ്ങനെ മനസ്സിലാക്കിക്കഴിഞ്ഞാൽ അപ്പുവിനൊരു ഗുണംകൂടിയുണ്ട്. പിന്നെ "അച്ഛൻ ആപ്പീസിൽനിന്നു വരുമ്പോൾ അമ്മ അവനെ മറക്കില്ല." ഈയൊരു വാചകത്തിൽനിന്ന് അപ്പുവിന് അച്ഛനോടുള്ള മാനസികമായ അകൽച്ച വ്യക്തമാവുന്നുണ്ട്. അപ്പു അമ്മയെ വളരെയധികം സ്നേഹിക്കുകയും തന്നെ അമ്മയിൽനിന്നകറ്റാൻ ശ്രമിക്കുന്ന പ്രബലനായ ശത്രുവായി അച്ഛനെ കാണുകയും ചെയ്യുന്നു. ഇപ്പോൾ അച്ഛൻ തനിനിറം വെളിപ്പെടുത്തുവാൻ അവന് ഒരവസരം കൈവന്നിരിക്കുകയാണ്.

അപ്പു വികൃതിത്തരമൊന്നും കാണിച്ചില്ലല്ലോ. തനിക്കിവിടുത്തെ കാര്യം ആലോചിച്ചിട്ട് ഒരു സമാധാനവുമില്ലായിരുന്നു എന്ന് അമ്മ പറയുമ്പോഴേക്ക് അച്ഛൻ അമ്മയുടെ കൈപിടിച്ച് മടിയിലിരുത്തുന്നു. അതോടെ കുട്ടി കൂടുതൽ അസ്വസ്ഥനാവുകയും തലേന്ന് രാത്രി

---

**വളർന്നുവരുന്ന സാഹചര്യങ്ങളുടേയും ഇടപെടുന്ന വ്യക്തികളുടേയും സ്വാധീനം ഓരോ കുട്ടിയുടേയും വളർച്ചയിലെ നിർണ്ണായകമായ ഘടകമാണ്**

---

യിലെ സംഭവങ്ങളിലേക്കു വഴുതിവീഴുകയും ചെയ്യുന്നു. ഇതേപോലെ തലേന്നുരാത്രി അച്ഛന്റെ മടിയിൽ സ്റ്റെല്ല ഇരുന്നത് അവനോർക്കുന്നു. പിന്നെ അവൻ സംസാരിച്ചുതുടങ്ങുന്നത് കുതിരയെപ്പറ്റിയുള്ള പരാമർശങ്ങളിലൂടെയാണ്. അമ്മയില്ലാത്തപ്പോൾ താൻ കുതിരയുടെ പുറത്തുകയറി എത്രയോ ദൂരത്തൊക്കെപ്പോയി എന്ന പ്രഖ്യാപനം അപ്പുവിൽനിന്നുണ്ടാവുന്നു. എത്രയോ ദൂരം എന്ന പ്രസ്താവന ശ്രദ്ധാർഹമാണ്. അതിനുപിന്നാലെയാണ് "വൈകുന്നേരം സ്റ്റെല്ല വന്നപ്പോൾ" എന്ന വാക്കുകൾ അവനിൽനിന്നുതിർന്നത്. അതു പൂർത്തിയാക്കുന്നതിനുമുൻപേ "ആര്?" എന്ന ജിജ്ഞാസ നിറഞ്ഞ ചോദ്യം അമ്മയിൽനിന്നുണ്ടാവുന്നു. "സ്റ്റെല്ലയില്ലേ സ്റ്റെല്ല? മുഖത്തൊക്കെ ചായം ഇട്ടിട്ട്-" എന്ന വിവരണം ആരംഭിക്കുമ്പോൾത്തന്നെ അച്ഛന്റെ ഭാവം മാറുന്നു. അയാൾ ആദ്യം സിഗരറ്റുകുറ്റി ചായക്കപ്പിൽ അമർത്തിക്കെടുത്തുകയും ഉറക്കെ പൊട്ടിച്ചിരിക്കുകയും ചെയ്യുന്നു. ഈ അമർത്തിക്കെടുത്തലോടെ സജീവമായൊരവസ്ഥ ഇല്ലാതെയാവുന്നു. ഭാര്യയുടെ ജിജ്ഞാസനിറഞ്ഞ ചോദ്യം അയാളെ അല്പം ഭയപ്പെടുത്തിയിട്ടുണ്ട്. അവിടെ വിശ്വാസം ആർജ്ജിക്കേണ്ടത് അയാളുടെ നിലനില്പിന്റെ ആവശ്യവുമാണ്. പൊട്ടിച്ചിരി നൽകിയ ആത്മവിശ്വാസത്തിൽ അയാൾ "ആദ്യം കുതിരയായിരുന്നു. പിന്നെ സ്റ്റെല്ലാ ഇവൻ ഇതൊക്കെ ആലോചിച്ച് ഉണ്ടാക്കുന്നതോ." ഈയൊരു ചോദ്യം വേണ്ടത്ര ഫലിക്കുകയും ചെയ്യുന്നു. അമ്മയുടെ ജിജ്ഞാസ ചിരിവരാനുള്ള ഒരു ഭാവമായി മാറുന്നു. ആ ഭാവമാറ്റത്തോടെ അച്ഛന്റെ ആത്മവിശ്വാസം വർദ്ധിക്കുകയും ഓരോദിവസവും അവൻ ഒരുപാട് നുണകൾ ഉണ്ടാക്കിപ്പറയുന്നു എന്നു കോപത്തോടെ പറയുകയും ചെയ്യുന്നു. ഒപ്പം ഒരു പുതിയ സിഗരറ്റിനു തീ കൊളുത്തുകയും തീപ്പെട്ടിക്കോൽ "വീശിക്കെടുത്തുകയും" ചെയ്യുന്നു. ഈ പ്രവൃത്തികൾ രണ്ടും ഇപ്പോൾ ലഭിച്ച പുതുധൈര്യത്തിന്റെ ബാക്കിയാണ്. അവൻ ചെറിയ കുട്ടിയല്ലേ എന്ന അമ്മയുടെ സാന്ത്വനം വീണ്ടും ഉണ്ടാവുന്നു. ഈയൊരു സാന്ത്വനത്തിന്റെ അപേക്ഷയിലൂടെ ഭാര്യയ്ക്കു തന്റെ മേൽ സംശയങ്ങളൊന്നുമില്ലെന്നും മകൻ പറഞ്ഞതൊക്കെ നുണയോ സ്വപ്നമോ ആയി അവരും സ്വീകരിച്ചിട്ടുണ്ടെന്നും അയാൾക്കു വ്യക്തമാവുന്നു. അപ്പോഴാണ് ഈ നുണപറയുന്ന ശീലമൊക്കെ താൻ അടിച്ചുമാറ്റും എന്നൊരു വലിയ പ്രഖ്യാപനം നടത്തുന്നത്. എന്നാൽ അച്ഛൻ ദേഷ്യപ്പെടുമ്പോഴും തന്റെ മുഖത്തേക്കു നോക്കുന്നില്ല എന്ന് അപ്പു കണ്ടുപിടിക്കുന്നുണ്ട്. ഇത് അവന്റെ വിജയമാണ്. ഈ മുഖം തിരിച്ചുപിടിക്കലിലൂടെ അച്ഛനാണ് നുണപറയുന്നതെന്ന് അവനുറപ്പിക്കുന്നു. അവന്റെ വിചാരങ്ങൾ വീണ്ടും സ്റ്റെല്ലയ്ക്കൊപ്പം നീങ്ങുന്നു. അതൊരു സ്വപ്നമായിരുന്നു എന്നു വിശ്വസിക്കുവാൻ അവൻ ഒരുക്കമല്ല. കാരണം അവൻ കാണുന്ന സ്വപ്നത്തിൽ മനുഷ്യരുടെ മുഖമൊന്നും ഇത്ര തെളിഞ്ഞുകാണാറില്ല. തലേന്നുരാത്രി ഒരു കുതിരയെ സ്വപ്നം കണ്ടിരുന്നു. അത് ഉയരുമ്പോൾ ഉയർന്നുപൊങ്ങിയ പൊടി മാത്രമേ ഓർമ്മയുള്ളു. പക്ഷേ, സ്റ്റെല്ലയോ.

"സ്റ്റെല്ലയുടെ ചായമിട്ട നഖങ്ങളും അവളുടെ ഉറക്കെയുറക്കെയുള്ള ചിരിയും ഉടുപ്പിന്റെ മണവും ഒക്കെ ഇപ്പോഴും ഓർമ്മിക്കാനാവുന്നുണ്ട്. വൈകുന്നേരം വെപ്പുകാരൻ വീട്ടിലേക്കു മടങ്ങുന്നതുകാണാൻ റോഡിന്റെ വക്കത്തുപോയി നിൽക്കുമ്പോഴാണ് സ്റ്റെല്ല വന്നത്. അവന്റെ താടിക്കടിയിൽ തൊട്ടുകൊണ്ട് അവർ ചോദിച്ചു.

"അമ്മയില്ലേ ഇവിടെ? ഞാൻ അമ്മയെ കാണാനാണു വന്നത്." എന്നിട്ടുപിന്നെ എന്തൊക്കെയോ

*(ശേഷം 37-ാം പേജിൽ)*



# നുണകൾ

മാധവിക്കുട്ടി

**കുട്ടി** രണ്ടാമത്തെ പ്രാവശ്യം കണ്ണുമിഴിച്ചപ്പോഴേക്കും അമ്മയുണ്ട് അടുത്തുവന്നു നിൽക്കുന്നു.

''അമ്മേ, അമ്മേ,'' അവൻ പെട്ടെന്ന് എഴുന്നേറ്റിരുന്നു. 'എന്നെ എടുക്കൂ.' അമ്മയുടെ കൈത്തലങ്ങൾ തണുത്തിരുന്നു. അവനെ ഉമ്മവെച്ചപ്പോൾ അമ്മയുടെ കണ്ണിൽ വെള്ളം വന്നു.

"എത്ര ദിവസമായി അമ്മ പോയിട്ട്?" അവൻ ആവലാതിപ്പെട്ടു നോക്കി. തന്നെ അച്ഛന്റേയും പരുത്ത കയ്യുള്ള വെപ്പുകാരന്റേയും അടുത്തു തനിച്ചാക്കി പോയതിന് അമ്മയ്ക്ക് അവൻ ഒരിക്കലും മാപ്പുകൊടുക്കില്ലെന്നു വെച്ചതാണ്. ഈ ചതിയെപ്പറ്റി അവന്റെ അഭിപ്രായമെന്താണെന്ന് ആരും ചോദിച്ചില്ല. ആരും തന്റെ സമ്മതം നോക്കിയില്ല. അമ്മ മടങ്ങുമ്പോൾ, താൻ ചിരിക്കില്ല, കണ്ടാൽ സന്തോഷംകൂടി കാണിക്കില്ല എന്നൊക്കെ ആലോചനകൾ അവനുണ്ടായതാണ്. പക്ഷേ, അമ്മയുടെ കൈകളിൽ എത്തിയപ്പോൾ അവൻ ആവലാതിപ്പെട്ട് കരഞ്ഞുതുടങ്ങി. 'എന്താ അപ്പൂ, രണ്ടുദിവസത്തിനല്ലേ ഞാൻ പോയുള്ളൂ?' അമ്മ അവനെ എടുത്ത് അടുക്കളയിലേക്കു കൊണ്ടുപോയി, മേശയുടെ അടുത്ത് കസാല വലിച്ചിട്ട് ഇരുത്തി. അച്ഛൻ വേറെയൊരു കസാലമേൽ, വർത്തമാനക്കടലാസിന്റെ പിന്നിൽ ഇരുന്നിരുന്നു. 'ഇന്ന് അപ്പു ഞങ്ങളുടെ ഒന്നിച്ച് കാപ്പി കുടിച്ചോളൂ. പിന്നെ ഞാൻ കൊണ്ടുവന്ന പലഹാരമൊക്കെ തരാം.' അമ്മ അലമാരി തുറന്ന് രണ്ടു ടിന്നുകളെടുത്ത് മേശയുടെ അടുത്തേക്കുവന്നു.

അമ്മ തന്നെ സന്തോഷിപ്പിക്കുവാൻ നോക്കുകയാണ്. അവനത്ര വിഡ്ഢിയാണെന്നു തോന്നിക്കരുതല്ലോ.

'എനിക്കു വേണ്ട.'


കടലാസു താഴ്ത്തി അച്ഛൻ അവനെ നോക്കി. പിന്നെ, സിഗരറ്റ് വായിൽനിന്നെടുത്തു പതുക്കെ പുകവിട്ടു.

'ദേഷ്യപ്പെടേണ്ട അവനെ.'

'അവനെ കേടുവരുത്തിയത് രാധയാണ്. പറഞ്ഞതൊന്നും കേൾക്കില്ല. മഹാ അധികപ്രസംഗി!'

'പാവം! ചെറിയ കുട്ടിയല്ലേ?' അമ്മ അവന്റെ കിണ്ണത്തിലേക്ക് ഒരു ചെറിയ ലഡ്ഡുവും ഒരു മുറുക്കിന്റെ കഷ്ണവും എടുത്തുവെച്ചു. അച്ഛൻ സിഗരറ്റ് വായിൽനിന്നെടുത്ത് ചുണ്ടുകൾ കുറച്ചു കൂർപ്പിച്ച് അവനെ നോക്കി പുകവിട്ടു.

ലഡ്ഡു വല്ലാത്ത മധുരം. മുറുക്ക് വായിൽവെച്ച് കടിച്ചുപൊട്ടിക്കു



മ്പോൾ അവനു തോന്നി, താൻ എല്ലാം അമ്മയോടു പറയും. അമ്മയില്ലാത്തപ്പോൾ ഉണ്ടായതൊക്കെ: പുളിച്ച മോരു കൂട്ടിയ ചോറ് അവനെ കഴിപ്പിച്ചതും തനിച്ച് ഒരു മുറിയിൽ ഉറങ്ങാൻ കിടത്തിയതും വിളക്കു കെടുത്തിയതും സ്റ്റെല്ല വന്നതും രാത്രി കുറേനേരം കോണിച്ചുവട്ടിൽനിന്നും കുറേ ആളുകൾകൂടി ഉറക്കെ ലഹളകൂട്ടിയതും ചിരിച്ചതും കുപ്പികൾ പൊട്ടിച്ചതും ഒക്കെ. എല്ലാം അവൻ പറയും. എന്നാൽപിന്നെ അമ്മ അവനെ ഉറങ്ങാൻ കിടത്തുമ്പോൾ പറയില്ല, 'അച്ഛന് അപ്പുവിനെ എന്തിഷ്ടമാണെന്നോ? അപ്പു അച്ഛൻ പറയുന്നതൊക്കെ കേൾക്കണം' എന്ന്. അമ്മയ്ക്കു മനസ്സിലാവട്ടെ, എത്ര ദുഷ്ടനാണ് അച്ഛനെന്ന്. എന്നാൽ ഒരുപക്ഷേ, അച്ഛൻ ആപ്പീസിൽനിന്നു വൈകുന്നേരം വരുമ്പോൾ അമ്മ അവനെ മറക്കില്ല.


'അപ്പു വികൃതിത്തരം ഒന്നും കാണിച്ചില്ലല്ലോ. എനിക്കു യാതൊരു സ്വൈരവുമുണ്ടായിരുന്നില്ല, ഇവിടത്തെ കാര്യം ആലോചിച്ചിട്ട്.'

അച്ഛൻ അമ്മയുടെ കൈ പിടിച്ചുവലിച്ചു. മടിയിലിരുത്തി. അവൻ അതു കണ്ടില്ലെന്നു നടിച്ച് തല താഴ്ത്തി ഇരുന്ന് ലഡ്ഡു തകർത്ത് കിണ്ണത്തിൽ പരത്തി. കണ്ടെങ്കിലല്ലേ അച്ഛന് അമ്മയോട് ദേഷ്യം വരികയുള്ളു. അമ്മ വരുന്നതിന്റെ തലേന്നു രാത്രി കോണിപ്പടിയിറങ്ങി അവൻ ചുവട്ടിലേക്കു ചെന്നപ്പോൾ അച്ഛന്റെ മടിയിൽ സ്റ്റെല്ല ഇരിക്കുന്നു. സ്റ്റെല്ല സന്ധ്യയ്ക്കുതന്നെ പോയെന്നാണ് അവൻ വിചാരിച്ചിരുന്നത്. എല്ലാവരും ഉറങ്ങുന്ന ഈ സമയത്ത് വിളക്കുംവെച്ച് ഈ മുറിയിൽ എന്തിനാണ് സ്റ്റെല്ല അച്ഛന്റെ മടിയിലിരിക്കുന്നത്? 'സ്റ്റെല്ലാ!' അവൻ കോണിക്കയ്യിന്മേൽ ചാരിനിന്ന്, അഴികളുടെ ഇടയിൽക്കൂടി പതുക്കെ വിളിച്ചുനോക്കി, സ്റ്റെല്ല തലയുയർത്തി അവനെ നോക്കി ചിരിച്ചു. പക്ഷേ, ഒന്നും മിണ്ടിയില്ല. കുറേ കഴിഞ്ഞപ്പോഴാണ് അച്ഛൻ തൊണ്ടവേദനപിടിച്ചമട്ടിൽ ചോദിച്ചത്: 'നീ എന്തിനാണ് വെറുതെ ചിരിക്കുന്നത്?' സ്റ്റെല്ല ഒന്നും മിണ്ടിയില്ല.

'പറയൂ.'

'കുട്ടി.'

സ്റ്റെല്ല, അച്ഛന്റെ മുഖംതിരിച്ച് അവന്റെ നേരെ ചൂണ്ടി. അച്ഛൻ ധൃതിയിൽ എഴുന്നേറ്റു. സ്റ്റെല്ല വീണു എന്നുതോന്നുന്നു. എന്നിട്ട് അച്ഛൻ അവനെ വന്നെടുത്ത് മുകളിലേക്കു കൊണ്ടുപോയി. വിളക്കു കത്തിച്ച് കട്ടിലിന്മേൽ കിടത്തി



എന്തൊക്കെയോ പറഞ്ഞ്, അവന്റെ കാലുകൾ കുറച്ചുനേരം തലോടി. അവൻ ചോദിച്ചു:

'സ്റ്റെല്ലാ എന്തേ വീട്ടിലേക്കു മടങ്ങാഞ്ഞത്?'

അച്ഛൻ എഴുന്നേറ്റ് കാൽക്കലുള്ള ജനലുകൾ അടച്ചുകൊണ്ടു പറഞ്ഞു. 'ഇപ്പോൾ പോവും. രാത്രിയാവുമ്പോഴേക്കും പോവും.'

'ഇപ്പോൾ രാത്രിയായില്ലേ?'

'കുട്ടികൾക്ക് അതെ. വലിയവർക്കു സന്ധ്യാവാൻ പോവുന്നു.'

അതൊരു നുണയാണെന്ന് അവനു തോന്നി, കാരണം രാത്രി അമ്മയുടെ അടുത്തുകിടന്നുറങ്ങി, ചില ദിവസങ്ങളിൽ ഉണരുമ്പോൾ ആ മുറിയിലെ പക്ഷി ക്ലോക്ക് കുറേ പ്രാവശ്യം 'ക്കുക്കു' എന്ന് ശബ്ദമുണ്ടാക്കാറുണ്ട്. അപ്പോൾ അമ്മ ഉറങ്ങിക്കിടക്കയാവും. എന്നിട്ട് അവൻ അമ്മയുടെ മേൽ കയറിക്കിടന്ന് ചെവിയിൽ ഊതി അമ്മയെ ഉണർത്തും, വെള്ളം കുടിക്കാൻ. അതുകൊണ്ട് അച്ഛൻ ഈ പറഞ്ഞത് നുണയാണ്. അവൻ കോണിപ്പടിയിറങ്ങുമ്പോൾ കേട്ടു, പക്ഷി ക്ലോക്ക് 'ക്കുക്കു' എന്ന് വളരെപ്രാവശ്യം ഒന്നിച്ചുപറയുന്നത്. 'അച്ഛൻ എന്റെ അടുത്തു കിടക്കൂ. എനിക്ക് ഉറക്കം വരുന്നില്ല.'

'അപ്പു കിടക്കൂ. ഞാൻ ഇപ്പോൾ വരാം.'

അച്ഛൻ വാതിൽ പതുക്കെ ചാരി പുറത്തേക്കുപോയപ്പോൾ അവന് ഒന്നുകൂടി ചോദിക്കാൻ തോന്നി:

'എന്തേ സ്റ്റെല്ല വീട്ടിലേക്കു പോകാത്തത്?' അതിന് ആരും ഉത്തരം പറഞ്ഞില്ല. പക്ഷേ, ചുവട്ടിൽനിന്ന് കുറേനേരത്തിന് അച്ഛന്റെ സംസാരം കേട്ടുകൊണ്ടിരുന്നു. ദേഷ്യസ്വരത്തിൽ, പിന്നീട് സ്റ്റെല്ലയുടെ തേങ്ങലിന്റെ ഇടയിൽകൂടി, സൗമ്യസ്വരത്തിലും... രാവിലെ ഉണർന്നപ്പോൾ അവൻ കുതിരപ്പുറത്തുകയറി. ആകാശത്തിൽക്കൂടി പറന്ന ആ സ്വപ്നം ഒട്ടും മറന്നിട്ടുണ്ടായിരുന്നില്ല.

'അമ്മേ, ഞാൻ കുതിരയുടെ പുറത്തുകയറി എത്രയോ ദൂരെയൊക്കെപ്പോയി.'

'എപ്പോൾ?'

'അമ്മയില്ലാത്തപ്പോൾ? പിന്നെ വൈകുന്നേരം സ്റ്റെല്ല വന്നപ്പോൾ....'

'ആര്?'

അച്ഛൻ കടലാസ് താഴത്തിട്ട് അവന്റെ മുഖത്തുനോക്കി. സിഗരറ്റിന്റെ ചെറിയ കഷ്ണം കത്തിക്കൊണ്ട് അച്ഛന്റെ ചുണ്ടിൽ പറ്റിനിന്നിരുന്നു.

'സ്റ്റെല്ലയില്ലേ സ്റ്റെല്ല? നീണ്ടിട്ടുള്ള സ്റ്റെല്ല? മുഖത്തൊക്കെ ചായമിട്ടിട്ട്....'

അച്ഛൻ സിഗരറ്റുകുറ്റി ചായക്കപ്പിന്റെ തട്ടിൽ അമർത്തിക്കെടുത്തി ഉറക്കെ ചിരിച്ചു:

'ആദ്യം കുതിരയായിരുന്നു. ഇപ്പോൾ സ്റ്റെല്ലാ. ഇവനിതൊക്കെ സ്വപ്നം കാണുന്നതോ, ഒക്കെ ആലോചിച്ചുണ്ടാക്കുന്നതോ?'

അമ്മ അവന്റെ പാലിൽ നിറം കലരാൻ കുറച്ചുകാപ്പിയൊഴിച്ച് അവന്റെയടുത്ത് കൊണ്ടുവന്നുവെച്ചു. അമ്മയുടെ മുഖത്ത് ചിരിവരാൻപോവുന്ന ഒരു ഭാവമുണ്ടായിരുന്നു. അച്ഛനവനെ ദേഷ്യത്തോടെ നോക്കുന്നതുപോലെ തോന്നി. ഇപ്പോൾ താനെന്താണു ചെയ്യുന്നത്? അവനാലോചിച്ചുനോക്കി.

'സ്റ്റെല്ലാ, ഓരോ പേര് ഇവനെ വിടുന്നാണു കിട്ടുന്നത്! ഒരുദിവസം എത്ര നുണയാണ് പറയുന്നതെന്ന് രാധയ്ക്കറിയാമോ?'

അച്ഛൻ വീണ്ടും ഒരു സിഗരറ്റെടുത്തു കൊളുത്തി. തീപ്പെട്ടിക്കോൽ വീശിക്കെടുത്തി.

'അവൻ ചെറിയ കുട്ടിയല്ലേ?' അമ്മ അവന്റെ കാപ്പി തട്ടിലൊഴിച്ച് ആറാൻവെച്ചു.

'ഈ നുണപറയുന്ന സ്വഭാവമൊക്കെ ഞാൻ അടിച്ചുമാറ്റും. അച്ഛന്റെ മുഖത്തു ദേഷ്യമുണ്ടെങ്കിലും അച്ഛനവന്റെ മുഖത്തേക്കു നോക്കിയില്ല. അവൻ ഒരുവിരൽ കാപ്പിയിൽ മുക്കി ആലോചിക്കാൻ തുടങ്ങി: ആരാണു നുണപറയുന്നത്? അച്ഛനോ? അവനോ? കുതിരപ്പുറത്തു കയറിയതും സ്റ്റെല്ല വന്നതും ഒക്കെ സ്വപ്നം കണ്ടതാണോ? അവൻ കാണുന്ന സ്വപ്നങ്ങളിൽ മനുഷ്യരുടെ മുഖമൊന്നും ഇത്ര തെളിഞ്ഞുകാണാറില്ലല്ലോ. സ്റ്റെല്ലയുടെ ചായമിട്ട നഖങ്ങളും അവളുടെ ഉറക്കെയുറക്കെയുള്ള ചിരിയും അവളുടെ ഉടുപ്പിന്റെ മണവും ഒക്കെ ഇപ്പോഴും ഇത്ര ഓർമ്മിക്കാൻ സാധിക്കുന്നത് സ്റ്റെല്ല സ്വപ്നമല്ലാത്തതുകൊണ്ടാവണം. വൈകുന്നേരം വെപ്പുകാരൻ വീട്ടിലേക്കു മടങ്ങുന്നതുകാണാൻ റോഡിന്റെ വക്കത്തുപോയി നിൽക്കുമ്പോഴാണ് സ്റ്റെല്ല വന്നത്. അവന്റെ താടിക്കടിയിൽ തൊട്ടുകൊണ്ട് അവൾ ചോദിച്ചു:


'അമ്മയില്ലേ ഇവിടെ? ഞാനമ്മയെ കാണാനാണ് ഇവിടെ വന്നത്.' എന്നിട്ടുപിന്നെ എന്തൊക്കെയോ പറഞ്ഞു. അച്ഛനും സ്റ്റെല്ലയുംകൂടി അവന് അറിയാത്ത ഭാഷയിലും കുറേ പറഞ്ഞു, വളരെനേരം ചിരിച്ചു. എന്നിട്ട് ചായകുടിച്ചതിനു ശേഷം പോവാൻ പുറപ്പെട്ട് അവനോടു ചോദിച്ചു: 'കുട്ടി സ്റ്റെല്ലയെ മറക്കുമോ?' ഇതൊക്കെ നുണയാണോ? കുതിരയുടെ മുഖം ഓർമ്മയില്ല. കുതിക്കുമ്പോൾ ആകാശത്തുനിന്ന് പൊട്ടിപ്പുറപ്പെടുന്ന വെളുത്ത പൊടിമാത്രം ഓർമ്മയുണ്ട്. അതു സ്വപ്നമായിരിക്കണം. പക്ഷേ, സ്റ്റെല്ല....

അച്ഛൻ എഴുന്നേറ്റ് സിഗരറ്റുകുറ്റി നിലത്തിട്ട് ചവുട്ടിക്കെടുത്തി പറഞ്ഞു: 'ഇനി ഈവക നുണകൾ ഉണ്ടാക്കിപ്പറഞ്ഞാൽ, ഞാൻ...'

'എന്തിനാണു വെറുതേ ദേഷ്യം പിടിക്കുന്നത്. അവൻ ചെറിയ കുട്ടിയല്ലേ?' അമ്മ അവനെയെടുത്ത് പുറത്തേക്കു കൊണ്ടുപോയി, ഉമ്മറത്ത് പായയിട്ട് ഇരുത്തി. മരപ്പെട്ടിയിൽനിന്നു ചെവിപോയ മുയലിനേയും ചുവന്ന ലോറിയും വടിക്കഷ്ണങ്ങളും എല്ലാം പുറത്തെടുത്തുവെച്ചു. 'അപ്പു കളിച്ചോളൂ.'

അച്ഛൻ കടലാസുമെടുത്ത് കിടപ്പുമുറിയിലേക്കുപോയി. അവനും അമ്മയും തനിച്ചായപ്പോൾ, അമ്മ അവന്റെ കൈകൾ അമ്മയുടെ കൈത്തലങ്ങളിൽ വെച്ചുകൊണ്ടുപറഞ്ഞു: 'അപ്പൂ, നുണ പറയരുത്, ട്ടോ. മോനു വലുതായി അച്ഛനെ മാതിരിയാവണ്ടേ?'

അമ്മയുടെ കൈകൾ തണുത്തിരുന്നു. അമ്മയുടെ നെറ്റിമേൽനിന്നു കുറച്ചു സിന്ദൂരം മൂക്കിന്മേൽ വീണുകിടന്നിരുന്നു. അമ്മയ്ക്കു വളരെ ഭംഗിയുള്ളതായി അവനു തോന്നി, അവൻ ചോദിച്ചു: 'അമ്മേ, കുതിരയെപ്പറ്റിയും പറഞ്ഞുകൂടേ?" (1956)■



# വെള്ള ഉറുമ്പുകളുടെ രാഷ്ട്രീയം

▶ അമൃതഭാരതി

**"അർത്ഥാപത്തിയതോ.....** അർത്ഥാപത്തിയതോ...'' ഛേ, കിട്ടണില്ലല്ലോ, എന്തായിത്? നാളെ സബ്മിറ്റ് ചെയ്യേണ്ട പ്രോജക്ട് ആണ്. ദിസ് ഈസ് വാട്ട് ഐ കാൾ നൊൺസെൻസ്. എവിട്ന്ന് കിട്ടും ഇത്? ഛെ....

"അർത്ഥാപത്തിയതോ പിന്നെ
ചൊല്ലാനില്ലെന്ന യുക്തിയാം"
(With background score)
അർത്ഥാപത്തിയധോ ഫിന്നെ
ഛൊല്ലാനില്ലെന്ന യുക്തിയാം

(ഇംഗ്ലീഷ് ചുവയുള്ള ഈ മാർച്ച്പാസ്റ്റ് സോംഗ് എവിടെനിന്നാണെന്ന് ശ്രദ്ധിക്കുന്നു)

ഈശ്വരാ! ഏതാ ഈ പട്ടാളം?

(ഇറാഖിലും അഫ്ഗാനിസ്ഥാനിലും അധിനിവേശം നടത്തിപ്പോകുന്ന അമേരിക്കൻ പട്ടാളത്തെപ്പോലെ നിരനിരയായിപ്പോകുന്ന ചുവന്ന മണ്ണുപറ്റിയ വെള്ള ഉറുമ്പുകളുടെ ഒരു ക്ലോസ് ഷോട്ട്)

(ബാക്ഗ്രൗണ്ഡിൽ അർത്ഥാപത്തിയധോ)

"നിർത്ത് നിർത്ത്, ഇതെങ്ങനെ നിങ്ങൾക്കറിയാം ഞങ്ങളുടെ അലങ്കാരം?...."

"ഞങ്ങളിവിടെ നടത്തിയത് ഖനനമാണ്. അതിലൂടെ ഞങ്ങളാർജ്ജിച്ച അറിവുകളാണിത്. ഞങ്ങൾ ലോഞ്ച് ചെയ്യുന്ന പുതിയ വെബ്സൈറ്റിലെ ലിങ്കിൽ ഇതിന്റെ ഡീറ്റെയിൽസ് കാണാം. ഉദാഹരണത്തിന്, ഇത് എവിടെ, എങ്ങനെ, എപ്പോൾ ഉപയോഗിച്ചു എന്നുവരെ. പോട്ടെ. വൈകാതെ ഇതിന്റെ പേറ്റന്റ് എടുക്കണം."

"ശോ, ഇതാണ്, നിങ്ങളൊക്കെ വന്നാലേ ഇവിടം നന്നാവൂ. ബൊൾഷെവിക്കുകളുടെയൊക്കെ കാലം കഴിഞ്ഞു."

(അവർ കടന്നുപോകുന്നത് ബഹുമാനത്തോടെ വീക്ഷിക്കുന്നു.)

ഓ, തത്ക്കാലം വിശ്വവിജ്ഞാനകോശത്തിൽ നോക്കാം. ഉം..... 12, 11, 10, 9, ....5, ....3, 2.... ഇതെന്താ? എന്റെ അ!

(തലയിൽ കൈവെച്ചിരിക്കുന്നു-ക്ലോസ് ഷോട്ട്)

കട്ട് ടു-

(വെറും ചുവന്ന മണ്ണും പൊടിഞ്ഞ കടലാസുകളും കൂമ്പാരം പോലെ - ക്ലോസ് ഷോട്ട്)

(ബാക്ഗ്രൗണ്ടിൽ പഴയ ഒരു മാവോസൂക്തംപോലെ മുത്തശ്ശി ശബ്ദം)

"ചൂലെത്തിയില്ലെങ്കിൽ ഇവറ്റ എവിടെയും വരും"

(പുത്തൻ അധിനിവേശത്തിന് പ്രതിരോധം സൃഷ്ടിച്ചുകൊണ്ട് മുത്തശ്ശിവാക്കുകളുടെ എക്കോ.)

* വെള്ള ഉറുമ്പുകൾ - White Ants, ചിതൽ


*(34-ാം പേജിൽനിന്നും തുടർച്ച)*

പറഞ്ഞു. അച്ഛനും സ്റ്റെല്ലയുംകൂടി അവനറിയാത്ത ഭാഷയിലും കുറേ പറഞ്ഞു. വളരെനേരം ചിരിച്ചു. എന്നിട്ട് ചായകുടിച്ചശേഷം പോവാൻപുറപ്പെട്ട് അവനോടു ചോദിച്ചു. "കുട്ടി സ്റ്റെല്ലയെ മറക്കുമോ?"

ഈ വിവരണത്തിൽനിന്ന് വ്യക്തമാവുന്ന ഒരുകാര്യം സ്റ്റെല്ല നിഷേധിക്കാനാവാത്ത സത്യമാണെന്ന അവന്റെ ഉറപ്പാണ്. അവളുടെ ചായമിട്ട നഖങ്ങൾ, ചിരി, ഉടുപ്പിന്റെ മണം, അവനനുഭവിച്ച അവളുടെ സ്പർശം എന്നിവയൊക്കെ ഇപ്പോഴും ഓർമ്മിക്കാനാവുന്നത് സ്റ്റെല്ല സ്വപ്നമല്ലാത്തതുകൊണ്ടാണ്. അതുകൊണ്ടുതന്നെ താൻ നുണപറയുന്നില്ല എന്ന് അവൻ ഉറപ്പിക്കുന്നു.

അച്ഛൻ വീട്ടിനുള്ളിലേക്ക് പോയിക്കഴിഞ്ഞ് അമ്മയും അവനും തനിച്ചാവുമ്പോൾ അമ്മ അവനോട് "അപ്പു നുണപറയരുത് ട്ടോ. മോന് വലുതായി അച്ഛനെമാതിരിയാവേണ്ടേ?" എന്നുപദേശിക്കുന്നു. ഇതിന്റെ പ്രതികരണമായിട്ടാണ് അപ്പു "അമ്മേ, കുതിരയെപ്പറ്റിയും പറഞ്ഞുകൂടേ?" എന്നു ചോദിക്കുന്നത്. ഈ ചോദ്യമാണ് കഥയുടെ ശക്തി. ദാമ്പത്യബന്ധത്തിന്റെ വിശുദ്ധി അച്ഛൻ നഷ്ടപ്പെടുത്തിയ കാര്യം അപ്പു തിരിച്ചറിഞ്ഞുകഴിഞ്ഞു. സ്റ്റെല്ലയുടെ കാര്യം പറയുമ്പൾ അച്ഛനുണ്ടാവുന്ന ഭാവമാറ്റം അവൻ ശ്രദ്ധിച്ചിട്ടുണ്ട്. ഭാര്യയുടെ മുന്നിൽവെച്ച് സത്യം പുറത്താവുമോ എന്നതാണ് അയാളുടെ ഭയമെങ്കിൽ താൻ സത്യം പറഞ്ഞിട്ടും മുതിർന്നവർ അതു ഗൗനിക്കാത്തതെന്താണെന്നാണ് അവനു മനസ്സിലാവാഞ്ഞത്. ഈ അവസാനചോദ്യത്തിലൂടെ അമ്മയുടെ ചെറിയകുട്ടി വളരെ വലുതാവുകയും അവന്റെ ബാല്യത്തിന്റെ മരണം സംഭവിക്കുകയും ചെയ്യുന്നു. ശിശു ദൈവദൂതനും ദൈവത്തിന്റെ പ്രവാചകനുമാണെന്ന പരമ്പരാഗത സങ്കല്പത്തെ മാധവിക്കുട്ടി ഈ കഥയിലൂടെ ചോദ്യം ചെയ്യുന്നു. ദാമ്പത്യബന്ധത്തിലെ അവിശുദ്ധികൾ സമ്പന്നജീവിതത്തിന്റെ പൊള്ളത്തരങ്ങൾ എന്നിവയും ഇവിടെ അവതരിപ്പിക്കപ്പെടുന്നു. ■

*"ആരാണ് നുണ പറയുന്നത്? അച്ഛനോ അവനോ?
കുതിരപ്പുറത്ത് കയറിയതും സ്റ്റെല്ല വന്നതുമൊക്കെ സ്വപ്നം കണ്ടതാണോ?"*



# മഹാശ്വേതാദേവി വീണ്ടും കേരളത്തിൽ



ഗയ ഹദിയ



**പടിഞ്ഞാറൻ ബംഗാളിലേക്ക് ലോകശ്രദ്ധ പതിയുന്ന കാലമാണല്ലോ. അവിടെ സാമൂഹിക സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റത്തെ എങ്ങനെ വിലയിരുത്തുന്നു?**

തുടർച്ചയായി 34 വർഷമാണ് ബംഗാളിൽ സി.പി.എം. ഭരണത്തിൽ ഇരുന്നത്. ഈ നീണ്ട കാലയളവിൽ സി.പി.എമ്മിന് ഉണ്ടായ അപചയം സാമൂഹിക ജീവിതത്തിലും പ്രതിഫലിച്ചു. സാമാന്യ ജനവിഭാഗത്തിന്റെ വരുമാനത്തിലോ സാമ്പത്തിക നിലയിലോ ഗണ്യമായ മാറ്റം ഒന്നും ഉണ്ടായില്ല. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനവിഭാഗങ്ങൾ സാങ്കേതികമായ ചില പരിഗണനകളുടെ പേരിൽ എ.പി.എൽ. ആയി പരിഗണിക്കപ്പെടുന്നു എന്നു മാത്രം. ജനങ്ങളെ നേരിട്ടു ബാധിക്കുന്ന പൊതുമണ്ഡലങ്ങളാകെ പതുക്കെ ദുർബലമാവുകയായിരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, ജലവിതരണം തുടങ്ങിയ മേഖലകളിലൊക്കെ ഇത് ദൃശ്യമായി. ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളിൽ കാര്യമായ മാറ്റം ഉണ്ടാക്കാനായില്ല. പൊതുവിതരണ സമ്പ്രദായം അടിച്ചേൽപ്പിക്കുന്ന സാമ്പത്തിക നയങ്ങളാണ് അടിച്ചേൽപ്പിക്കപ്പെട്ടത്.

ബംഗാളിലെ ചെറുതും വലുതുമായ ഗ്രാമങ്ങളിൽ എല്ലാം മാലിന്യസംസ്കരണം വലിയ വെല്ലുവിളിയായി. കൽക്കത്ത പോലുള്ള ഒരു വലിയ നഗരത്തിൽ മാലിന്യസംസ്കരണ പദ്ധതി രൂപപ്പെടുത്തുക എന്നത് പ്രധാനപ്പെട്ടതാണ്. ഫലപ്രദമായ ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞില്ല. നഗരങ്ങളിൽ മാലിന്യക്കൂമ്പാരങ്ങൾ ഉയരുന്ന മുറയ്ക്ക് ആരോഗ്യപ്രശ്നങ്ങളും വർദ്ധിച്ചുവന്നു. ഗ്രാമീണമേഖലയിൽ വലിയ ആശുപത്രികൾ നടത്തിക്കൊണ്ടുപോവുക അപ്രായോഗികമാണ്. പകരം ചെറുകിട ഹെൽത്ത്സെന്ററുകൾ ഗ്രാമങ്ങൾതോറും സ്ഥാപിക്കാവുന്നതേയുള്ളൂ. അതുപോലും സമയബന്ധിതമായി നിർവഹിക്കാനായില്ല എന്നതാണ് യാഥാർത്ഥ്യം. നഗരത്തിലെ ഗവ. മെഡിക്കൽ കോളേജുകൾപോലും വേണ്ടരീതിയിൽ പ്രവർത്തനക്ഷമമായില്ല. എങ്കിലും താലൂക്ക്-ജില്ലാ ആശുപത്രികളേക്കാൾ മെച്ചപ്പെട്ട അവസ്ഥയാണ് അവിടെ ഉള്ളത്. ഔഷധ-ശുശ്രൂഷ രംഗങ്ങളിലെ സ്വകാര്യവത്ക്കരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. ഒരുപക്ഷേ, കേരളത്തിലും സമാനമായ സാഹചര്യമായിരിക്കാം നിലനിൽക്കുന്നത്.

വലിയ പ്രതീക്ഷ നൽകിക്കൊണ്ടാണ് മമത ബാനർജിയുടെ മന്ത്രിസഭ അധികാരത്തിലേറ്റത്. ശക്തമായ ജനപിന്തുണയാണ് അവർക്കു ലഭിച്ചിരുന്നത്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ജനക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള സാധ്യതയാണ് അവർക്കുള്ളത്. കഠിനമായ പരിശ്രമം അവരുടെ ഭാഗത്തുനിന്ന് ഉണ്ടാവുന്നുമുണ്ട്. അവരുടെ പ്രവർത്തനങ്ങൾ സമഗ്രമായി വിലയിരുത്താനുള്ള സമയമാവുന്നേ ഉള്ളൂ.

കൊൽക്കത്തയിലെ തൊഴിൽ സംസ്കാരവും വലിയ പ്രതിസന്ധി നേരിടുകയാണ്. കൊളോണിയൽ ഭരണകാലത്തെ പുരോഗതിയുടെ വേഗം പതുക്കെ പതുക്കെ നഷ്ടമാവുകയായിരുന്നു. തൊഴിലിടങ്ങൾ ദുർബലമായി. കൊൽക്കത്തയുടെ സജീവഭാഗമായിരുന്ന റിക്ഷത്തൊഴിലാളികളെ ഫലപ്രദമായി പുനരധിവസിപ്പിക്കാൻ പോലുമായില്ല. അവരുടെ സ്ഥിതി വളരെ മോശമായിരുന്നു.

സാധാരണക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളും കുറഞ്ഞുവരികയാണ്. സമാന്യ ജനവിഭാഗം തുടർച്ചയായ അവഗണന നേരിടുന്നു. സാക്ഷരതാനിരക്കിൽ ഉണ്ടായ വർധനവ് ജീവിതനിലവാരത്തെ ബാധിക്കുന്നേ ഇല്ല. മുഖ്യധാരാ ഇടതുപക്ഷത്തെപ്പോലെ നക്സലേറ്റ് പ്രസ്ഥാനങ്ങളും ജനങ്ങൾക്ക് വലിയ പ്രതീക്ഷ നൽകിയിരുന്നു. അവർക്ക് ആകെ ഉണ്ടായ തിരിച്ചടികളുടെ പശ്ചാത്തലത്തിലാണ് മമതയുടെ രംഗപ്രവേശം.

സി.പി.ഐ.എം. അവകാശപ്പെടുന്നത് ബംഗാളിൽ ഭൂപരിഷ്കരണം

*(ശേഷം 53-ാം പേജിൽ)*



# ഫോക്കസ് ഹൈലൈറ്റ്സ്



ലിസാലാലു
എം.എ. മലയാളം ഒന്നാം വർഷം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

**"നമുക്കു** തിരിച്ചുവരാം ഒരിടവേളയ്ക്കുശേഷം...." ലേഖ പറഞ്ഞുനിർത്തി. ക്യാമറകൾ പരിഹാസം ഒളിപ്പിച്ചുവെച്ചുവെന്നു പറയാം. അവരുടെ ഓപ്പറേറ്റർമാരും കുറച്ചുസമയം വിശ്രമിക്കാനെടുത്തു. അർദ്ധനഗ്നരായ യുവതികളും യുവാക്കന്മാരും സ്ക്രീനിൽ നിറഞ്ഞു. അടിയുടുപ്പുകൾതൊട്ട് വില്ലകൾവരെ അവരുടെ ശരീരവടിവുകളിലൂടെ കടന്നുപോയി. തൊട്ടപ്പുറത്തെ ക്യാബിനിലേക്ക് ചില്ലുനൽകിയ സുതാര്യതയിലൂടെ നോക്കവേ ലേഖ പിറുപിറുത്തു. 'സ്ത്രീപീഡനങ്ങൾ നടന്നില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ. വസ്ത്രധാരണത്തിലേറ്റവും ശ്രദ്ധചെലുത്തിയിരുന്ന മലയാളികളും അവരുടെ ചാനലുകളും ഇന്നു ഫാഷൻ ചാനലിനോളം എത്തിയിരിക്കുന്നു. കഷ്ടം! അർദ്ധനഗ്നകളായ സ്ത്രീകളുണ്ടെങ്കിലേ പരസ്യവും ആ ഉത്പന്നവും വിജയിക്കുകയുള്ളോ?' അവൾ ചിന്തിച്ചു. "എന്താ പിറുപിറുക്കുന്നത്? തുടങ്ങാം." ലേഖ ചുരിദാറിനു മുകളിലണിഞ്ഞിരിക്കുന്ന കോട്ട് ചുളിവുനീക്കി വൃത്തിയാക്കിയതിനുശേഷം പറഞ്ഞു. "ഐ ആാം റെഡി സർ" ക്യാമറകൾ കണ്ണുചിമ്മിത്തുറന്നു. ഫോക്കസ് ഹൈലൈറ്റ്സ് തുടരുന്നു. "ശ്രീ രാജീവൻ, പറയൂ സാർ, സ്ത്രീപീഡനത്തിനു കാരണമാകുന്നതെന്തെല്ലാമാണെന്നാണ് താങ്കളുടെ കണ്ടെത്തൽ?" "എസ്, എന്റെ അഭിപ്രായത്തിൽ സ്ത്രീപീഡനം ഒരു പരിധിവരെ നിരാകരിക്കുന്നതും നയിക്കുന്നതും വിമെൻ ആണ്. ഗ്ലാമർ, ഡ്രെസ്സസ്, ആക്ടിവിറ്റീസ്, ബോഡിഷെയ്പ് എല്ലാം പുരുഷന്മാരെ വശീകരിക്കുവാനവർ ഉപയോഗിക്കുന്നു. അത് ഒരു പ്രധാന കാരണംതന്നെയാണ്. വസ്ത്രധാരണത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ ഒരുദിവസം ആയിരത്തിൽ ഒരു സ്ത്രീവീതം ബലാത്സംഗം ചെയ്യപ്പെടുന്നു. എന്നാൽ അമേരിക്കയിലുംമറ്റും സ്ത്രീകൾ കുറച്ചുവസ്ത്രം മാത്രം ധരിക്കുന്നുവെങ്കിലും അവിടെ പീഡനം കുറവാണ്. എല്ലാം ഒരു രഹസ്യസ്വഭാവത്തിൽ ഒളിപ്പിക്കുന്നതിനാൽ പുരുഷന്മാരിൽ ഒരു ജിജ്ഞാസ വളരുന്നു...." "നമുക്കു തിരിച്ചുവരാം." ലേഖ പറയാൻ തുടങ്ങി. അവൾക്ക് പല്ലുന്തി വികൃതരൂപിയായി, തന്റെ ശരീരത്തെ കൊതിയോടെ തുറിച്ചുനോക്കുന്ന രാജീവിനോട് വെറുപ്പുതോന്നി. അയാളുടെ സംസാരം അവളിൽ അമർഷം രൂപപ്പെടുത്തി. സ്ത്രീശക്തിയുടെ അമരക്കാരനായി ആരാണിയാളെ തിരഞ്ഞെടുത്തത് എന്നത് അവളിൽ ഒരു ചോദ്യമായി അവശേഷിച്ചു.

"ഇപ്പോൾ നമ്മോടൊപ്പം പ്രശസ്ത എഴുത്തുകാരി നീതകുര്യൻ ഉണ്ട്. മാഡം, മാഡത്തിന്റെ കാഴ്ചപ്പാടിൽ സ്ത്രീപീഡനം എന്നത് എങ്ങനെ വിശദീകരിക്കാൻ സാധിക്കും? മാഡത്തിന്റെ കഥകളിലും നോവലുകളിലും ഇതിനെക്കുറിച്ച് എന്തെല്ലാമാണ്, അല്ലെങ്കിൽ എന്തെല്ലാമാണ് മാഡത്തിന്റെ തൂലികയിലൂടെ പുറത്തുവന്നിട്ടുള്ളത്? "ഹലോ.... ഹലോ...." "കേൾക്കാം. മാഡം പറഞ്ഞോളൂ." "ഇന്നു മനുഷ്യരെല്ലാവരും സ്വാർത്ഥരായി മാറിയിരിക്കുന്നു. അന്യോന്യം സ്നേഹിക്കാനും ക്ഷമിക്കുവാനും തന്നെപ്പോലെ എല്ലാവരേയും കാണുവാനും കഴിയണം. അമ്മപെങ്ങന്മാരെന്നു നോട്ടമില്ലാത്ത ആധുനികയുഗത്തിന്റെ സന്തതികളാണ് സ്ത്രീകളെ പീഡിപ്പിക്കുന്നതിൽ മുമ്പിൽ. സ്ത്രീകൾ തന്നെയാണ് ചിലപ്പോഴൊക്കെ അവരുടെ ശത്രുക്കളായി മാറുന്നത്. കൊള്ളലാഭം നേടാൻ ഭാര്യയെപ്പോലും കൂട്ടിക്കൊടുക്കുന്ന





ഭർത്താവും സ്വന്തം മക്കളെ വിൽക്കുന്ന അമ്മയുമാണ് ഇന്നിന്റെ ഇരകൾ. ഇതിനെ ചോദ്യംചെയ്യാൻ നമുക്കവകാശം നിഷേധിക്കപ്പെട്ടിരിക്കയാണ്. നാളെ നമുക്കാണീ ഗതി വരുന്നതെങ്കിലോ? സ്ത്രീശാക്തീകരണവും സ്ത്രീധനരഹിത ഗ്രാമസ്വപ്നങ്ങളും സ്ത്രീവിമോചന സംഘടനകളും എല്ലാമുണ്ട്. എങ്കിലും സ്ത്രീപീഡനത്തിനൊരു കുറവുമില്ല. സ്ത്രീ ഒരു വ്യക്തിത്വമാണെന്നുള്ള ചിന്തതന്നെ പുരുഷന്മാരിൽനിന്നും നീങ്ങിപ്പോയിരിക്കുന്നു.

കേരളത്തിലെ സാഹചര്യം വളരെ ദയനീയമാണ്. ഗൾഫ് രാജ്യങ്ങളിലേക്കുള്ള മനുഷ്യക്കടത്തിനും സെക്സ് ടൂറിസത്തിനും അനേകം പെൺകുട്ടികൾ ഇരകളാകുന്നുണ്ട്. വീട്ടുവേലക്കാരികളായും മറ്റും പോകുന്ന സ്ത്രീകൾ വേശ്യാവൃത്തിയിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നു. കാപട്യമാണ് കേരളത്തിന്റെ പ്രശ്നം. ഇവിടെ ഒന്നും നടക്കുന്നില്ല എന്നുവരുത്തിത്തീർക്കുകയാണ്. എന്റെ കഥകളിലൂടേയും മറ്റും ഞാനിതിനെ പ്രതിരോധിക്കാൻ ശ്രമിച്ചിട്ടുണ്ട്.'' ''നന്ദി മാഡം, ഇപ്പോൾ ശ്രീമതി നയ്ന ഐ.പി.എസ്. നമ്മോടൊപ്പം സ്റ്റുഡിയോവിലുണ്ട്. മാഡം, മാഡത്തിന്റെ മുൻപിൽവരുന്ന ഇത്തരം കേസുകളെ എങ്ങനെ കാണുന്നു?'' "എന്റെ കയ്യിൽ വന്നിട്ടുള്ള ഏറ്റവും ക്രൂരമായ കൃത്യങ്ങളിൽ ഒന്നാണ് പതിനെട്ടുകാരൻ സഹോദരിയായ പതിനഞ്ചുകാരിയെ പീഡിപ്പിച്ചത്... ഇറ്റ് വാസ് വെരി ക്രുവൽ... തിരിച്ചറിവില്ലാത്ത പ്രായത്തിൽതന്നെ ആ കുട്ടിക്ക് നേരിടേണ്ടിവന്നത് ശ്രീമതി നിതകുര്യൻ പറഞ്ഞതുപോലെ സ്വാർത്ഥതനിറഞ്ഞ പുരുഷന്റെ പുരുഷഭാവങ്ങളാണ്. ഇന്നിന്റെ ഇരകൾ എന്ന് എഴുത്തുകാരി ഉപയോഗിച്ച വാചകത്തെ ഞാൻ അംഗീകരിക്കുകയാണ്. കേരളത്തിൽ മനുഷ്യക്കടത്തിനെതിരായ പ്രവർത്തനം അനിവാര്യമാണ്. ഇവിടുത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ മലയാളികളും മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള പെൺകുട്ടികളും വ്യാപകമായി ലൈംഗികചൂഷണത്തിന് ഇരകളാകുന്നുണ്ട്. തത്ക്കാലത്തെ

വീട്ടുവേലക്കാരികളായും മറ്റും പോകുന്ന സ്ത്രീകൾ വേശ്യാവൃത്തിയിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നു. കാപട്യമാണ് കേരളത്തിന്റെ പ്രശ്നം

സാമ്പത്തിക ആവശ്യം മുൻനിർത്തി മസാജ് പാർലറുകളിലുംമറ്റും ജോലിക്കുപോകുന്ന പെൺകുട്ടികൾ പോർണോഗ്രാഫിക് വീഡിയോകളിൽ കുടുങ്ങുന്നതോടെ കഥ മാറുന്നു. സ്വാഭാവികമായും മാഫിയാസംഘങ്ങളുടെ ഇംഗിതങ്ങൾക്ക് വിധേയരാകുവാൻ അവർ നിർബന്ധിതരാകുന്നു. പീഡനത്തിനിരകളാകുന്ന കുട്ടികളുടെ സ്ഥാനത്ത് സ്വന്തം മകളായിരുന്നുവെങ്കിൽ എന്താകുമായിരുന്നുവെന്ന് ഇവിടുത്തെ ഉന്നതർ ഓരോരുത്തരും ചിന്തിക്കണം. പോലീസിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഇത്തരം കേസുകൾ കൈകാര്യംചെയ്യാനുള്ള പരിശീലനമോ തക്കതായ നിയമങ്ങളോ ഇവിടെയില്ല. പ്രഖ്യാപനങ്ങളല്ല നമുക്കു വേണ്ടത്. പ്രവൃത്തിയാണ്. കേരളത്തിൽ മനുഷ്യക്കടത്തിനും ലൈംഗികചൂഷണത്തിനും എതിരായ ഒരു നയം അനിവാര്യമാണ്. നാലു പ്രതികൾ ശിക്ഷിക്കപ്പെട്ടാൽ സാഹചര്യം മാറും. ഇത്തരത്തിൽ....." "നന്ദി മാഡം, ഫോക്കസിലേക്കു മടങ്ങിവരാം.... ഒരിടവേളയ്ക്കുശേഷം..."

"ലേഖ, ഗസ്റ്റിനു പോകാൻ തിടുക്കമുള്ളതിനാൽ അവർ പൊയ്ക്കോട്ടെ. ആ രാജേഷ് ഒരു വിഷ്വലുമായി വരാമെന്നു വിളിച്ചുപറഞ്ഞിട്ട് മണിക്കൂറൊന്നായി. അടുത്ത പത്തുമിനുട്ട് അതു കാണിക്കാമായിരുന്നു." സുരേഷ് പറഞ്ഞുനിർത്തി. ലേഖ പുറത്തെ അരണ്ടവെളിച്ചത്തിലേക്കു നോക്കി. നിഴലിൽ ഒരച്ഛനും അമ്മയും മൂന്നുപെൺകുട്ടികളും ബീച്ചിലേക്കു നടക്കുന്നത് കണ്ടു. ചുറ്റും ഭീതിയോടെ നോക്കിപ്പോകുന്ന പെൺകുട്ടികളിൽ തന്റെ സ്വത്വം തെളിയുന്നുവോ എന്നവൾ ഭയന്നു. "ഫോക്കസ് തുടരുന്നു" "ശ്രീമതി നിത, ഫോക്കസിന്റെ നിമിഷങ്ങൾ അവസാനിക്കുമ്പോൾ എന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടോ?" "യെസ്, ഓരോ ദിവസവും ഇവിടുത്തെ പത്രങ്ങളിൽ വരുന്ന വാർത്തകൾതന്നെ ഒരുപാടു വസ്തുതകൾ വിളിച്ചുപറയുന്നുണ്ട്. ലൈംഗികചൂഷണത്തിന് ഇരയാകുന്നവരുടെ സംരക്ഷണത്തിന് ഫലപ്രദമായ നിയമമോ പുനരധിവാസമോ ഇവിടെയില്ല. ഒരുപെണ്ണ് തനിക്കുണ്ടായ അനുഭവം തുറന്നുപറഞ്ഞാൽ അവളെ തേവിടിശ്ശിയായി അവരോധിക്കുന്നതാണ് നമ്മുടെ രീതി. അറിവില്ലാത്ത, സാക്ഷരർ കുറവുമുള്ള സംസ്ഥാനമാണിതെന്ന് തോന്നിപ്പോകുന്നു. ലൈംഗികചൂഷണത്തിനും മനുഷ്യക്കടത്തിനുമെതിരെ സജീവമായി പ്രവർത്തിക്കുന്ന, പോരാടുന്ന പ്രജ്വല പോലുള്ള സംഘടനകൾ ഉണ്ടാകേണ്ടതുണ്ട്. ഡോ. സുനിതകൃഷ്ണനെപ്പോലുള്ളവർ വർദ്ധിച്ചുവരണം. പ്രജ്വലയുടെ സാരഥി എന്നതിലുപരി അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് തയാറാക്കിയ 'റിയൽ ഹീറോ' പട്ടികയിലും ഇടം നേടിയവരാണവർ." "നന്ദി മാഡം, ഞങ്ങളോട് സഹകരിച്ചതിന്. ചെറിയൊരു കമേഴ്സ്യൽ ബ്രേക്ക്." ലേഖ പുഞ്ചിരിച്ചു. കാലിന്റെ മുട്ടിനുതാഴെ നീരുവെച്ചതുപോലെ അവൾക്കു തോന്നി. കുറച്ചു പരസ്യങ്ങൾക്കുശേഷമാണ് രാജേഷ് പാഞ്ഞെത്തിയത്. എത്രശ്രമിച്ചിട്ടും വിഷ്വൽ കിട്ടിയില്ല. അവസാനം ജമാൽ ഇത്രയുംകാലം നോക്കിവെച്ച ആ പെണ്ണിനെ പിടികൂടി- ട്യൂഷൻ കഴിഞ്ഞ് വരുവാർന്നു. വലിയവരുടെയൊക്കെ മാർക്കറ്റ് കുറഞ്ഞു." ലേഖയെ അർത്ഥഗർഭമായി നോക്കിയിട്ട് രാജേഷ് പറഞ്ഞു. മുഖം കളഞ്ഞിട്ടുണ്ട്.... ആ പെണ്ണാകെ മാന്തിപ്പറിച്ച് ഒരുവിധമാക്കി.... ടൗണിനപ്പുറത്തെങ്ങാണ്ടാ വീട്.... ചേച്ചീ, അമ്മേ എന്നൊക്കെപ്പറഞ്ഞ് ഭയങ്കര ഒച്ചയിട്ടു. അവസാനം ഞാൻ വായിൽ ടൗവലു തിരുകി. ചത്തോ എന്തോ? മുഴുവൻ കവറുചെയ്യാൻ കഴിഞ്ഞോ ആവോ? പെണ്ണാണേൽ കുതറിയിട്ട് ഒന്നു മൊട്ട് മര്യാദയ്ക്ക് എടുക്കാനും കഴിയുന്നില്ല. എന്താ.... കൺഫ്യൂഷൻ...." ലേഖ ഒന്നു ഞെട്ടി. എന്താണിയാൾ പറയുന്നത്. അവിശ്വസനീയം! ഇനി വിഷ്വൽ പ്ലേ ചെയ്യുമ്പോൾ അതിനു ചെറിയൊരു വിശദീകരണം.




ഈയൊരു ജോലികൊണ്ടാണ് വീട്ടിൽ അടുപ്പുപുകയുന്നത്. ഇതുകഴിഞ്ഞാൽ കനംവെച്ച കാലുമായി വീട്ടിലേക്കു പോകാം. ഇന്നാണിത്രയും നേരം വൈകിയത്. 8 ആകുന്നു. 7.30 വരെയാണ് ഫോക്കസ് ഹൈലൈറ്റ്സ്. ഇന്ന് ചില സാങ്കേതിക കാരണങ്ങളാൽ.... "ഫോക്കസ് ഹൈലൈറ്റ്സ് തുടരുന്നു. എല്ലാദിവസവും ഫോക്കസിന്റെ അവസാനം ഞങ്ങളൊരു യഥാർത്ഥ വിഷ്വൽ പ്രേക്ഷകർക്കായി കണ്ടെത്തിക്കൊണ്ടുവരാറുണ്ട്. ഇന്നത്തേതിലേക്ക്....



നിലത്തുവീണുകിടക്കുന്ന പുസ്തകങ്ങളായിരുന്നു ആദ്യം കണ്ടത്. അതിലെ വടിവൊത്ത കയ്യക്ഷരം പരിചയം പ്രകടിപ്പിച്ചുവോ?... പിന്നീട് ചോറ്റുപാത്രം ശൂന്യമായി.... അതിനുമപ്പുറം ബോക്സിനുള്ളിലെ റബ്ബർ, പെൻസിൽ, സ്കെയിൽ.... പിന്നെ രണ്ടു കാലുകൾ... നീലപ്പാവാട.... കീറിപ്പറിഞ്ഞ വെള്ള ബ്ലൗസ്.... മുടിപ്പിന്നിനറ്റത്തെ വെള്ള റിബ്ബൺ... ഇന്നു വൈകീട്ട് ആറരയ്ക്കുശേഷം നടന്ന ബാലികാപീഡനമാണിത്. ലീന എസ്. എന്ന കുട്ടിയാണ് പീഡനത്തിനിരയായത്. പഠനത്തിലും പാഠ്യേതരവിഷയങ്ങളിലും മികവുപുലർത്തിയിരുന്ന ഈ കുട്ടി ജി.വി.എച്ച്.എസ്.എസ്. കലൂരിലെ ബെസ്റ്റ് സ്റ്റുഡന്റ് അവാർഡിന് കഴിഞ്ഞവർഷം അർഹയായിരുന്നു. വാർത്തകൾ അവസാനിക്കുന്നില്ല. അവസാനിക്കാത്ത വാർത്തകളുടെ ഹൈലൈറ്റ്സുമായി ഫോക്കസ് നാളെ രാത്രി 7 മണിക്ക്. നമസ്കാരം. രാജേഷും കൂട്ടരും സ്തബ്ധരായി നിൽക്കുകയായിരുന്നു. അവളുടെ അതിവേഗത്തിലുള്ള കമന്ററി കേട്ട് അവർ അത്ഭുതംകൂറി. കോട്ടവിടെ ഊരിവെച്ച് ബാഗുമെടുത്ത് അവൾ ഇറങ്ങിനടന്നു. "നാളെ ചിലപ്പോൾ ഫോക്കസ് ടീനമേരിയെ ഏൽപ്പിക്കേണ്ടിവന്നേക്കാം. എന്റെ അനുജത്തിയാണ് മരിച്ചിരിക്കുന്നത്." നിർവികാരയായി അവൾ പറഞ്ഞു. "എനിക്കൊന്നുറങ്ങണം. ഐ ആം വെരി ടയേർഡ്. എല്ലാം നേരത്തെ കഴിയുകയാണെങ്കിൽ വരാം." ഞെട്ടിത്തരിച്ചിരിക്കുന്ന ക്യാമറാമാനെ കടന്ന് അവൾ ലിഫ്റ്റിൽ കയറി. ഭൂമിയിൽ കാൽ സ്പർശിച്ചപ്പോൾ ഒരു പ്രത്യേക അനുഭൂതി അവൾക്കു തോന്നി. നിരത്തിന്റെ മഞ്ഞവെളിച്ചത്തിൽ കനം തൂങ്ങുന്ന കണ്ണുമായി അവൾ നടന്നു. രാത്രിയിൽ ലീനയ്ക്കൊന്നും പറഞ്ഞുകൊടുക്കേണ്ടല്ലോ എന്നു ചിന്തിച്ച് അവൾ പതിയെ നടന്നു. റോഡിന്റെ ഇരുട്ടുകലർന്നഭാഗത്ത് മുല്ലപ്പൂ തലയിൽചൂടി മദാലസയായി കുരുങ്ങിനിന്ന സ്ത്രീ അവളെ തുറിച്ചുനോക്കി. ഐ.ഡി. കാർഡ് കുറച്ചുകൂടി പ്രദർശിപ്പിച്ച് അവൾ ആ നോട്ടത്തെ എതിർത്തു. ഒരു ബലൂൺവിൽപ്പനക്കാരൻ തന്റെ ജീവിതം ഊതിവീർപ്പിച്ചുകൊണ്ടിരിക്കുന്നതുകണ്ട് അവൾ കാലുകൾ വലിച്ചുവെച്ചു. "എന്താ മോളേ ഈ നേരത്ത്? ചേട്ടൻ കൊണ്ടാക്കണോ?" വഴിക്ക് മൈൽക്കുറ്റിയിലൊരുവൻ ചോദിച്ചു. പാൻമസാലകളുടേയും മദ്യത്തിന്റേയും സമ്മിശ്രഗന്ധം അവരെ മൂടിയിരുന്നു. സിഗരറ്റുവെളിച്ചത്തിൽ അവരെത്രപേരെന്ന് തിരിച്ചറിയാൻ അവൾക്കു കഴിഞ്ഞില്ല. "അങ്ങനെയങ്ങുപോയാലോ, ഒന്നുമിണ്ടിക്കേ, മുത്തുപൊഴിയോ?" ഒരുത്തൻ തോളത്തു കൈവെച്ചു. ഇരുട്ടിന്റെ മറവിൽ അവർതീർത്ത നിഴലിലേക്ക് അവർ ഇരച്ചുകയറിയപ്പോൾ അവളൊന്നു കുതറി. പിന്നെ പതുക്കെപ്പതുക്കെ നിശ്ചലയായി. അവൾക്കുചുറ്റും അവളുടെ ഉടുപ്പുകൾ ചിതറിക്കിടന്നു. പതുക്കെപ്പതുക്കെ അവളുടെ കണ്ണിൽ നിറങ്ങൾ മാഞ്ഞുപോയിക്കൊണ്ടിരുന്നു. ഇരുട്ടവളെ കാർന്നുതിന്നുതുടങ്ങി. നാളെ ഫോക്കസിന്റെ വിഷയം എന്തായിരിക്കുമെന്നും അതാരവതരിപ്പിക്കുമെന്നുമോർത്ത് അവൾ ചിരിച്ചുകൊണ്ടിരുന്നു. സ്ട്രീറ്റ് ലൈറ്റിന്റെ മങ്ങിയ വെളിച്ചത്തിൽ അതലിഞ്ഞുചേർന്നു.

"നമസ്കാരം ഫോക്കസ് ഹൈലൈറ്റ്സിലേക്കു സ്വാഗതം. ഞാൻ ടീന മേരി ഫ്രാൻസിസ്. ഞങ്ങളുടെ ചാനലിന്റെ ഫോക്കസ് ഹൈലൈറ്റ്സ് അവതാരക ലേഖ ഇന്നലെ രാത്രി.... അവതാരകർ നേരിടുന്ന പ്രശ്നങ്ങൾ എന്നതാണ് ഇന്നത്തെ ചർച്ചാവിഷയം.... ഇതിനോടു പ്രതികരിക്കാൻ...." ടീന പറയാൻ തുടങ്ങി. ■

*"അവൾ ചിരിച്ചു. സംസാരിച്ചു. മൂളിപ്പാട്ടുകൾ പാടി. വിശ്രമമില്ലാതെ ഓടിനടന്നു.*
*തന്റെ ശരിയായിട്ടുള്ള രൂപം അവരെയാരെയും കാണിക്കുവാൻ അവൾ ധൈര്യപ്പെട്ടില്ല"*
*(പുനഃസമാഗമം - മാധവിക്കുട്ടി)*






# ഞാൻ

സുത പാടഞ്ചേരി

ഞാനാണാകുന്നു, പെണ്ണാകുന്നു
ചിലനേരത്ത്
ഞാനറിയുന്നു രണ്ടുമല്ലെന്ന്.
മകനാകുന്നു മകളാകുന്നു
ചിലനേരത്ത്
ഞാനറിഞ്ഞു രണ്ടുമല്ലെന്ന്.
മരുമകളാകുന്നു, മരുമകനാകുന്നു
ചിലനേരത്ത്
ഞാനറിഞ്ഞു രണ്ടുമല്ലെന്ന്
ഭാര്യയാകുന്നു, ഭർത്താവാകുന്നു
ചിലനേരത്ത്
ഞാനറിഞ്ഞു രണ്ടുമല്ലെന്ന്.
അമ്മയാവുന്നു അച്ഛനാവുന്നു
ചിലനേരത്ത്
ഞാനറിയുന്നു രണ്ടുമല്ലെന്ന്
ദേവനാകുന്നു ദേവിയാകുന്നു
ചിലനേരത്ത്
ഞാനറിഞ്ഞു രണ്ടുമല്ലെന്ന്
എങ്കിലും
അറിയുന്നില്ല ഈ ഞാനാരെന്ന്.....





# ഹാങ്ങർ

ഗയ

അവന്റെ ഷേർട്ട്
അടിവസ്ത്രം
ജീൻസ്...
അവന്റെ നോവലുകൾ
സിഗററ്റ് കൂട്
ഓസീയാർ ബോട്ടിൽ...
അവന്റെ കാമുകിമാർ
വിയർപ്പുകൾ
ചുവന്ന ശരീരം

മുറ്റത്തെ കമ്പിയിൽ
ഓരോ ഹാങ്ങറിലും
പാറിവന്നു കൂടുകെട്ടുന്ന
ഓലക്കുരുവികളെ നോക്കി
ഞാൻ ഫോൺ ചെയ്തുകൊണ്ടിരിക്കും

വൈകുന്നേരംവരെ
എന്നെ
ഓഫ് ലൈനിലിട്ട്
ഉണക്കിക്കൊണ്ട്.



# മോതിരം



അമ്മുദീപ

എന്റെ കയ്യിലുമുണ്ട്
രാജാവു സമ്മാനിച്ച മോതിരം
വരണ്ട ചുംബനങ്ങളുടെ
തിണർപ്പു പതിഞ്ഞത്
നരച്ച മുന്നേറ്റങ്ങളുടെ
വിരസത പടർന്നത്

ചുണ്ടുകൂർപ്പിച്ച്
കണ്ണുരുട്ടി
ശ്ശ്...... എന്ന്
ചെങ്കോലിനാൽ മിണ്ടാതാക്കുമ്പൊഴും
മൂർച്ഛപോയിട്ട്
ഒരു ഇക്കിളിയെങ്കിലും തരാതെവീണുപോയ
ഒരു കിഴവൻകുതിരയുടെ
കിതപ്പിന്റെ താളഭംഗങ്ങളോർത്തുചിരിക്കാൻ
എന്റെ പതിനേഴിന്റെ ആമാടപ്പെട്ടിയിൽ
ഭദ്രമായി സൂക്ഷിച്ചുവെച്ചത്

രാജാവു സമ്മാനിച്ച
അതേ മോതിരം





# നീതി

തന്റേതല്ലാത്ത കാരണത്താൽ
മാനഭംഗംവന്ന പെൺകുട്ടി
കണ്ണീരോടെ
റെയിൽപ്പാളത്തിലേക്കു നടന്നു.

തന്റേതല്ലാത്ത കാരണത്താൽ
കോടതി നിരുപാധികം വിട്ടയച്ച ആൺകുട്ടി
ആശ്വാസത്തോടെ
സിനിമാടാക്കീസിലേക്കും.

# മുറി(വ്)



എന്റെ മുറി
എത്ര വലുതായിരുന്നു
ഇന്ന്
അതെത്ര ചെറുതായിരിക്കുന്നു.....
ഇന്നലെയായിരുന്നു
നമ്മുടെ വിവാഹം





# പ്രിയ സുഹൃത്തുക്കളോട്

**'സംഘടിത'യുടെ ഹൃദയംഗമമായ ആശംസകൾ!**

അന്വേഷിയുടെ പുതിയ സംരംഭമായ സംഘടിത എന്ന സ്ത്രീമാസിക മാധ്യമരംഗത്ത് വിവിധ മേഖലകളിലുള്ള സ്ത്രീകളുടെ ചലനങ്ങൾക്ക് ആവിഷ്കാരം സാദ്ധ്യമാക്കാൻ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. ഇതിന്റെ ആദ്യത്തെ പ്രതി 2010 ഡിസംബറിൽ പ്രസിദ്ധ തമിഴ് കവിയായ ശ്രീമതി സൽമ പ്രകാശനം ചെയ്യുകയുണ്ടായി. മാസികയുടെ എഡിറ്റർ പ്രസിദ്ധ എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ പ്രൊഫസർ സാറാ ജോസഫും മാനേജിങ്ങ് എഡിറ്റർ പ്രമുഖ സ്ത്രീപ്രവർത്തകയായ കെ. അജിതയുമാണ്. ദീദി, സി. എസ്. മീനാക്ഷി, പി. ഗീത, ഗിരിജ പാതേക്കര, ജ്യോതി നാരായണൻ, മിനി സുകുമാർ, കെ.എം. ഷീബ, അഡ്വ. കെ. കെ.പ്രീത, കെ. കെ.സാവിത്രി, രാജലക്ഷ്മി തുടങ്ങിയ സർഗ്ഗധനരായ സ്ത്രീകളടങ്ങിയ പത്രാധിപസമിതിയും, എക്സിക്യൂട്ടിവ് എഡിറ്റർ ഡോ. ജാൻസി ജോസും ആണ് ഇതിന്റെ ചുക്കാൻ പിടിക്കുന്നത്. സുഗതകുമാരി, എം.ലീലാവതി, ഡോ.ശാരദാമണി, മല്ലികാസാരാഭായ്, ബീനാപോൾ എന്നിവരടങ്ങുന്ന ഉപദേശകസംഘവും മാസികയുടെ പ്രവർത്തനങ്ങളോടൊപ്പമുണ്ട്. **2011 ഒക്ടോബർ മാസത്തിൽ മാസികയുടെ 10-ാം പതിപ്പാണ് പുറത്തിറങ്ങുന്നത് എന്നതിൽ ഞങ്ങൾക്ക് അഭിമാനവും സന്തോഷവുമുണ്ട്.** കേരളത്തിൽ വ്യത്യസ്ത മേഖലകളിലുള്ള എഴുത്തുകാരികൾക്ക് മാധ്യമരംഗത്ത് തനതായ ഒരിടം കണ്ടെത്താനായി ഉയർന്നുവന്ന ഈ സംരംഭം കേരളചരിത്രത്തിൽതന്നെ ഒരു നാഴികക്കല്ലാണ്. ഓരോ ലക്കവും പ്രത്യേകവിഷയങ്ങളിൽ വൈദഗ്ധ്യമുള്ള ഗസ്റ്റ് എഡിറ്ററെ ഏൽപ്പിക്കുന്നതിലും ഏതു വിവാദപരമായ വിഷയങ്ങളും പ്രസിദ്ധീകരിക്കുന്നതിലും ഈ സംരംഭം വിജയിച്ചിട്ടുണ്ട്.

എന്നാൽ ഈ മാസികയുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഞങ്ങളുടെ സംരംഭത്തോട് സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതും അവരുടെ പേരുകൾ മാസികയിലും ഞങ്ങളുടെ വെബ്സൈറ്റിലും (www.anweshi.org) പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

കോഴിക്കോട്: നിങ്ങളുടെ 'സംഘടിത' ടീം.

**ചെക്കുകളും ഡി.ഡി. കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക**

അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,
പി.ഒ. കുതിരവട്ടം,
കോഴിക്കോട്-673016,
ടെലി: 0495-2744370

**ഓൺലൈനായി:**
'സംഘടിത', ഫെഡറൽ ബാങ്ക്, മാവൂർ റോഡ്, കോഴിക്കോട്-16
അക്കൗണ്ട് നമ്പർ: 14130100072122,
IFSC Code : FDRL0001413
(രാജ്യത്തിനകത്തുനിന്ന്)

## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽനിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ)

## സംഘടിത മാസിക

**വരിസംഖ്യാ നിരക്ക്**

ഒറ്റപ്രതി : 15 രൂപ
വാർഷിക വരിസംഖ്യ : 150 രൂപ

വിദേശത്തേക്ക് ഒറ്റപ്രതി : 100 രൂപ



# ജീവിതം പഠിപ്പിച്ച അമ്മ



ശുഭാമണി

**"ഒരാവശ്യം** വരുമ്പോൾ ആരുണ്ട് മോളേ നിനക്ക്?" മരണം പടിവാതിൽക്കലെത്തി എന്നു തിരിച്ചറിഞ്ഞുതുടങ്ങിയ നാളുകളിലൊന്നിൽ അമ്മ എന്നോടു ചോദിച്ചിരുന്നു. ഉത്തരം കിട്ടുന്നതിനുവേണ്ടിയുള്ള ചോദ്യമായിരുന്നില്ല അത്; തന്റെതന്നെ നിസ്സഹായതയുടെ വെളിപ്പെടുത്തലായിരുന്നു. എന്റേയും മുരളി അണ്ണന്റേയും (സഹോദരൻ) വിവാഹം കഴിഞ്ഞ് രണ്ടരവർഷം കഴിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളു അന്ന്. 24 വർഷങ്ങൾക്കു മുമ്പ് 1988ൽ. അണ്ണന്റെ മകന് ആറു മാസം പ്രായം. എനിക്കു കുട്ടിയുണ്ടായിട്ടുമില്ല. അമ്മയുടെ ചികിത്സ കാരണം എന്റെ ചികിത്സ തുടങ്ങാനാകാതെ വരുന്നതിന്റേയും എത്രയൊക്കെ ചികിത്സിച്ചിട്ടും തന്റെ വൃക്കരോഗം മൂർച്ഛിച്ചുകൊണ്ടിരുന്നതിന്റേയും വിങ്ങൽ അമ്മയെ അന്നു നീറ്റിക്കൊണ്ടേയിരുന്നു....

"ശുഭയ്ക്കു പ്രൊമോഷനായി. പക്ഷേ, ഒന്നും കാണാനും അനുഭവിക്കാനും എനിക്കു യോഗമില്ല." ഞാൻ ജോലിചെയ്യുന്ന പബ്ലിക് റിലേഷൻസ് വകുപ്പിൽ അസി. എഡിറ്ററായുള്ള എന്റെ ആദ്യത്തെ പ്രൊമോഷൻ ലഭിച്ച ദിവസം, തന്നെ കാണാൻ വന്നവരോടെല്ലാം അമ്മ അതുതന്നെ പറഞ്ഞുകൊണ്ടിരുന്നു.




*ലേഖികയുടെ അമ്മ*

അതിനു പിറ്റേദിവസമാണ് ഒടുവിലായി അമ്മയെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുന്നത്. പിന്നീട് ഒരാഴ്ച തികച്ചായില്ല. ഏപ്രിൽ 19ന് അമ്മ യാത്രയായി.... അതിൽപ്പിന്നെ ഓരോ ഏപ്രിൽ 19നും അമ്മയുടെ എനിക്കുള്ള വിവാഹസമ്മാനമായ നിലവിളക്കുകൊളുത്തി ആ സ്മരണയ്ക്കുമുന്നിൽ ഞാൻ നമ്രശിരസ്കയാകുന്നു...

അമ്മയുടെ 50 വർഷത്തെ ജീവിതത്തിനിടയിലെ നീണ്ടകാലത്തെ കഷ്ടപ്പാടുകൾക്ക് പ്രതിഫലമായി കിട്ടിയ സമ്മാനമാണ് എന്റെ ജീവിതം. അമ്മയുടെ മാത്രമല്ല, അച്ഛന്റേയും. കൊല്ലം ജില്ലയിലെ പുത്തൂരിനടുത്ത് മൈലംകുളത്ത് തീരെ ദരിദ്രമല്ലാത്ത കുടുംബത്തിലെ അംഗമായിരുന്നിട്ടും പഠിക്കാൻ മിടുക്കിയായിരുന്നിട്ടും നാലാംക്ലാസ്സിൽ പഠിത്തം ഉപേക്ഷിക്കേണ്ടിവന്നിരുന്നു അമ്മയ്ക്ക്. ആയിരം തേങ്ങയുടെ വില ഒരു മാസത്തെ ഫീസിനു തികയില്ലെന്ന കാരണം പറഞ്ഞായിരുന്നു അമ്മച്ചിയമ്മ (അമ്മയുടെ അമ്മ) പഠിത്തം അവസാനിപ്പിച്ചത്. തുടർന്ന് പതിനൊന്നു വയസ്സ് പ്രായത്തിൽ അടുത്തുള്ള കശുവണ്ടിഫാക്ടറിയിൽ ജോലിക്കു ചേർക്കുകയും ചെയ്തു. അതേസമയം അമ്മാവനെ പഠിപ്പിക്കുകയും സർക്കാർ ഉദ്യോഗസ്ഥനാക്കുകയും ചെയ്തു അമ്മച്ചിയമ്മ. അതിനോടുള്ള മധുരമായ പകരംവീട്ടൽ മനോഭാവമായിരിക്കണം ഒരുപക്ഷേ, കഷ്ടപ്പാടുകൾക്കിടയിലും എന്റെ ആഗ്രഹം മാനിച്ച്, എം.എ. പഠനത്തിനുശേഷം പത്രപ്രവർത്തനത്തിൽ ബിരുദാനന്തരബിരുദത്തിന് തിരുവനന്തപുരത്ത് ഹോസ്റ്റലിൽ ചേർത്തു പഠിപ്പിക്കാൻ അമ്മയെ പ്രേരിപ്പിച്ചത്. അണ്ണന്റെ പഠനം ബിരുദത്തോടെ നിലച്ചുപോയിട്ടും എന്റെ ഇഷ്ടത്തിന് അമ്മ എതിരുനിന്നതേയില്ല. പഠനത്തിനിടയിൽ സർക്കാർജോലി ലഭിച്ചിട്ടും തുടർന്നുപഠിക്കാൻ അമ്മ എന്നെ അനുവദിക്കുകയും ചെയ്തു. അന്നൊക്കെ ഒഴിഞ്ഞ കാതും കഴുത്തുമായി നടന്ന അമ്മയെ കാണുമ്പോൾ എന്റെ ഇടനെഞ്ച് നുറുങ്ങുമായിരുന്നു....

തികച്ചും സൗമ്യയായിരുന്നു എന്നും അമ്മ. ആരെക്കുറിച്ചും പരാതികളില്ല, ആരോടും പരിഭവമില്ല. ജീവിതത്തിൽ സ്വപ്നം കണ്ടതിലേറെ കൈവന്നുവെന്ന തോന്നൽ അമ്മയെ ആഹ്ലാദിപ്പിച്ചിരുന്നു. പഠനം കഴിഞ്ഞ് പബ്ലിക് റിലേഷൻസ് വകുപ്പിൽ അസി. ഇൻഫർമേഷൻ ഓഫീസറായി ജോലിയിൽ പ്രവേശിച്ചപ്പോൾ മറ്റുള്ളവരെ അതു പറഞ്ഞറിയിക്കാൻ അമ്മ വല്ലാതെ വെമ്പിയെങ്കിലും



അമ്പരപ്പും പരിഭ്രമവും കാരണം അതിനു കഴിഞ്ഞില്ലെന്ന് അമ്മ എന്നെ അറിയിക്കുകയുണ്ടായി. എനിക്കുള്ള കത്തുകൾക്ക് മേൽവിലാസം എഴുതിക്കൊടുക്കുമായിരുന്ന കമ്പനി മാനേജർ "ലക്ഷ്മിക്കുട്ടി, മോളെ ഓഫീസറാക്കി, അല്ലേ" എന്നു പറഞ്ഞത് കത്തിൽ അഭിമാനത്തോടെ അമ്മ എഴുതിച്ചേർക്കുകയും ചെയ്തിരുന്നു.



പത്രപ്രവർത്തനം കുട്ടിക്കാലം മുതൽക്കേ എന്റെ സ്വപ്നമായിരുന്നു. കഥയും കവിതയുമൊക്കെ കുത്തിക്കുറിച്ചുതുടങ്ങിയ നാളുകളിൽതന്നെ എങ്ങനെയോ മനസ്സിലുറച്ച ഒരു തോന്നലായിരുന്നു എഴുതാനും വായിക്കാനും പറ്റിയ മേഖല പത്രപ്രവർത്തനം മാത്രമാണെന്നത്. എളുപ്പത്തിൽ സർക്കാർ ജോലി കിട്ടുന്ന ഏതെങ്കിലും കോഴ്സിനു ചേരണമെന്നത് അച്ഛന് നിർബന്ധമായിരുന്നു. ഫസ്റ്റ് ക്ലാസ്സിൽ ഒന്നാമതായി സ്ക്കൂൾ ഫൈനൽ കടന്നതോടെ അച്ഛനമ്മമാരുടെ മോഹങ്ങൾക്ക് വല്ലാതെ ചിറകുമുളയ്ക്കുകയും ചെയ്തിരുന്നു. പ്രീഡിഗ്രി കഴിഞ്ഞ് മെഡിസിനു ചേർന്ന വലിയച്ഛന്റെ (അച്ഛന്റെ ജ്യേഷ്ഠൻ) മകളുടെ പാഠപുസ്തകങ്ങൾ കൈമാറിക്കിട്ടിയിരുന്നുവെങ്കിലും ബി.എസ്സി. നഴ്സിങ്ങിനപ്പുറത്തേക്ക് അവരുടെ ആശകൾ പടർന്നുകയറിയിരുന്നില്ല. മിലിട്ടറിയിൽ ബി.എസ്സി നഴ്സിങ്ങ് പ്രവേശനത്തിന് കൊച്ചി നേവൽ ബേസിൽ ടെസ്റ്റും ഇന്റർവ്യൂവും നടന്നപ്പോൾ അച്ഛൻ എന്നെ കൊണ്ടുപോകുകയും ചെയ്തിരുന്നു.

അമ്മയ്ക്കെന്നെ ഒരു അദ്ധ്യാപികയായിക്കാണാനായിരുന്നു താത്പര്യം. അപ്പച്ചിമാരിൽ നാലുപേർ അദ്ധ്യാപികമാരായിരുന്നു. അവരിൽ മൂന്നുപേർ ഒരേദിവസം സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചവരും. അവരെ കണ്ടുപഠിക്കാൻ അമ്മ എപ്പോഴും എന്നെ ഉപദേശിച്ചുകൊണ്ടിരുന്നു. അപ്പച്ചിമാർ നല്ല അച്ചടക്കമുള്ളവരും കലയിലും സാഹിത്യത്തിലും വാസനയുള്ളവരും ആയിരുന്നു. അതുകൊണ്ടുതന്നെ അമ്മ അവരുടെ ആരാധികയുമായിരുന്നു. നന്നായി പഠിച്ചു ജോലിനേടാനായാൽ അവരെപ്പോലെ സ്ത്രീധനവും പൊന്നും പണവുമൊന്നും നൽകാതെ വിവാഹം നടത്താനാകുമെന്ന് അമ്മ എന്നെ നിരന്തരം പറഞ്ഞു കേൾപ്പിച്ചു.

അച്ഛന്റെ കുടുംബത്തിൽ ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസം (5-ാം ക്ലാസ്സ്) അച്ഛനുമാത്രമായിരുന്നു. സഹോദരന്മാരിൽ ഒരാൾ അലിൻഡിലെ വർക്സ് മാനേജരും മറ്റൊരാൾ വാട്ടർ അതോറിറ്റിയിൽ ചീഫ് എൻജിനീയറുമായിരുന്നു. ജ്യേഷ്ഠൻ ഉപരിപഠനത്തിന് മദ്രാസിൽ പോയതിനാലും അച്ഛനമ്മമാർ രോഗബാധിതരായിരുന്നതിനാലും അച്ഛന് പാതിവഴിയിൽ പഠനം നിർത്തി കുടുംബഭാരം ഏറ്റെടുക്കേണ്ടിവന്നു. കുടുംബവീട്ടിലെ നെയ്ത്തുശാലയുടെ നടത്തിപ്പുചുമതലയും അച്ഛനായിരുന്നു. സഹോദരങ്ങൾ വിദ്യാഭ്യാസം നേടി അകന്നുപോയി എന്ന തോന്നലിലാകണം അവരിൽനിന്ന് സ്വയം അകന്ന് അച്ഛൻ സ്വന്തം ഇഷ്ടപ്രകാരം അമ്മയെ വിവാഹമാലോചിക്കുകയായിരുന്നു. അങ്ങനെ ഒറ്റപ്പെട്ട ഒരു ജീവിതമായിരുന്നു കുട്ടിക്കാലത്ത് ഞങ്ങൾക്കുണ്ടായിരുന്നത്. വീട്ടിൽ വിരുന്നുകാരായി ആരും തന്നെ വരാനില്ലാതിരുന്ന ആ കാലം മനസ്സിൽ കൊച്ചുകൊച്ചുമുറിവുകൾ സമ്മാനിക്കുകയും ചെയ്തു. കൂട്ടം തെറ്റി മേയുന്നവർ- ഞങ്ങളെപ്പറ്റി ഞാനന്ന് മനസ്സിൽ കുറിച്ചിട്ടു. കൂട്ടം തെറ്റി മേയുന്ന ഒരു മനസ്സ് എനിക്കു കൈവന്നതും അങ്ങനെയാവണം. വേറിട്ട ചിന്തകൾ എന്നെ എന്നും ഭരിച്ചുപോന്നു. എന്തുകൊണ്ടങ്ങനെയും ആയിക്കൂടാ എന്ന മറുചോദ്യത്തിന് ഉത്തരംതേടി എന്റെ മനസ്സ് അലഞ്ഞുതുടങ്ങി. ഒറ്റപ്പെട്ട മനുഷ്യരും ജീവിക്കുകതന്നെയാണു ചെയ്യുന്നതെന്ന് ഞാനെന്നെ വിശ്വസിപ്പിച്ചുകൊണ്ടേയിരുന്നു...

അമ്മയെ ഒന്നുംതന്നെ അലട്ടിയിരുന്നില്ല എന്നതാണു വാസ്തവം. ജീവിതത്തിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ടെന്ന ഭാവത്തിൽ അമ്മ നിരന്തരം ഓരോരോ ജോലികളിൽ മുഴുകി. വിശാലമായ പറമ്പുകൾക്കിടയിൽ വീടുകൾ നന്നേ കുറവ്. അതിനാൽത്തന്നെ അയൽബന്ധങ്ങളും കുറവ്. മറ്റുള്ളവരുടെ കാര്യങ്ങളിൽ തലയിടുന്ന സ്വഭാവം അമ്മയ്ക്കു തീരെയില്ലായിരുന്നു. ആര് എന്തൊക്കെ പറഞ്ഞു കേൾപ്പിച്ചാലും വെറുതെ കേട്ടിരിക്കും. അച്ഛനോടുമാത്രം ചിലപ്പോൾ സൂചിപ്പിച്ചാലായി. അത്രതന്നെ. മറ്റുള്ളവരുടെ ജീവിതം നയിക്കാൻ താനാളല്ല എന്ന തോന്നൽ അമ്മയെ ഭരിച്ചിട്ടുണ്ടാകണം.

കുട്ടിക്കാലത്ത് അമ്മയും ഏറെക്കുറെ ഏകാന്തജീവിതമാണ് നയിച്ചിരുന്നതെന്ന് അമ്മ പറഞ്ഞുതന്ന അറിവെനിക്കുണ്ട്. അമ്മ ജനിക്കുന്നതിനുമുമ്പുതന്നെ അമ്മയുടെ അച്ഛൻ പാമ്പുകടിയേറ്റ് മരണമടഞ്ഞിരുന്നു. പുനർവിവാഹത്തിലെ അനുജന് അമ്മയിൽനിന്ന് നല്ല



പ്രായവ്യത്യാസമുണ്ടായിരുന്നു. പഠിച്ച്, ഉദ്യോഗം നേടി ഒറീസയിൽ പോയ അമ്മാവൻ അവിടെ തന്റെ സഹപ്രവർത്തകയായ ഉയർന്ന സമുദായത്തിൽപെട്ട ഒരു പെൺകുട്ടിയെ വിവാഹം ചെയ്ത് എന്നെന്നേക്കുമായി അമ്മയിൽനിന്ന് അകന്നുപോവുകയും ചെയ്തു. എനിക്ക് അമ്മാവനെ ഒരിക്കൽ കണ്ട ഓർമ്മ മാത്രമേയുള്ളു. പ്രേം നസീറിനെ ഓർമ്മയിലെത്തിക്കുന്ന ഒരു രൂപത്തിന്റെ നിഴൽപോലെ. ആ നിഴൽപോലും പോലിഞ്ഞുപോയത് എനിക്കു പതിനാറുവയസ്സുള്ളപ്പോൾ വീട്ടിലെത്തിച്ചേർന്ന ടെലിഗ്രാമിലൂടെയാണ് ഞാനറിയുന്നത്....

തിരുവനന്തപുരം ജില്ലയിൽതന്നെ മറ്റൊരിടത്തു താമസമുള്ള സഹോദരന്റെ കുടുംബത്തെ കാണണമെന്ന് അമ്മ ആഗ്രഹിക്കുന്നുണ്ടെങ്കിൽ കൊണ്ടുപോകാമെന്നുകരുതി അവസാന നാളുകളിൽ അമ്മയോടു ഞാനതേക്കുറിച്ചാരാഞ്ഞു: "അമ്മയ്ക്കവരെ കാണണമെന്നു തോന്നുന്നുണ്ടോ?" "നീ അതൊന്നും എന്നെ ഓർമ്മിപ്പിക്കാതെ" അമ്മ പറഞ്ഞത് അത്രമാത്രം!

വിവാഹിതയാകുമ്പോൾ അമ്മയുടെ പ്രായം പതിനാറ്. അച്ഛന്റേത് മുപ്പതും. ഇരുവർക്കുമിടയിലെ പ്രായവ്യത്യാസം അവരുടെ സൗഹൃദത്തിൽ പ്രതിഫലിച്ചിട്ടില്ല. പരസ്പരബഹുമാനത്തോടെയുള്ള ഒരു ബന്ധമായിരുന്നു അവർക്കിടയിൽ ഉണ്ടായിരുന്നത്. എല്ലാ കാര്യങ്ങളിലും കടുത്ത ചിട്ടകൾ പുലർത്തി അമ്മ. ഉള്ളിലെ സ്നേഹം പുറത്തെടുക്കാൻ ലുബ്ധു കാട്ടി. മക്കളെ അധികം ലാളിച്ചു വഷളാക്കരുതെന്ന് ആരോ പഠിപ്പിച്ചുറപ്പിച്ചിരുന്നതുപോലെ. മോഹങ്ങളില്ലാതെ ജീവിക്കാൻ പഠിപ്പിച്ചുതന്നു. ആരുടേയും ഒന്നും ആഗ്രഹിക്കാതെയും ആരെയും ദ്രോഹിക്കാതെയും സ്നേഹത്തിന്റെ ഭാഷമാത്രം കൊണ്ടുനടന്നു. പൊതുവെ മിതഭാഷിയും പുറമേ പരുക്കനുമായിരുന്നെങ്കിലും അമ്മയെ കളിയാക്കാനുള്ള അത്യാവശ്യം നർമ്മബോധം അച്ഛനും സൂക്ഷിച്ചിരുന്നു.

> മനസ്സുനിറയെ കാല്പനിക ഭാവങ്ങൾ കൊണ്ടുനടന്ന അമ്മ ചെറുപ്പത്തിൽ എന്റെ കുത്തിക്കുറിക്കലുകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു

നല്ലൊരു വായനക്കാരിയായിരുന്ന അമ്മയ്ക്ക് അച്ഛന് പുസ്തകങ്ങളോടുള്ളപ്രിയം ഏറെ തുണയായി. അമ്മയ്ക്കു വായിക്കാൻ എവിടെനിന്നെങ്കിലും പുസ്തകങ്ങൾ കൊണ്ടുവന്നു. അമ്മയ്ക്കു പ്രിയപ്പെട്ട കുറച്ച് എഴുത്തുകാരുണ്ടായിരുന്നു. ഒന്ന് കെ. സുരേന്ദ്രൻ. അദ്ദേഹത്തിന്റെ താളവും കാട്ടുകുരങ്ങും അമ്മയ്ക്ക് വളരെ ഇഷ്ടപ്പെട്ട പുസ്തകങ്ങളായിരുന്നു. അതുപോലെ പൊറ്റക്കാട്ടിന്റെ നാടൻ പ്രേമം, മുട്ടത്തുവർക്കിയുടെ മയിലാടുംകുന്ന് അങ്ങനെയങ്ങനെ.... ചങ്ങമ്പുഴയുടേയും മേരിജോൺതോട്ടത്തിന്റേയും ബാലാമണിയമ്മയുടേയും കവിതകളും പ്രിയമായിരുന്നു. രമണൻ മുഴുവൻ കാണാതെ ചൊല്ലിക്കേൾപ്പിക്കുമായിരുന്നു. അതിലെ ''എങ്കിലും ചന്ദ്രികേ, നമ്മൾ കാണും സങ്കല്പലോകമല്ലീയുലകം'' പ്രത്യേകം ചൊല്ലിക്കേൾപ്പിക്കുമായിരുന്നു, എന്നെ ഒന്നു കളിയാക്കാൻവേണ്ടി മാത്രം!


അക്കാലത്തെ നാടകഗാനങ്ങളെല്ലാം ഒരു ബുക്കിൽ പകർത്തിസൂക്ഷിച്ചിരുന്നു. "ശർക്കരപ്പന്തലിൽ തേന്മലർ ചൊരിയും ചക്രവർത്തികുമാരാ.... നിൻ മനോരാജ്യത്തെ രാജകുമാരിയായ് വന്നുനിൽക്കാനൊരു മോഹം"– ഇതെത്രയോവട്ടം ഞാൻ പാടിക്കേട്ടിരിക്കുന്നു! നന്നായി ഭാഗവതപാരായണവും നടത്തിയിരുന്നു അമ്മ.

മനസ്സുനിറയെ കാല്പനിക ഭാവങ്ങൾ കൊണ്ടുനടന്ന അമ്മ ചെറുപ്പത്തിൽ എന്റെ കുത്തിക്കുറിക്കലുകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. കോളേജ് മാഗസിനിൽ ആദ്യത്തെ കഥ പ്രസിദ്ധീകരിച്ചു കണ്ടത് അമ്മ വായിച്ചു വിസ്മയം കൊണ്ടതിങ്ങനെ: "നിന്റെ മനസ്സിൽ എന്തൊക്കെയാണ്." ഒഴിവുദിവസങ്ങളിൽ, പ്രത്യേകിച്ച് ഞാൻ വീട്ടിലുണ്ടാകാറുള്ള ഞായറാഴ്ചകളിൽ കെ.പി. കേശവമേനോന്റെ ജീവിതചിന്തകൾ ഉറക്കെ വായിച്ചു കേൾക്കുന്ന ശീലം അമ്മയ്ക്കുണ്ടായിരുന്നു. അച്ഛനും ഒപ്പം ചേരും. മനസ്സിന് ഉന്മേഷം പകരുന്ന പുസ്തകമെന്നാണ് അമ്മ അതിനെ വിശേഷിപ്പിച്ചിരുന്നത്. വായിച്ചുവായിച്ച് അക്കാലത്ത് ആ പുസ്തകം മുഴുവൻ എനിക്കു ഹൃദിസ്ഥമായിരുന്നു.

പഠിക്കാൻ കഴിയാതെ പോയതിനാൽ പഠിക്കാവുന്നത്രയും ഞങ്ങളെ പഠിപ്പിക്കുമെന്ന് കുട്ടിക്കാലത്തുതന്നെ അമ്മ പ്രഖ്യാപിച്ചിരുന്നു. കമ്പനിയിലെ മേശിരിയായിരുന്നതിനാൽ മാസശമ്പളമായിരുന്നു. അതിന്റെ ബലത്തിലായിരുന്നു പ്രഖ്യാപനം. പറമ്പുനിറയെ വിവിധയിനം വിളവുകളും കോഴി, ആട്, പശു തുടങ്ങിയ ജന്തുജാലങ്ങളുമുണ്ടായിരുന്നുവെങ്കിലും ഞങ്ങൾ രണ്ടുപേരുടേയും സാമ്പത്തികാവശ്യങ്ങൾക്ക് ഏക അവലംബം അമ്മയുടെ ശമ്പളംതന്നെയായിരുന്നു. തിരിച്ചുനൽകുന്നതിൽ കൃത്യനിഷ്ഠ പുലർത്തിക്കൊണ്ട് കടംവാങ്ങലുകൾ നടത്താനും അമ്മതന്നെ മുന്നിട്ടിറങ്ങി. വർഷത്തിൽ ആറുമാസം കമ്പനി ജോലിയില്ലാതെ പൂട്ടിക്കിടക്കുമ്പോൾ കൃഷിയെ ആശ്രയിക്കുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ. കൃഷിസാധനങ്ങൾക്കൊപ്പം ആടുമാടുകളെ വിറ്റും വെറ്റിലകൃഷിയിൽനിന്ന് ആദായമെടുത്തും വീട്ടിലെ തറിയിൽ നെയ്ത ഡബിൾമുണ്ട് വില്പന നടത്തിയും എത്രയെത്ര പരീക്ഷണങ്ങളാണ് അക്കാലത്ത് സാമ്പത്തിക പ്രതിസന്ധികളെ മറികടക്കാൻ പരീക്ഷിച്ചു നോക്കിയിരുന്നത്!

“ഞാൻ പ്രസവിച്ചത് രണ്ടാൺകുട്ടികളെയായിരുന്നെങ്കിൽ ഞാനെത്ര ഭാഗ്യഹീനയായി മാറിയേനെ.” ആശുപത്രിക്കിടക്കയിൽവെച്ച് അമ്മ പറഞ്ഞു. പൂനയിൽ ജോലിയുണ്ടായിരുന്ന അണ്ണന് അമ്മയെ കാണാനോ ചികിത്സയ്ക്ക് ഒപ്പം നിൽക്കാനോ സാധിച്ചിരുന്നില്ല. പൊതുവെ നല്ല വൃത്തിക്കാരിയായിരുന്ന അമ്മയെ പരിചരിക്കാൻ ഞാൻതന്നെ ധാരാളമായിരുന്നു അമ്മയ്ക്ക്. അപ്പച്ചിമാരും ആശുപത്രിയിൽ അവധിയെടുത്തുവന്നു നിന്ന് അമ്മയെ പരിചരിച്ചു. മെഡിക്കൽ കോളേജിലെ ഡയാലിസിസ്

## മാധവിക്കുട്ടിപതിപ്പ്



റൂമിൽ കിടക്കുമ്പോൾ അമ്മ പറയും:- "നിന്നെ പഠിപ്പിച്ചതുകൊണ്ടല്ലേ എനിക്കിവിടെവന്നു താമസിച്ച് നല്ല ചികിത്സയെടുക്കാൻ കഴിയുന്നത്. അതുകൊണ്ടല്ലേ നിന്റെ ഓഫീസിലെ ഓഫീസർമാർ എന്നെ കാണാനായി വന്നുകൊണ്ടിരിക്കുന്നത്."

പാവം എന്റെ അമ്മ. അമ്മയെപ്പോലെ ചിന്തിക്കുന്ന ഒരമ്മ അമ്മയ്ക്കുമുണ്ടായിരുന്നെങ്കിൽ നീണ്ട മുപ്പത്തിയെട്ടു വർഷം കശുവണ്ടി ഫാക്ടറിയിൽ ജീവിതം തളച്ചിടേണ്ടിവരുമായിരുന്നില്ല. അമ്മയും ഒരു ഉദ്യോഗസ്ഥയാകുമായിരുന്നു. ഒരുപക്ഷേ, ഒരു നല്ല പാട്ടുകാരിയോ എഴുത്തുകാരിതന്നെയോ ആയിമാറുമായിരുന്നു. ഹോസ്റ്റലിൽ താമസിച്ചിരുന്നകാലത്ത് എനിക്കയച്ചുതരുമായിരുന്ന അമ്മയുടെ കത്തുകൾക്ക് അതിലെ വരികൾക്കിടയിലെ ഭാവങ്ങൾക്ക് അമ്മയുടെതന്നെ ചന്തമുണ്ടായിരുന്നു. ചെറിയ ചെറിയ കാര്യങ്ങൾ നിറച്ചെഴുതും. ചിലപ്പോൾ നിശിതമായി എന്നെ വിമർശിച്ചെന്നുമിരിക്കും.

ഒരിക്കൽ അമ്മ വളർത്തുന്ന പൂച്ചക്കുട്ടിയിൽനിന്ന് അമ്മയ്ക്കു വിഷബാധയേറ്റാലോ എന്നു ഭയന്ന്, പൂച്ചയിലെ പേയ്‌വിഷബാധയെക്കുറിച്ചുവന്ന ഒരു പത്രകട്ടിങ്ങ് അമ്മയ്ക്കു ഞാനയച്ചുകൊടുത്തു. അമ്മ ഭയന്നുപോയി. അടുത്ത കത്തിൽ അതിന്റെ ദുരന്തങ്ങളുണ്ടായിരുന്നു നിറയെ. പഴയ ലാളന ലഭിക്കാതെ പിണങ്ങിമാറിയിരിക്കുന്ന പൂച്ചക്കുട്ടിയെപ്പറ്റി അമ്മ എഴുതി:- "എന്നെ എന്താണ് പഴയതുപോലെ സ്നേഹിക്കാത്തതെന്ന് കിറ്റി (പൂച്ചക്കുട്ടിയുടെ പേര്) ചോദിക്കുംപോലെ." പിന്നീടൊരിക്കൽ അച്ഛനെ ചെറുതായി ഒന്നു വിമർശിച്ചുകൊണ്ട് എന്തോ ഒരു വരി ഞാൻ കത്തിലെഴുതിയത് അമ്മയെ വല്ലാതെ ചൊടിപ്പിച്ചു. "എന്നാണു നീ ഇങ്ങനെയൊക്കെ എഴുതാൻ പഠിച്ചത്?" അമ്മ എന്നെ വിചാരണ ചെയ്തു.

അച്ഛന്റെ, കുടുംബക്കാരെ വിട്ടുവന്നുള്ള വിവാഹാലോചന തീരെ ഇഷ്ടമാകാതെ നിന്ന അമ്മ, "പെൺകുട്ടിക്കു താത്പര്യമില്ലെങ്കിൽ പിന്നെ ആലോചിക്കേണ്ടതില്ല" എന്ന അച്ഛന്റെ നിരാശകലർന്ന ശബ്ദത്തിൽ മനംനൊന്താണ് വിവാഹത്തിനു സമ്മതിച്ചതെന്ന് എന്നോടുമാത്രമായുള്ള സ്വകാര്യഭാഷണത്തിൽ അമ്മ അറിയിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും അച്ഛനെ ആരും കുറ്റം പറയുന്നത് അമ്മയ്ക്ക് ഇഷ്ടമായിരുന്നില്ല. എന്നോടുമാത്രം പങ്കുവെക്കുന്ന നൊമ്പരങ്ങൾ അച്ഛനറിയരുതെന്ന് നിർബന്ധവുമുണ്ടായിരുന്നു.

ഇന്നിപ്പോൾ, അമ്മയുടെ വേർപാടിനിപ്പുറമുള്ള ഇരുപത്തിനാലു വർഷങ്ങളുടെ കണക്കെടുപ്പു നടത്തുമ്പോൾ, അതിജീവനത്തിന്റെ എല്ലാ പാഠങ്ങളും ഞാൻ പഠിച്ചത് അമ്മയിൽനിന്നാണെന്ന് ഞാൻ തിരിച്ചറിയുന്നുണ്ട്. സഹനമെന്നത് ക്ഷമാപൂർവ്വമുള്ള കാത്തിരിപ്പുമാത്രമാണെന്ന് ജീവിതംകൊണ്ട് അമ്മ കാണിച്ചുതന്നു; അനുഭവങ്ങളുടെ ജയപരാജയങ്ങൾ നിർണയിക്കുന്നത് അവയോടുള്ള സമീപനങ്ങളെ ആശ്രയിച്ചാണെന്നും. ഒന്നിനോടും തോറ്റുകൊടുക്കാൻ അമ്മ തയ്യാറായിരുന്നില്ല. എന്നാൽ ആരോടും കലഹിച്ചുമില്ല. കമ്പനിയിൽ മാർക്സിസ്റ്റുപാർട്ടി അംഗത്വമുള്ള ഏക വ്യക്തി അമ്മയായിരുന്നു. പാർട്ടി അംഗത്വത്തിന്റെ പേരിൽ നിരവധി തവണ പിരിച്ചുവിടൽ ഭീഷണിയെ നേരിടേണ്ടിവന്നിരുന്നു. അപ്പോഴൊക്കെയും അച്ഛന്റെകൂടി പിൻബലത്തിൽ എല്ലാത്തിനേയും നേരിടുകയായിരുന്നു.

അച്ഛനായിരുന്നു അമ്മയ്ക്കും തണൽ. ആ തണൽ നഷ്ടപ്പെടരുതെന്ന് അമ്മ എപ്പോഴും ആഗ്രഹിച്ചു. അച്ഛൻ മരിക്കുന്നതിനുമുമ്പ് മരിക്കണമെന്ന അമ്മയുടെ ആഗ്രഹവും ആ തണലില്ലാതെ ജീവിക്കാനാവില്ലെന്ന തോന്നൽ കാരണമായിരുന്നു. അമ്മയുടെ മരണം സ്ഥിരീകരിച്ച സമയം അച്ഛൻ എന്നോടു പറഞ്ഞതും അതുതന്നെ. "നിന്റെ അമ്മയുടെ ആഗ്രഹം സാധിച്ചു."

എല്ലാ കാര്യങ്ങളിലും
കടുത്ത ചിട്ടകൾ
പുലർത്തി അമ്മ.
ഉള്ളിലെ സ്നേഹം
പുറത്തെടുക്കാൻ
ലുബ്ധു കാട്ടി

"എന്നും വൈകീട്ട് കമ്പനിയിൽനിന്നു വരുമ്പോൾ മേശപ്പുറത്തേക്കു നോക്കും, നിന്റെ കത്തു വന്നിട്ടുണ്ടോയെന്നറിയാൻ, ഇല്ലെന്നറിയുമ്പോൾ നിരാശ തോന്നും." ഒരിക്കൽ അമ്മ എഴുതിയിരുന്നു. അമ്മയുടേയും 1996ൽ അച്ഛന്റേയും മരണശേഷം കത്തെഴുതുന്ന ശീലം ഏറെക്കുറെ നിലച്ചപോലായി. പിതൃതുല്യനായിരുന്ന പുതുപ്പള്ളി അച്ഛനു(പുതുപ്പള്ളി രാഘവൻ) മാത്രം അദ്ദേഹത്തിന്റെ മരണംവരെ കത്തെഴുതുന്നതു തുടർന്നു. 2000ത്തിൽ അദ്ദേഹത്തിന്റെ വിയോഗത്തോടെ അതും നിലച്ചു. ഇനി ആർക്കെഴുതാനാണ്? ആരാണെന്റെ കത്തുകൾക്കായി കാത്തിരിക്കുന്നത്?


ഇപ്പോഴിപ്പോൾ കുട്ടികളില്ലാത്ത ദുഃഖം, പ്രത്യേകിച്ചും ഒരു മകളില്ലാത്ത ദുഃഖം എന്നെ വന്നുമൂടുന്നത് അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ സജീവമാകുമ്പോഴാണ്. അമ്മയുടേതുമാത്രമായ കലർപ്പില്ലാത്ത സ്നേഹം, മറ്റെല്ലാ സന്തോഷങ്ങളേയും നിഷ്പ്രഭമാക്കുന്ന നിസ്വാർത്ഥതയുടെ വർണത്തിളക്കം അതെല്ലാം എന്നിൽനിന്ന് ഏറെ അകലെയാണെന്ന ഒരു തോന്നൽ ഇടയ്ക്കെങ്കിലും എന്റെ എല്ലാ പുറംചട്ടകളെയും കടന്ന് ഉള്ളിനുള്ളിലേക്ക് കടന്നെത്താറുണ്ട്. ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങളും എന്റേതുകൂടിയാണെന്ന ബോധം സ്ഥായിയാക്കി നിർത്താനുള്ള എന്റെ പരിശ്രമങ്ങളെ ഞൊടിയിടനേരത്തേക്കെങ്കിലും വൃഥാവിലാക്കിക്കൊണ്ട് അതെന്നിൽ ആധിപത്യമുറപ്പിക്കും. സ്വന്തമായ ഒന്ന് എന്ന വശ്യമായ ഒരാകർഷണം എന്നെ പാടേ പൊതിയുമ്പോൾ ഞാനും കൊതിച്ചുപോകുന്നു- ഒരു മകൾ- അമ്മയെന്നെ സ്നേഹിച്ചതുപോലെ എനിക്കു സ്നേഹിക്കുവാൻ... ഞാനമ്മയെ സ്നേഹിച്ചതുപോലെ സ്നേഹിക്കപ്പെടുവാൻ.... ■

*"അമ്മേം നിലാവെളിച്ചോം ണ്ടെങ്കിലേ സുഖള്ളൂ" (വേനലിന്റെ ഒഴിവ് - മാധവിക്കുട്ടി)*



# രുഗ്മിണി

## നോവൽ - തിരക്കഥ - ചലച്ചിത്രം




ഡോ. ടി. അനിതാകുമാരി

'ആ പഴയ കഥതന്നെ.... അമ്മ ബന്ധുവീട്ടിൽ വിരുന്നിനുപോയ തക്കത്തിന്, പ്രായമെത്താത്ത മകളെ വളർത്തച്ഛൻ ബലാൽസംഗം ചെയ്യുക!' എന്നാരംഭിക്കുന്ന മാധവിക്കുട്ടിയുടെ 'രുഗ്മിണിക്കൊരു പാവക്കുട്ടി' എന്ന നോവൽ ഏതുകാലത്തേയും സമൂഹമനസ്സിനെ പൊള്ളിക്കുന്നതാണ് എന്നതിൽ സംശയമില്ല. ഈ നോവലിന്റെ ചലച്ചിത്രരൂപമായിരുന്നു രുഗ്മിണി. 1988ൽ കെ. പി. കുമാരൻ സംവിധാനം ചെയ്ത പ്രസ്തുത ചലച്ചിത്രത്തിന്, ആ വർഷത്തെ മികച്ച പ്രാദേശിക ഭാഷാചിത്രത്തിനുള്ള ദേശീയഅവാർഡും മികച്ച സംവിധായകൻ, നടി, കഥാകൃത്ത് എന്നിവയ്ക്കുള്ള സംസ്ഥാന അവാർഡും ലഭിക്കുകയുണ്ടായി. പക്ഷേ, ഈ ചലച്ചിത്രം അതർഹിക്കുന്ന തരത്തിൽ ചർച്ചചെയ്യപ്പെട്ടിട്ടില്ല എന്നതാണു വാസ്തവം. മലയാളിയുടെ കപടസദാചാരവും സാമൂഹികയാഥാർത്ഥ്യങ്ങളെ നേരിടുന്നതിൽ പുലർത്തുന്ന ഒളിച്ചുകളിയുമാവാം ഈ തിരസ്കാരത്തിനു കാരണം.

മലയാളിക്ക് സുപരിചിതമല്ലാത്ത ജീവിതപരിസരങ്ങളെ മാധവിക്കുട്ടി പലപ്പോഴും തന്റെ രചനകളിലൂടെ ആവിഷ്കരിക്കാറുണ്ട്. 'ചുവന്ന തെരുവ്' അത്തരമൊരിടമാണ്. പുരുഷന്മാർ ഒളികണ്ണിട്ടുനോക്കുകയും ഗൂഢമായി പ്രവേശിക്കുകയും ചെയ്യുന്നൊരിടം. എന്നാൽ മാധവിക്കുട്ടിയെന്ന ധീരയായ എഴുത്തുകാരി ആ നിഗൂഢലോകത്തെ വെളിപ്പെടുത്തി. അവിടെ നഗ്നരാക്കപ്പെടുന്നവരിൽ തങ്ങളോരോരുത്തരുമുണ്ടെന്നു സമൂഹം ഭയന്നു. ഇത്തരം തുറന്നുപറയലിന്റെ കാർക്കശ്യവും ഒപ്പം കാവ്യാത്മകതയും മാധവിക്കുട്ടിയുടെ രചനകളിൽ സമന്വയിച്ചു. പക്ഷേ, അപ്പോഴും അവ അനായാസമായ മാധ്യമപരിവർത്തനങ്ങൾക്കു വഴങ്ങാതെ തങ്ങളുടെ കാവ്യസ്വത്വത്തെ നിലനിർത്തി. അതുകൊണ്ടുതന്നെ മാധവിക്കുട്ടിയുടെ എണ്ണമറ്റ രചനകളിൽനിന്നും നീലാംബരി, മഴ, രുഗ്മിണി തുടങ്ങി വിരലിലെണ്ണാവുന്ന ചലച്ചിത്രങ്ങളേ രൂപപ്പെട്ടിട്ടുള്ളു. അതിലേറ്റവും പ്രധാനപ്പെട്ടതാണ് രുഗ്മിണി. "അസാധാരണയായ ഒരെഴുത്തുകാരിയുടെ "അസാധാരണമാനമുള്ള ഒരു സാഹിത്യസൃഷ്ടിയുടെ അനുവർത്തനം ഉയർത്തിയ സാങ്കേതികവും സൗന്ദര്യാത്മകവുമായ സമസ്യകൾക്കുള്ളിൽനിന്ന് വിജയകരമായ ഒരു ചിത്രം രചിക്കുകയായിരുന്നു കെ.പി. കുമാരൻ" എന്ന് മധു ഇറവങ്കര രേഖപ്പെടുത്തിയിട്ടുണ്ട്.

നോവലിന്റെ പ്രമേയം 'ബാലവേശ്യാവൃത്തി'യാണ്. വേശ്യാലയത്തിനുള്ളിലെ തൊഴിലിനെപ്പറ്റിയും തൊഴിലാളികളെപ്പറ്റിയും എഴുത്തുകാരിക്ക് സത്യസന്ധമായി, നിർമ്മമതയോടെ പറയാം. എന്നാൽ അതേ വാക്കുകളെ ദൃശ്യവത്ക്കരിക്കുമ്പോൾ സംവിധായകൻ നേരിടേണ്ടിവരുന്ന ചലച്ചിത്രബാഹ്യമായ ചില പ്രശ്നങ്ങളുണ്ട്. പൊതുപ്രദർശനത്തിനുമുമ്പ് സെൻസർ ബോർഡിന്റെ അംഗീകാരം നേടുക ആവശ്യമാണ്. 'വേശ്യാവൃത്തി' പ്രമേയമായൊരു ചിത്രം, സത്യസന്ധമായി ദൃശ്യവത്ക്കരിച്ചാൽ സെൻസർ കട്ടുകളും 'എ' സർട്ടിഫിക്കറ്റുമാവും ലഭിക്കുക. തന്റെ ഉദ്ദേശ്യശുദ്ധിയെ പ്രേക്ഷകർക്കുമുന്നിൽ വിശദമാക്കുന്നതിൽ സംവിധായകൻ പരാജയപ്പെടും എന്നു തീർച്ച. ഇത്തരമൊരു വിഷയത്തെ കച്ചവടസാധ്യതയേറുന്ന വിധത്തിൽ അവതരിപ്പിക്കാനുള്ള സാധ്യതയെ മറികടന്നുകൊണ്ടാണ് കെ.പി. കുമാരൻ ഈ ചിത്രം സംവിധാനം ചെയ്തത്.



ചുവന്നതെരുവിനെ കേന്ദ്രീകരിച്ചുള്ള ഈ നീണ്ടകഥയിൽ കേവലം ആറ് അദ്ധ്യായങ്ങളേയുള്ളു. പന്ത്രണ്ടുവയസ്സുള്ള മകളെ രണ്ടാനച്ഛൻ ബലാൽസംഗം ചെയ്തതിന്റെ പേരിൽ, അവളെ 'സുരക്ഷിത'യായി താൻ നിന്ന വേശ്യാലയത്തിലെ നടത്തിപ്പുകാരി ലക്ഷ്മീബായി എന്ന 'ആയി'ക്കു വിൽക്കുന്ന അനസൂയ എന്ന അമ്മ. മീര, സരസ്വതി, രാധ, സീത തുടങ്ങിയവർക്കൊപ്പം രുഗ്മിണിയേയും ആ കുടുംബത്തിലേക്കു



സ്വീകരിച്ച ആയി "സുന്ദരിയായ നിന്റെ ഈ മകളെപ്പറ്റി നിനക്കിനി ദുഃഖമേ വേണ്ട.... ഇവിടെ അവൾക്കു സുഖമായിരിക്കും'' എന്നാണ് അനസൂയയോടു പറയുന്നത്. പ്രായത്തിൽ കവിഞ്ഞ ശരീരവളർച്ചയും നിറവുമൊക്കെയുള്ള രുഗ്മിണിയെ തന്റെ പതിവുകാർക്കു മുന്നിലെത്തിക്കുന്നതിൽ ലക്ഷ്മീബായിക്കു മടിയൊന്നുമില്ല. എന്നാൽ തന്നെക്കാൾ രണ്ടുവയസ്സു മാത്രം മൂത്ത സീതയോടൊപ്പം ഗോട്ടികളിച്ചും സ്വപ്നംകണ്ടും കഥ കേട്ടും നടക്കാനാണവൾക്കു കൂടുതലിഷ്ടം. അച്ഛന്റെ പ്രായമുള്ള ഇൻസ്പെക്ടർ അവളുടെ ശരീരത്തിന്റെ നേർക്കു കാട്ടുന്ന ക്രൂരതകൾ എന്തെന്നുപോലും ആ പെൺകുട്ടിക്കു മനസ്സിലാവുന്നില്ല. പാവക്കുട്ടിയേയും പൂക്കളേയും ആകാശത്തേയും സ്നേഹിക്കുന്ന ആ നിഷ്കളങ്കമനസ്സ് മാധവിക്കുട്ടിയുടെ മനസ്സുതന്നെയാണ്. ഗോസായിത്തന്തയിലും നെയ്പ്പായസത്തിലും നുണയിലുമൊക്കെ കണ്ട അതേ നിഷ്കളങ്കമായ മനസ്സുള്ള രുഗ്മിണിയെയാണു നാമിവിടെ കാണുന്നത്. രുഗ്മിണിക്കെന്നപോലെ മീരയ്ക്കും സീതയ്ക്കും സരസ്വതിക്കും രാധയ്ക്കുമൊക്കെ സ്വപ്നത്തിലൊരു ജീവിതമുണ്ട്. പക്ഷേ, ലക്ഷ്മീബായിയുടെ വീട്ടിൽ പകലുറങ്ങിയും രാത്രി ശരീരം കൊണ്ട് അദ്ധ്വാനിച്ചും അവരൊക്കെ ജീവിക്കുകയാണ്. ഓരോരുത്തരുടേയും സ്വകാര്യജീവിതത്തെയും നോവലിസ്റ്റ് വിശദമാക്കുന്നു.

നോവലിൽനിന്നു വ്യത്യസ്തമായി ചലച്ചിത്രത്തിൽ ചില കൂട്ടിച്ചേർക്കലുകളുണ്ട്. ചലച്ചിത്രത്തിന്റെ തിരക്കഥ ആരംഭിക്കുന്നതിങ്ങനെയാണ്.

സീൻ. 1:-

പാടവരമ്പിലൂടെ നടന്നുവരുന്ന രുഗ്മിണി. താമരക്കുളത്തിനടുത്ത്.

ഒരു നിമിഷം നിന്ന്, കയ്യിലുള്ള പുസ്തകം തറയിൽ വെച്ച് കുളത്തിലേക്കിറങ്ങി താമരപ്പൂവു പറിക്കുന്ന രുഗ്മിണി. അവൾ പൂന്തോട്ടത്തിൽകൂടി നടക്കുന്നു.

സീൻ 2:-

കിണറിനുള്ളിൽനിന്ന് കയറിവരുന്ന ചിറ്റപ്പൻ. അയാൾ വീട്ടുമുറ്റത്തേക്കു നടന്നുചെല്ലുന്നു. രുഗ്മിണിയുടെ അമ്മ ദേവകി അടുക്കളയിൽനിന്നും വരുന്നു.

....................................

..................................

സീൻ 9:-

മലമുകളിലെ അമ്പലം.

രുഗ്മിണിയുടെ കയ്യും പിടിച്ച്, കയറിപ്പോകുന്ന ദേവകി. പ്രാർത്ഥിച്ച് തിരിച്ചുപോകുന്ന അമ്മയും മകളും.

സീൻ 10:-

പൊട്ടിച്ചിരിക്കുന്ന സത്യാബായിയുടെ സമീപദൃശ്യം.

(ചിത്രത്തിൽ ലക്ഷ്മീബായി സത്യാബായിയും അനസൂയ ദേവകിയുമാണ്.)

തിരക്കഥയിലെ ആദ്യത്തെ ഒൻപതു സീനുകളിൽ രുഗ്മിണിയുടെ ജീവിതപരിസരത്തെയാണ്



സംവിധായകൻ പരിചയപ്പെടുത്തുന്നത്. ഇത് ചലച്ചിത്രത്തിന് കൂടുതൽ വിശ്വാസ്യത നൽകുന്നു. ഇതേപ്പറ്റി വിശദമായി പഠിച്ച മധുഇറവങ്കര എഴുതുന്നു. "ഘടനാപരമായി ചലച്ചിത്രത്തെ മൂന്നുഭാഗങ്ങളായി തിരിക്കാം. രുഗ്മിണിയുടെ ഗ്രാമീണ പശ്ചാത്തലവും സത്യാബായിയുടെ വീട്ടിലെത്തുന്നതുവരെയുള്ള സംഭവങ്ങളും ഒന്നാം ഭാഗം. രണ്ടാം ഭാഗത്തിൽ രുഗ്മിണിയുടെ വേശ്യാഗൃഹത്തിലെ ദിനങ്ങൾ. മൂന്നാമത്തെ ചെറിയ ഖണ്ഡത്തിൽ രുഗ്മിണിയും മറ്റ് അന്തേവാസികളും തെരുവിലിരിക്കുന്നു. ഇതിൽ രണ്ടാം

അച്ഛന്റെ പ്രായമുള്ള
ഇൻസ്പെക്ടർ
അവളുടെ ശരീരത്തിന്റെ
നേർക്കു കാട്ടുന്ന ക്രൂരതകൾ
എന്തെന്നുപോലും
ആ പെൺകുട്ടിക്കു
മനസ്സിലാവുന്നില്ല

ഭാഗത്തു മാത്രമാണ് നോവലൈറ്റിന്റെ അന്തരീക്ഷം പ്രത്യക്ഷപ്പെടുന്നത്."

നിഷ്കളങ്കയായ പെൺകുട്ടിക്കു 'വിദേശപാവ'യെ വാങ്ങിനൽകാമെന്നു പറഞ്ഞു പ്രലോഭിപ്പിക്കുന്ന ഇൻസ്പെക്ടറും അദ്ദേഹത്തിന്റെ ഇഷ്ടത്തിനനുസരിച്ചു നിൽക്കാൻ രുഗ്മിണിയെ പ്രേരിപ്പിക്കുന്ന സത്യാബായിയും ഒക്കെ മിഴിവോടെ നിൽക്കുന്ന ഈ ചിത്രത്തെപ്പറ്റി സംവിധായകന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. "വേശ്യാവൃത്തിയെക്കുറിച്ചുള്ള വെറുമൊരു ചിത്രമല്ല രുഗ്മിണി. സൂക്ഷ്മസംവേദനക്ഷമതയുള്ള ഒരെഴുത്തുകാരിയുടെ മനുഷ്യബന്ധങ്ങളെക്കുറിക്കുന്ന അസാധാരണമായ സന്ദർഭങ്ങളുള്ള ഒരു കഥയുടെ അനുവർത്തനമാണിത്."

നോവലൈറ്റിലെ സംഭാഷണങ്ങളെ മിക്കവാറും ഉപയോഗിച്ച ഈ ചലച്ചിത്രത്തിന്റെ തിരക്കഥാരചനയിൽ സംവിധായകൻ കെ.പി. കുമാരനോടൊപ്പം മാധവിക്കുട്ടിയും പങ്കുചേർന്നിരുന്നു. അതുകൊണ്ടുതന്നെ സംഭാഷണത്തിൽ മാധവിക്കുട്ടിയുടെ കാവ്യാത്മകരീതി പ്രകടമാകുന്നുണ്ട്. അതിനനുസൃതമായ പശ്ചാത്തലസംഗീതംകൊണ്ടും ദൃശ്യചാരുതകൊണ്ടും ചിത്രം ഉദാത്തമായി. അന്നത്തെ ബാലതാരമായിരുന്ന അഞ്ജുവായിരുന്നു രുഗ്മിണിയുടെ വേഷത്തിൽ. നെടുമുടിവേണു, അശോകൻ, മാവേലിക്കര പൊന്നമ്മ, ലിസി, ശ്രീനിവാസൻ, ഇന്നസെന്റ്, അടൂർ ഭവാനി, സൂര്യ തുടങ്ങിയവരായിരുന്നു പ്രധാന അഭിനേതാക്കൾ. മലയാള സാഹിത്യത്തിലെ ശ്രദ്ധേയമായ ഒരു രചനയെ അടിസ്ഥാനമാക്കിയുള്ള ശ്രദ്ധേയമായ ഒരു ചലച്ചിത്രമായിരുന്നു രുഗ്മിണി. കാൽനൂറ്റാണ്ടിനിപ്പുറവും ഈ ചിത്രത്തിന്റെ പ്രസക്തി നഷ്ടമാവുന്നില്ല. ■



# മക്കളുടെ നൊമ്പരങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് അമ്മമാർ

▶ സുൽഫത്ത്


**കാസർകോട്** ജില്ലയിലെ എൻഡോസൾഫാൻ ദുരന്തബാധിത പഞ്ചായത്തുകളിലെ ഒരുകൂട്ടം അമ്മമാർ 2012 മെയ് 10ന് അടുക്കളപ്പണി മുടക്കു പ്രഖ്യാപിച്ച് ജില്ലാ ആസ്ഥാനത്ത് അടുപ്പൊരുക്കി കഞ്ഞിവെച്ചു. വിഷമഴ പെയ്തിറങ്ങിയ ഗ്രാമങ്ങളിലെ നിലവിളികൾ നിലച്ചിട്ടില്ലെന്നോർമ്മിപ്പിക്കാൻ, ഭരണാധികാരികളുടെ കണ്ണുതുറപ്പിക്കാൻ അവർക്ക് പണിമുടക്കാൻ ഒരു പണിസ്ഥലമേ ഉണ്ടായിരുന്നുള്ളൂ. കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദക്കാലമായി കണ്ണീരുപ്പിട്ട് കഞ്ഞിവെച്ചുകൊണ്ടിരിക്കുന്ന അവരുടെ അടുക്കളകൾ. കളക്ടറേറ്റിനുമുന്നിലെ താത്ക്കാലിക അടുപ്പിൽ തീകൊളുത്തിക്കൊണ്ട് പണിമുടക്ക്സമരം ഉദ്ഘാടനം ചെയ്തത് പ്രമുഖ സ്ത്രീവിമോചന പ്രവർത്തക കെ. അജിത ആയിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് സാമൂഹ്യസാംസ്കാരികരാഷ്ട്രീയ രംഗത്തെ നിരവധി ആളുകൾ സമരത്തെ അഭിവാദ്യം ചെയ്യാൻ എത്തിയിരുന്നു. അന്ന് കാസർകോട് ജില്ലയിലുണ്ടായിരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സമരപ്പന്തൽ സന്ദർശിക്കുകയോ എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി എന്തെങ്കിലും പ്രഖ്യാപനം നടത്തുകയോ ചെയ്തിട്ടില്ലെന്നതു ശ്രദ്ധേയമാണ്. അന്ന് സമരപ്പന്തലിലെത്തിയ അമ്മമാർ മുഖ്യമന്ത്രി തങ്ങളുടെ സമീപം എത്തുമെന്ന പ്രതീക്ഷയിൽ സമരപ്പന്തലിൽ ഇരുന്നുകൊണ്ടുതന്നെ നിവേദനങ്ങൾ എഴുതി തയ്യാറാക്കി കാത്തിരിക്കുകയായിരുന്നു.




ആദിവാസികളടക്കമുള്ള പാവപ്പെട്ട ഗ്രാമീണരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റിക്കൊണ്ടിരുന്ന ഭൂമിയിൽനിന്ന് അവരെ കുടിയിറക്കിക്കൊണ്ടാണ് 1960കളിൽ വിദേശമാർക്കറ്റുകൾക്കുവേണ്ടി കേരളകൃഷിവകുപ്പ് കശുമാവിൻതൈ നടുന്നത്. ജൈവവൈവിധ്യത്തെ തകർത്തുകൊണ്ട് ആയിരക്കണക്കിന് ഏക്കർ ഭൂമി ഏകവിളത്തോട്ടങ്ങളായി മാറ്റിയപ്പോൾ മുതൽ ദുരിതങ്ങൾ ഒന്നൊന്നായി അനുഭവിക്കാൻ വിധിക്കപ്പെടുകയായിരുന്നു അവർ. കുടിവെള്ളവും അടിസ്ഥാനവിഭവങ്ങളും തൊഴിലിടവും തൊഴിലും എല്ലാം നഷ്ടപ്പെട്ട ഈ പാവങ്ങളുടെ തലയ്ക്കുമുകളിലാണ് രണ്ടുദശാബ്ദക്കാലത്തിലധികം വിഷവും തളിക്കപ്പെട്ടത്.

നിരന്തര സമരങ്ങളുടെ ഫലമായി എൻഡോസൾഫാൻ നിരോധിക്കുന്നിടംവരെ കാര്യങ്ങൾ എത്തിയെങ്കിലും നിരോധനം വന്നതിലൂടെയും ചില ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചതിലൂടെയും പ്രശ്നങ്ങളെല്ലാം അവസാനിച്ചു എന്ന സമീപനമാണ് ഇന്നിപ്പോൾ പൊതുസമൂഹം പ്രകടിപ്പിക്കുന്നത്. സർക്കാരാകട്ടെ നല്കിവരുന്ന നാമമാത്രസഹായങ്ങൾപോലും പല കാരണങ്ങൾ കണ്ടെത്തി വെട്ടിച്ചുരുക്കുകയും ചികിത്സാപ്രവർത്തനങ്ങൾ പേരിനുമാത്രം നടത്തുകയും ചെയ്യുന്നു. അർഹരായ മുഴുവൻ രോഗികളും ഇപ്പോഴും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും മരണപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ ഇനിയും ശേഖരിച്ചിട്ടില്ലെന്നും ഈ ദുരന്തബാധിതർ പറയുന്നു. അധികാരമേറ്റയുടനെ തങ്ങൾ ദുരിതബാധിതരുടെ കൂടെയാണെന്നു പ്രഖ്യാപിച്ച ഉമ്മൻചാണ്ടി സർക്കാർ ഇക്കഴിഞ്ഞ ബജറ്റിൽ ഒരുരൂപപോലും ഇതിനായി മാറ്റിവെച്ചിട്ടില്ലെന്നതും ദുരന്തങ്ങൾക്ക് കാരണം എൻഡോസൾഫാനാണെന്ന് കണ്ടെത്തിയ കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്യൂണിറ്റി വിഭാഗത്തിന്റെ പഠനം, എൻഡോസൾഫാൻ നിർമ്മാണക്കമ്പനിയായ എക്സലിന്റെ പ്രതിനിധിയുമായി ചർച്ചചെയ്ത് തിരുത്തണമെന്ന് ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടതും സർക്കാർ ആരോടൊപ്പമാണ് നിലകൊള്ളുന്നതെന്നതിന് തെളിവാണ്.

ഹിരോഷിമയിലും ഭോപ്പാലിലും ചെർണോബിലിലും ഒക്കെ നടന്ന ദുരന്തങ്ങൾക്ക് സമാനമായ, ഭരണകൂടം അറിഞ്ഞുകൊണ്ടു നടത്തിയ നരഹത്യയെ വേണ്ടത്ര



ഗൗരവത്തോടെ പരിഗണിക്കാൻ പൊതുസമൂഹം ശ്രമിക്കുന്നുണ്ടോ എന്നതും പരിശോധിക്കപ്പെടേണ്ടതാണ്. ഈയൊരു സാഹചര്യത്തിലാണ് "ഞങ്ങളെ മറന്നുവോ?" എന്നു ചോദിച്ചുകൊണ്ട് അമ്മമാരുടെ മുൻകയ്യിൽ 'എൻഡോസൾഫാൻ പീഡിതജനകീയമുന്നണി' യുടെ നേതൃത്വത്തിൽ 2012 ഏപ്രിൽ 20 മുതൽ കാസർകോട് കലക്ടറേറ്റിനു മുമ്പിൽ അനിശ്ചിതകാല സത്യാഗ്രഹം ആരംഭിച്ചത്. കീടനാശിനി പ്രയോഗത്തിന്റെ ഇരകളായ മക്കളിൽനിന്ന് എരിയുന്ന തീപ്പന്തങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടാണ് അമ്മമാർ സത്യാഗ്രഹം ആരംഭിച്ചത്. സത്യാഗ്രഹം 20 ദിവസം പിന്നിട്ടിട്ടും സർക്കാറിന്റെ ഭാഗത്തുനിന്ന് ഒരു പ്രതികരണവും ഉണ്ടാകാതിരുന്നപ്പോഴാണ് അമ്മമാർ അടുക്കളപ്പണിമുടക്ക് നടത്തിയത്. ഈയവസ്ഥ തുടരുകയാണെങ്കിൽ ജൂൺ 4 മുതൽ അനിശ്ചിതകാല നിരാഹാരസത്യാഗ്രഹത്തിലേക്കു നീങ്ങാൻ ഈ അമ്മമാർ തീരുമാനിച്ചിരിക്കുകയാണ്. തങ്ങളുടെ മക്കൾക്കുവേണ്ടി മരണംവരെ നിരാഹാരമിരിക്കാനും തയ്യാറാണെന്ന നിശ്ചയദാർഢ്യം ആ അമ്മമാരുടെ വാക്കുകളിൽ കാണാം.

ന്യായമല്ലാത്ത ഒന്നും ഇവർ ആവശ്യപ്പെടുന്നില്ല. കണ്ണുണ്ടെങ്കിലും കഴ്ചകൾ അറിയാത്ത, കാണുന്നതിലേക്കു ചലിക്കാൻ കഴിയാത്ത, താരാട്ടുപാട്ടിന്റെ ഈണം ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത, അമ്മ ചവച്ചരച്ച ഭക്ഷണത്തിനായി കിളിക്കുഞ്ഞുങ്ങളെപ്പോലെ വായതുറക്കാൻ മാത്രം കഴിയുന്ന തങ്ങളുടെ മക്കൾ. ഈ മക്കളെ നെഞ്ചോടുചേർത്ത് അവർ ചോദിക്കുകയാണ് "ഞങ്ങളുടെ കാലശേഷം ആരാണിവർക്കു തുണ?" അമ്മമനസ്സിന്റെ പിൻബലമൊന്നുകൊണ്ടുമാത്രം ജീവൻ നഷ്ടപ്പെടാതെ കാലത്തെ പിന്നിടുന്ന ഈ കുഞ്ഞുങ്ങൾക്ക് ശാസ്ത്രീയവും പ്രായോഗികവുമായ രീതിയിൽ പുനരധിവാസം ഏറ്റെടുത്തു നടപ്പിലാക്കേണ്ടത് സാമൂഹ്യ ഉത്തരവാദിത്തമാണ്. ഭരണകൂടവും പൊതുസമൂഹവും ആ ഉത്തരവാദിത്തം നിറവേറ്റുകതന്നെ ചെയ്യണം. ഈ ജീവിതങ്ങൾക്കു കാവലിരിക്കുന്നവർ ആവശ്യപ്പെടുന്ന പ്രതിമാസം 5000 രൂപ ധനസഹായം ഔദാര്യമല്ല അവരുടെ അവകാശമാണ്.

വിഷമദ്യം കുടിച്ചു മരിക്കുന്നവർക്കുപോലും സർക്കാർ ധനസഹായം നൽകാറുണ്ട്. തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് ദുരന്തം ഏറ്റുവാങ്ങേണ്ടിവന്ന ഇവർ ആവശ്യപ്പെടുന്നത് പെൻഷൻതുക 10,000 രൂപയാക്കുക, മരണപ്പെട്ടവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം നൽകുക, മരണമടഞ്ഞവരുടെ, ദുരിതബാധിതരുടെ കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകുക, പി.സി.കെ. ഭൂമി ദുരിതബാധിതർക്കും പി.സി.കെ. തൊഴിലാളികൾക്കും ആദിവാസി ഭൂരഹിതർക്കും ജൈവകൃഷി നടത്താൻ പതിച്ചു നൽകുക, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള അവകാശങ്ങൾ പി.സി.കെ. തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുംകൂടി അനുവദിക്കുക എന്നിവയാണ്. ഇപ്പോൾ വഭിച്ചുകൊണ്ടിരിക്കുന്നതാകട്ടെ, കിടപ്പിലായ കുട്ടികളുടെ അമ്മമാർക്ക് 300 രൂപയും ഇരകൾക്ക് പരമാവധി 2000 രൂപയും അതിൽ താഴേയുമാണ്. വികസന, ജനവിരുദ്ധവികസന പദ്ധതികൾക്ക് കോടിക്കണക്കിനു രൂപ പൊതുഖജനാവിൽനിന്നു മുടക്കുന്ന സർക്കാർ, വികലാംഗപെൻഷൻ ലഭിച്ചുകൊണ്ടിരുന്ന കുട്ടികളുടെ ആനുകൂല്യങ്ങളിൽനിന്ന് ആ തുകയായ 300 രൂപ പിടിച്ചിട്ട് ബാക്കി തുകയേ നൽകാൻ അനുവദിക്കുന്നുള്ളു. ഈ പാവങ്ങളുടെ പിച്ചച്ചട്ടിയിൽനിന്ന് കയ്യിട്ടുവാരുന്നവർക്ക് ദേശീയമനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചതുപോലെ നഷ്ടപരിഹാരത്തിനുള്ള തുക പ്ലാന്റേഷൻ കോർപറേഷനിൽനിന്ന് ഈടാക്കാനുള്ള സന്നദ്ധതയുമില്ല. ദേശീയ മനുഷ്യാവകാശകമ്മീഷൻ നേരിട്ടു പഠനംനടത്തി നിർദ്ദേശിച്ചത് മരിച്ചവരുടെ കുടുംബത്തിന് 5 ലക്ഷവും ജീവിച്ചിരിക്കുന്നവർക്ക് 3 ലക്ഷവും സഹായധനം നൽകാനാണ്. സാധാരണക്കാരന്റെ നികുതിപ്പണത്തിൽനിന്നല്ല വിഷക്കമ്പനിയുടേയും പ്ലാന്റേഷൻ കോർപ്പറേഷന്റേയും ലാഭവിഹിതത്തിൽനിന്ന് ഈ തുക കണ്ടെത്തണമെന്നും മനുഷ്യാവകാശകമ്മീഷൻ ആവശ്യപ്പെട്ടു. ഈ ശുപാർശകളിൽ ഒന്നുപോലും നടപ്പാക്കാതിരുന്നതിന് സർക്കാരിന് കമ്മീഷൻ അന്ത്യശാസനം നൽകുകവരെ ചെയ്തിട്ടും ഒരു നീക്കവും നടന്നിട്ടില്ല. ദുരന്തബാധിതർ ചികിത്സയ്ക്കായി വിവിധ ബാങ്കുകളിൽനിന്നെടുത്തിട്ടുള്ള കടങ്ങൾക്ക് ജപ്തി നോട്ടീസുകൾ വന്നുകൊണ്ടിരിക്കുകയാണ്. സമരത്തിനാസ്പദമായി അവർ ഉന്നയിക്കുന്ന ഒരു പ്രധാന ആവശ്യം ദുരന്തബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുക എന്നതാണ്. കുറ്റവാളികളെ നിയമത്തിനുകീഴിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കുക, മണ്ണിനേയും പ്രകൃതിയേയും തിരിച്ചുപിടിക്കാൻ ജൈവപുനഃസ്ഥാപനത്തിനാവശ്യമായ ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക, ഗോഡൗണുകളിലെ എൻഡോസൾഫാൻ നീക്കം ചെയ്യുക, നിർവ്വീര്യമാക്കുക, ട്രിബ്യൂണൽ സ്ഥാപിക്കുക തുടങ്ങിയവയും അവർ ഉന്നയിക്കുന്ന ആവശ്യങ്ങളാണ്.



ബഹുമുഖ ചികിത്സാരീതികളിലൂടെ രോഗികളിൽ മാറ്റങ്ങളുണ്ടാകുന്നുണ്ട് എന്ന അനുഭവസാക്ഷ്യമാണ് അത്തരം ചികിത്സാസാഹചര്യങ്ങൾ അവർ ആവശ്യപ്പെടാൻ കാരണം. ദുരന്തബാധിതരായ കുട്ടികൾക്കുള്ള ബഡ്സ് സ്കൂളുകളിൽ നാലുവയസ്സുമുതൽ നാൽപതുവയസ്സുവരെയുള്ള



കുട്ടികൾ എത്തുന്നുണ്ട്. ഈ സ്കൂളുകൾ ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതുണ്ട്. ബഡ്സ് സ്കൂളുകളിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്കുള്ള അടിസ്ഥാന ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്നും ഈ അമ്മമാർ ആവശ്യപ്പെടുന്നു.

മെയ് 25 എല്ലാ കീടനാശിനികൾക്കും എതിരായുള്ള 'വിഷമുക്തദിന'മായി ആചരിക്കാൻ വിഷമഴയുടെ ഇരകൾ കേരളത്തോട് ആവശ്യപ്പെടുകയാണ്. ഔദാര്യങ്ങൾക്കുവേണ്ടി കയ്യുംനീട്ടി കാത്തിരിക്കേണ്ടവരല്ല അവർ. അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കേണ്ട ബാധ്യത നാം ഓരോരുത്തർക്കുമുണ്ട്. ചരിത്രപരമായ ഈ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ഇപ്പോഴും തുടരുന്ന ഈ സമരത്തെ പിൻതുണയ്ക്കാൻ നമുക്കു കഴിയണം. ■

കോഴിക്കോട് മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ സഹായത്തോടെ ഐ.സി.എം. ആർ. (ICMR) ലെ വിദഗ്ധർ തയ്യാറാക്കി ജോയിന്റ് എക്സ്പേർട്ട് കമ്മിറ്റി ഓൺ എൻഡോസൾഫാൻ സുപ്രീ കോടതിയിൽ ആഗസ്റ്റ് 5, 2011 ൽ സമർപ്പിച്ച ഇടക്കാല മെഡിക്കൽ റിപ്പോർട്ട്. മൂന്ന് സിറ്റിംഗിലൂടെ (2011 ജൂൺ 23, ജൂലായ് 07, ആഗസ്റ്റ് 03) റിവ്യു ചെയ്തശേഷമാണ് ഈ റിപ്പോർട്ട് വിദഗ്ധസമിതി അംഗീകരിച്ചത്.

**റിപ്പോർട്ടിന്റെ രത്നച്ചുരുക്കം:**

പ്രജനന രോഗങ്ങൾ, ലൈംഗിക വികാസക്കുറവ് (sexual Maturity) ജന്മനായുള്ള വൈകല്യങ്ങൾ, ചെറിയ പ്രായത്തിലുള്ള (50 വയസ്സിൽ താഴെയുള്ള) കാൻസർ എന്നിവ കാസർകോട്ടെ എൻഡോസൾഫാൻ ആകാശമാർഗേണ തളിച്ച ഗ്രാമങ്ങളിൽ സാധാരണയിൽ കൂടുതലാണ്. പ്രജനന രോഗങ്ങൾ, വന്ധ്യത, ഗർഭമലസൽ, ഗർഭപാത്രത്തിൽ വെച്ച് തന്നെ കുഞ്ഞുങ്ങൾ മരിക്കൽ എന്നിവ എൻഡോസൾഫാൻ തളിച്ച സ്ഥലത്ത് കൂടുതലാണ്. എന്നാൽ എൻഡോസൾഫാൻതളിസ്ഥലത്തുതന്നെ മേൽപറഞ്ഞ രോഗങ്ങൾ ഇക്കഴിഞ്ഞ വർഷങ്ങളിൽ കുറഞ്ഞുവരുന്നതായി കാണുന്നു. ഇത് എൻഡോസൾഫാന്റെ ആഘാതം കുറഞ്ഞുവരുന്നതിന്റെ തെളിവാണ്. കാരണം ഇപ്പോൾ ആകാശത്തളി നിർത്തിയിട്ട് പത്തുവർഷമായിരിക്കുന്നു. ഈ ഗ്രാമങ്ങളിൽ കാണുന്ന ശാരീരിക വൈകല്യങ്ങൾ എൻഡോസൾഫാൻ തളിക്കാത്ത സ്ഥലവുമായി താരതമ്യം ചെയ്താൽ 2000ത്തിന് മുമ്പ് ജനിച്ച 10 മുതൽ 19 വയസ്സുവരെയുള്ള കുട്ടികളിൽ കൂടുതലാണ്. 50 വയസ്സിൽ താഴെയുള്ളവരുടെ കാൻസർ മരണം പരിശോധിച്ചാൽ തളിച്ച സ്ഥലത്ത് ആയിരത്തിന് 2:1 ആണെങ്കിൽ തളിക്കാത്ത സ്ഥലത്ത് ആയിരത്തിന് 33 ആണ്. അതായത് തളിക്കാത്ത സ്ഥലത്തേക്കാൾ ഏഴിരട്ടി കൂടുതലാണ്. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ലൈംഗികവികാസപ്രായം (Sexual Maturity) വൈകുന്നതായി കാണാം. ഇത് 2001 ലെ NIOH പഠനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. അതനുസരിച്ച് ലൈംഗികാവയവങ്ങളുടെ വളർച്ച (Pubic hair, pennis size, testicular volume) വളരെ കുറവാണ്. എന്നാൽ, 2001ന് അപേക്ഷിച്ച് ഇപ്പോൾ കൂടുതൽ വളർച്ച കാണാനുണ്ട്. ഇത് എൻഡോസൾഫാൻ ആഘാതം കുറയുന്നതിന്റെ ലക്ഷണമാണ്.


ജന്മനായുള്ള വൈകല്യങ്ങൾ വളരെ കൂടുതലായുണ്ടായിരുന്ന ഈ സ്ഥലത്ത് 2001 വർഷത്തിലെ NIOH പഠന റിപ്പോർട്ടിലെ ഫലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ന് വൈകല്യങ്ങൾ കുറഞ്ഞുവരുന്നതായി കാണാം. 4.6ൽ നിന്ന് അത് 2.2ലേക്ക് കുറഞ്ഞിട്ടുണ്ട്. എൻഡോസൾഫാൻ ഇപ്പോൾ തളിക്കാത്തതിനാൽ ആഘാതം കുറഞ്ഞുവരുന്നതിനെയാണ് ഇത് കാണിക്കുന്നത്. *(അവലംബം: cse.org userfile/endosulfan-ICMR.PDF)*

*(38-ാം പേജിൽനിന്നും തുടർച്ച)*

നടപ്പിലാക്കി എന്നാണ്. അത്തരത്തിലൊരു പ്രസ്ഥാനം രൂപപ്പെടുത്താൻ സാധിച്ചു എന്നത് വാസ്തവമാണ്. എന്നാൽ ഇപ്പൊഴും ഭൂപ്രഭുക്കളും ഭൂരഹിതരും നിലനിൽക്കുന്നു എന്നതാണ് ദൗർഭാഗ്യകരമായ അവസ്ഥ.

ഒരുപാടുദൂരം മുന്നോട്ടുപോവേണ്ടതുണ്ട്. വിഭവങ്ങൾ ഇല്ലാത്തതല്ല ബംഗാളിന്റെ ശോചനീയതയ്ക്കു കാരണം. അത് ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല എന്നതാണ്. അതിനുവേണ്ട ശ്രമങ്ങൾക്ക് പൊതുജനങ്ങളെ അണിനിരത്താൻ നിരന്തരമായ പോരാട്ടങ്ങൾ ഉണ്ടാവേണ്ടതുണ്ട്. എന്റെ തൂലികകൊണ്ട് അത്തരം ഒരു പോരാട്ടം നടത്താനാണ് ശ്രമിക്കുന്നത്. അധികാരവർഗത്തെ വാഴ്ത്തിപ്പാടുക എന്റെ ലക്ഷ്യമല്ല.

ബംഗാളിലെ ഗോത്രവർഗ്ഗസ്ത്രീകളുടേയും മറ്റു സ്ത്രീകളുടേയും പ്രശ്നങ്ങൾ എന്നിങ്ങനെ സ്ത്രീപ്രശ്നങ്ങളെ പൊതുവെ രണ്ടായി കാണാം. ലിംഗഭേദം പലരീതിയിൽ പ്രകടമായിരുന്നു എങ്കിലും ലിംഗവിവേചനം ഗോത്രവർഗങ്ങൾക്കിടയിൽ നിലനിന്നിരുന്നില്ല. ഭൂമിയിൽ തുല്യ അവകാശവും നിലനിന്നിരുന്നു. വിധവാവിവാഹം പോലുള്ള പുരോഗമന നടപടികളും ഇക്കൂട്ടരിൽ സർവസാധാര ണമായിരുന്നു. കുറേക്കൂടി നാഗരികമായ വിഭാഗങ്ങളിലാവട്ടെ, വിധവാവിവാഹം അത്ര സാധാരണമായിരുന്നില്ല. പരിഷ്കൃതസമൂഹത്തിനകത്താണ് മിക്കവാറും സ്ത്രീകൾ പാർശ്വവത്ക്കരിക്കപ്പെടുന്നത്. വിവാഹത്തിനും വിവാഹമോചനത്തിനും പുനർവിവാഹത്തിനും സ്വത്തവകാശത്തിനും എല്ലാം ഗോത്രവർഗ്ഗങ്ങൾക്കിടയിലെ സ്ത്രീക്ക് ലഭിക്കുന്ന പൂർണ അവകാശം പരിഷ്കൃതസമൂഹത്തിലാണ് പലപ്പൊഴും കാണാതിരിക്കുന്നത്. ദൈനംദിന ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യുന്നതിലും പുരോഗതിക്കായുള്ള പ്രവർത്തനങ്ങളിലെ സ്ത്രീപങ്കാളിത്തത്തിലും ഗോത്രമേഖലയാണു കൂടുതൽ മുൻനിന്ന് പ്രവർത്തിക്കുന്നത്. ■



# പരിസ്ഥിതിയുടെ നിയമവശം



അഡ്വ. സീനാ രാജഗോപാൽ

**ഇന്ത്യയിൽ** പുരോഗതിപ്രാപിച്ചുവരുന്ന ഒരു നിയമശാഖയാണ് പരിസ്ഥിതി നിയമം. നിയമങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനുമുൻപ് പരിസ്ഥിതിയുടെ കൃത്യമായ ഒരു നിർവചനം വ്യക്തമാകേണ്ടതുണ്ട്. 1986ലെ പരിസ്ഥിതിസംരക്ഷണ നിയമത്തിൽ പരിസ്ഥിതിയെന്നാൽ ജലവും വായുവും ഭൂമിയും മനുഷ്യനും മറ്റു ജീവജാലങ്ങളും സസ്യങ്ങളും ചെറുജീവജാലങ്ങളും അവ തമ്മിലുള്ള പരസ്പരബന്ധവും ഉൾപ്പെടുന്നു. പരിസ്ഥിതി എന്ന വാക്കിന് സാമാന്യമായ അർത്ഥമല്ല വളരെ വിപുലമായ അർത്ഥമാണ് നമ്മുടെ നിയമം വിഭാവനം ചെയ്യുന്നത്.

ഇന്ത്യയിൽ പരിസ്ഥിതിനിയമങ്ങളുടെ വേരുകൾ തേടി കൗടില്യന്റെ അർത്ഥശാസ്ത്രംവരെ ചെല്ലാവുന്നതാണ്. പ്രകൃതിയെ സംരക്ഷിക്കേണ്ടത് ഓരോ വ്യക്തിയുടേയും ധർമ്മമാണെന്ന് അർത്ഥശാസ്ത്രം നിഷ്കർഷിക്കുന്നു. എല്ലാ മതങ്ങളും പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം കൊടുത്തിരുന്നതായി കാണപ്പെടുന്നു. ഹിന്ദുമതം പ്രകൃതിയെ ദൈവത്തിന്റെ ശരീരമായി കാണുകയും പക്ഷിമൃഗാദികളേയും വൃക്ഷലതാദികളേയും ആരാധിച്ചുപോരുകയും ചെയ്തിരുന്നു. വേദങ്ങളും പുരാണങ്ങളും പ്രകൃതിസംരക്ഷണത്തിന് ഊന്നൽ കൊടുക്കുന്നുണ്ട്. എല്ലാം ജലത്തിൽനിന്നാണ് ഉത്ഭവിച്ചിട്ടുള്ളതെന്നു പ്രഖ്യാപിക്കുകവഴി മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന് ഇസ്ലാം മതവും പ്രാധാന്യം നൽകുന്നു. ക്രിസ്തുമതം പ്രകൃതിസംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിന്റെ ഏറ്റവുംനല്ല ഉദാഹരണമാണ് പരിസ്ഥിതി ധ്വംസനം കുമ്പസാരിക്കേണ്ട പാപമായി പ്രഖ്യാപിച്ചത്.

മതപരമായ ഇത്തരം ഉപരോധങ്ങൾ സ്വാർത്ഥനായ മനുഷ്യനെ തളയ്ക്കാൻ ഉതകുന്നതല്ല എന്ന് കാലം തെളിയിച്ചുകഴിഞ്ഞു. അതിനാൽതന്നെ നിയമഉപരോധങ്ങൾ ആവശ്യമായിവന്നു. അന്താരാഷ്ട്രതലത്തിലും ദേശീയതലത്തിലും ഒട്ടനവധി പ്രഖ്യാപനങ്ങളും സമ്മേളനങ്ങളും നിയമങ്ങളും നിലവിലുണ്ട്.

## അന്താരാഷ്ട്രതലം

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാതിക്കുശേഷം മാത്രമാണ് പ്രകൃതിയുടെ അധോഗതിയെയും പാരിസ്ഥിതിക അസന്തുലതയെയും കുറിച്ച് അന്താരാഷ്ട്രതലത്തിൽ ഉത്കണ്ഠയുണ്ടായത്. അതിനുമുൻപ് പക്ഷികളേയോ മത്സ്യങ്ങളേയോ സംബന്ധിച്ച് ഒന്നോരണ്ടോ രാജ്യങ്ങൾ തമ്മിലുള്ള ചില കരാറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

1945–ൽ ഐക്യരാഷ്ട്രസഭ രൂപീകരിച്ചതോടെയാണ് അന്താരാഷ്ട്രപരിസ്ഥിതിനിയമം പുരോഗതിയുടെ പാതയിലേക്ക് എത്തിയത്. എണ്ണകൊണ്ട് സമുദ്രത്തിലുണ്ടാവുന്ന മലിനീകരണം തടയുന്ന അന്താരാഷ്ട്ര സമ്മേളനം ഇത്തരത്തിലുണ്ടാവുന്ന പ്രഥമസമ്മേളനമാണ്.

പരിസ്ഥിതിനിയമത്തിന്റെ നാഴികക്കല്ലായി കരുതുന്നത് 1972 ൽ സ്റ്റോക്ക്ഹോമിൽ നടന്ന മാനവപരിസ്ഥിതി സംബന്ധിച്ച അന്താരാഷ്ട്രസമ്മേളനമാണ്. മനുഷ്യപരിസ്ഥിതിയുടെ മാഗ്നാകാർട്ടയായി അറിയപ്പെടുന്ന 26 തത്വങ്ങൾ ഈ സമ്മേളനത്തിൽവെച്ച് ഉരുത്തിരിഞ്ഞു. പ്രകൃതിവിഭവങ്ങൾ, മനുഷ്യവാസകേന്ദ്രങ്ങൾ, ആരോഗ്യം, ജൈവസമൂഹം, പരിസ്ഥിതി, വികസനം, സമുദ്രം, ഊർജ്ജം, വന്യജീവി മലിനീകരണം എന്നിവ സംബന്ധിച്ച പ്രവർത്തനരേഖ അംഗീകരിക്കുകയും മലിനീകരണത്തിന്റേയും പാരിസ്ഥിതികമായ മറ്റു നാശങ്ങളുടേയും ബാദ്ധ്യതയും ഇരകൾക്കുള്ള നഷ്ടപരിഹാരത്തേയും സംബന്ധിച്ച അന്താരാഷ്ട്ര നിയമത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രസ്താവിക്കുകയും ചെയ്തു. ഈ പ്രഖ്യാപനത്തിലെ ഏറ്റവും പ്രധാന തത്വം സുസ്ഥിരവികസനം എന്നതാണ്. പരിസ്ഥിതിനിയമങ്ങൾ പ്രചരിപ്പിക്കാനും പാരിസ്ഥിതികപ്രശ്നങ്ങൾ





സംബോധന ചെയ്യാനും വേണ്ടി ഐക്യരാഷ്ട്രസംഘടന 1972-ൽ ഐക്യരാഷ്ട്ര എൻവയോൺമെന്റ് പ്രോഗ്രാം UNEP രൂപീകരിക്കുകയും ചെയ്തു.

**നമ്മുടെ പൊതുഭാവി**

1983-ൽ ഐക്യരാഷ്ട്രസഭ മാറ്റത്തിന്റെ സാർവ്വലൗകിക അജണ്ടകൾക്കായി പരിസ്ഥിതിയേയും വികസനത്തേയും സംബന്ധിച്ച ഒരു ലോകകമ്മീഷൻ സ്ഥാപിച്ചു. ഭൂമിയിലെ ഗുരുതരമായ പാരിസ്ഥിതിക വികസനപ്രശ്നങ്ങൾ പുനഃപരിശോധിക്കുക. ഇവയുടെ പരിഹാരത്തിന് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുക. വരുംതലമുറയുടെ വിഭവങ്ങൾ കവരാതെയുള്ള വികസനത്തിലൂടെ മനുഷ്യപുരോഗതി നിലനിർത്തുന്നു എന്ന് ഉറപ്പുവരുത്തുക എന്നിവയായിരുന്നു ഈ കമ്മീഷന്റെ ലക്ഷ്യം. നോർവേ പ്രധാനമന്ത്രിയായിരുന്ന ഗ്രോ. ഹർലേം ബ്രട്ട്ലാന്റിന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ റിപ്പോർട്ട് 'നമ്മുടെ പൊതുഭാവി' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ റിപ്പോർട്ടിനെ മൂന്നുഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. 1. പൊതു ഉത്കണ്ഠ 2. പൊതു വെല്ലുവിളികൾ 3. പൊതുശ്രമങ്ങൾ. ഈ റിപ്പോർട്ടും സുസ്ഥിര വികസനത്തിന് ഊന്നൽ നൽകി.

**ബേസൽ കൺവെൻഷൻ**

ഹാനികരമായ മാലിന്യങ്ങളുടെ അതിർത്തിക്കപ്പുറത്തേക്കുള്ള നീക്കങ്ങൾ നിയന്ത്രിക്കുന്നതു സംബന്ധിച്ചുള്ള ബേസൽ കൺവെൻഷൻ 1989ലാണ് നടന്നത്. ഹാനികരവും അല്ലാത്തതുമായ മാലിന്യങ്ങളുടെ ഉത്പാദനവും നീക്കവും കുറയ്ക്കുക. ജനങ്ങളുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും സംരക്ഷണം നൽകിക്കൊണ്ട് ഇത്തരം മാലിന്യങ്ങൾ ഉത്പാദിപ്പിക്കപ്പെട്ട രാജ്യത്തു തന്നെ നിർമാർജ്ജനം ചെയ്യുക എന്നിവയായിരുന്നു ഈ സമ്മേളനത്തിന്റെ ലക്ഷ്യം.

**യു.എൻ. കൺവെൻഷൻ ഓൺ ലോ ഓഫ് സീ. 1982**

സമുദ്രവുമായി ബന്ധപ്പെട്ട നിയമങ്ങളെ സംബന്ധിക്കുന്ന യു.എൻ. കൺവെൻഷൻ 1982-ൽ നടന്നു. കൺവെൻഷന്റെ പ്രധാനലക്ഷ്യങ്ങൾ ജലയാനങ്ങളിൽ നിന്ന് കടലിൽ മാലിന്യങ്ങൾ തള്ളുന്നത് ഉൾപ്പെടെയുള്ള സമുദ്രത്തിലെ മാലിന്യങ്ങൾ തടയുകയും നിയന്ത്രിക്കുകയും ചെയ്യുകയാണ്.

**ഓസോൺ പാളിയുടെ സംരക്ഷണം സംബന്ധിച്ച വിയന്ന കൺവെൻഷൻ, മോൺട്രിയാൽ കൺവെൻഷൻ**

ഓസോൺപാളിയെ പ്രതികൂലമായി ബാധിക്കുന്ന മനുഷ്യപ്രവർത്തനങ്ങൾ ക്രമീകരിക്കുകയും നിയന്ത്രിക്കുകയും തടയുകയും ചെയ്യുന്നതിനായി രാജ്യങ്ങളിൽ ഉചിതമായ നിയമനടപടികളോ കാര്യനിർവ്വഹണ പ്രക്രിയകളോ സ്വീകരിക്കുകയും സഹകരിക്കുകയും ചെയ്യുകയായിരുന്നു ഈ കൺവെൻഷനുകളുടെ ലക്ഷ്യം.

**1982ലെ പ്രകൃതിയെ സംബന്ധിച്ച വിശ്വപ്രമാണം**

ഈ പ്രമാണം പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ഇരുപത്തിനാല് തത്വങ്ങൾ പ്രഖ്യാപിച്ചു.

**ഏർത്ത് സബ്മിറ്റ്-പരിസ്ഥിതിയേയും വികസനത്തേയും സംബന്ധിച്ച റിയോ പ്രഖ്യാപനം-1992**

ഭൂമിയുടെ സമഗ്രവും പരസ്പരം ആശ്രയിക്കുന്നതുമായ സ്വഭാവങ്ങളെ അംഗീകരിച്ചുകൊണ്ട് രാജ്യങ്ങളും സമൂഹത്തിലെ പ്രധാന വിഭാഗങ്ങളും വ്യക്തികളും തമ്മിലുള്ള സഹകരണത്തിന്റെ പുതിയ തലങ്ങളിലൂടെ പുതിയതും നിഷ്പക്ഷവുമായ ആഗോളപങ്കാളിത്തം ഉറപ്പുവരുത്തുക. ആഗോളപരിസ്ഥിതിയുടേയും വികസനത്തിന്റേയും സമ്പൂർണ്ണമായ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടും എല്ലാവരുടേയും താത്പര്യങ്ങൾ പരിഗണിച്ചുകൊണ്ടുമുള്ള അന്താരാഷ്ട്ര കരാറുകൾ ഉണ്ടാക്കുകയായിരുന്നു ലക്ഷ്യം.

**1997ലെ ക്യോട്ടോ പ്രോട്ടോക്കോൾ**

ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്നത് കുറയ്ക്കുക. പുതിയതോ പുതുക്കാവുന്നതോ ആയ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം കൂട്ടുക. അവയുടെ പ്രചരണം, ഗവേഷണം എന്നിവയൊക്കെ ഈ പ്രോട്ടോക്കോളിന്റെ ലക്ഷ്യങ്ങളാണ്. 2008 മുതൽ 2012 വരെയുള്ള കാലയളവിൽ പങ്കെടുത്ത രാജ്യങ്ങളുടെ പുറന്തള്ളൽ 1990ലെ ഉണ്ടായിരുന്നതിലും 5 ശതമാനം കുറയ്ക്കണം എന്ന് പ്രോട്ടോക്കോളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ദേശീയതലം**

ദേശീയതലത്തിൽ പരിസ്ഥിതി സംബന്ധിയായ നിയമങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് നമ്മുടെ ഭരണഘടനതന്നെയാണ്. ഇതുകൂടാതെ പല കേന്ദ്രനിയമങ്ങളും സംസ്ഥാന നിയമങ്ങളും നിലവിലുണ്ട്.

1949-ൽ ഇന്ത്യൻ ഭരണഘടന നിലവിൽവന്നപ്പോൾ പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പ്രത്യേക വ്യവസ്ഥകളൊന്നും ഉണ്ടായിരുന്നില്ല. 1976ലെ ഭരണഘടനാഭേദഗതിയിലൂടെ ഭരണഘടനയുടെ 4-ാം ഭാഗത്തെ നിർദ്ദേശകതത്വങ്ങളിൽ പരിസ്ഥിതി സംരക്ഷിക്കുവാനും മെച്ചപ്പെടുത്തുവാനും വനങ്ങളെയും വന്യജീവികളേയും സംരക്ഷിക്കാൻ ഭരണകൂടം ശ്രമിക്കണം എന്നു വ്യവസ്ഥ ചെയ്തുകൊണ്ട് അനുച്ഛേദം 48-A നിലവിൽവന്നു. ഇതുകൂടാതെ ഭരണഘടനയിൽ പൗരന്മാരുടെ മൗലിക കർത്തവ്യങ്ങൾ ചേർത്ത്IV-A എന്ന ഭാഗം ഉൾപ്പെടുത്തി. വനങ്ങൾ, തടാകങ്ങൾ, നദികൾ, വന്യജീവികൾ എന്നിവ ഉൾപ്പെടുന്ന സ്വാഭാവിക പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും എല്ലാ ജീവജാലങ്ങളോടും അനുകമ്പ കാട്ടുകയും ചെയ്യേണ്ടത് ഓരോ പൗരന്റേയും മൗലിക കർത്തവ്യമായി അനുച്ഛേദം 51-A(g) വ്യവസ്ഥ ചെയ്യുന്നു.

ഈ രണ്ട് പ്രബലമായ ക്രിമിനൽ നിയമങ്ങൾ കൂടാതെ ഇരുനൂറോളം നിയമങ്ങൾ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഇന്ന് ഇന്ത്യയിൽ ഒട്ടാകെ നിലവിലുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലതുമാത്രം പ്രതിപാദിക്കാം.

**1. ജലമലിനീകരണനിരോധനനിയമം 1974**

ജലമലിനീകരണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുക. ജലത്തിന്റെ പരിശുദ്ധി നിലനിർത്തുകയും പുനഃസ്ഥാപിക്കുകയും ചെയ്യുക. ഇവ പ്രാവർത്തികമാ



ക്കാനും ജലമലിനീകരണം തടയാനുമായി ബോർഡുകൾ സ്ഥാപിക്കുക. ഭൂഗർഭജലത്തേയും സംരക്ഷിക്കാനുതകുംവിധത്തിലാണ് ജലത്തെ ഇതിൽ നിർവചിച്ചിരിക്കുന്നത്. 41 മുതൽ 45-A വരെയുള്ള വകുപ്പിൽ ജലമലിനീകരണം തടവുശിക്ഷയും പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യങ്ങളായി വ്യവസ്ഥചെയ്തിട്ടുണ്ട്.

**2. വായുമലിനീകരണനിരോധനനിയന്ത്രണനിയമം 1981**

വായുമലിനീകരണം നിരോധിക്കുവാനും നിയന്ത്രിക്കുവാനും പരിഹരിക്കുവാനും ആ ലക്ഷ്യങ്ങൾക്കായി ബോർഡുകൾ സ്ഥാപിക്കുവാനും ഈ നിയമം ലക്ഷ്യമിടുന്നു. 1987ലെ ഭേദഗതിയിലൂടെ വായുമലിനീകരണത്തിൽ ശബ്ദമലിനീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. 37 മുതൽ 41 വരെ വകുപ്പുകളിൽ വായുമലിനീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ശിക്ഷാർഹമാണ്.

**3. വന്യജീവിസംരക്ഷണനിയമം 1972**

വന്യജീവികൾക്കും പക്ഷികൾക്കും സസ്യങ്ങൾക്കും അവയോടു ബന്ധപ്പെട്ടതോ അനുബന്ധമോ ആയ കാര്യത്തിൽ സംരക്ഷണം ഉറപ്പുവരുത്തുവാനുള്ള നിയമമാണിത്. 1991-ലെ ഭേദഗതിയിലൂടെയാണ് ഇതിൽ സസ്യങ്ങളേയും ഉൾപ്പെടുത്തിയത്. വന്യജീവികളെ വേട്ടയാടുന്നത് നിയന്ത്രിക്കുക. വന്യജീവിഉപദേശക ബോർഡുകൾ രൂപീകരിക്കുക വന്യജീവിസങ്കേതങ്ങളും നാഷണൽ പാർക്കുകളുമായി ചില പ്രദേശങ്ങളെ പ്രഖ്യാപിക്കുക. വന്യജീവികൾ, വന്യജൈവവസ്തുക്കൾ ഇവയുടെ കൈവശാവകാശം, സമ്പാദ്യം, കൈമാറ്റം, വ്യാപാരം എന്നിവ നിയന്ത്രിക്കുക എന്നിവയാണ് ഈ നിയമത്തിന്റെ ലക്ഷ്യം. നിയമത്തിൽ വന്യജീവികളുടെ ആറു പട്ടികയും നൽകിയിട്ടുണ്ട്. വന്യജീവി വസ്തു വ്യാപാരം നിരോധിച്ചിട്ടുണ്ട്. ഇത്തരം വ്യാപാരം നടത്തുന്നത്, വേട്ടയാടുന്നത്, ചില സസ്യങ്ങൾ നശിപ്പിക്കുന്നത് മുതലായവയ്ക്ക് കനത്ത പിഴയും ഏഴുവർഷംവരെ കഠിനതടവും ലഭിക്കും.

**4. വനസംരക്ഷണനിയമം 1980**

ഒരു റിസർവ്വ് വനം അങ്ങനെ അല്ലാതാക്കാൻ സംസ്ഥാന സർക്കാരുകൾ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. വനം വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സംസ്ഥാനസർക്കാരിന് പരിധി നിശ്ചയിച്ചു.

**5. പരിസ്ഥിതിസംരക്ഷണ നിയമം 1986**

ജലം, വായു, വനം, വന്യജീവി എന്നിവയെല്ലാം പരിസ്ഥിതിയുടെ വ്യത്യസ്ത ഘടകങ്ങളാണ്. ഇവയ്ക്കൊക്കെ പ്രത്യേക നിയമങ്ങൾ നിലവിലുണ്ട്. എന്നാൽ മലിനീകരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയെല്ലാം ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സമഗ്രനിയമമാണ് പരിസ്ഥിതി സംരക്ഷണ നിയമം. പരിസ്ഥിതി എന്നതിന് വിപുലമായ നിർവചനം നൽകി ഈ നിയമം. പരിസ്ഥിതി മലിനീകരണം നടത്തുക, മനുഷ്യന്റെ ആരോഗ്യത്തിനും സുരക്ഷയ്ക്കും കോട്ടം വരുത്തുക എന്നീ പ്രവൃത്തികൾക്ക് ഏഴുവർഷം വരെ ശിക്ഷ ലഭിക്കാവുന്നതും ഒരു ലക്ഷത്തിൽ കൂടുതൽ പിഴ ഈടാക്കാവുന്നതുമാണ്.

**6. ജൈവവൈവിധ്യ നിയമം 2002**

ജൈവ വൈവിധ്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താനും ജൈവവിഭവങ്ങളുടെ ഉപയോഗത്തിലൂടെ ലഭിക്കുന്ന പ്രയോജനത്തെ നീതിയുക്തമായി പങ്കിടുന്നതിനും വേണ്ടിയുള്ള ഈ നിയമം ദേശീയ ജൈവവൈവിധ്യ അഥോറിറ്റിയും സംസ്ഥാന ജൈവവൈവിധ്യ അഥോറിറ്റിയും രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു.

ഇവ കൂടാതെ മോട്ടോർ വാഹന നിയമം, ഫാക്ടറീസ് നിയമം, പഞ്ചായത്ത് രാജ് നിയമം എന്നിവ പോലെ ഒട്ടനേകം നിയമങ്ങളും മേൽപറഞ്ഞ നിയമങ്ങൾക്ക് അനുബന്ധമായി അനേകം ചട്ടങ്ങളും നിലവിലുണ്ട്.

കേന്ദ്രനിയമങ്ങൾ കൂടാതെ കേരളത്തിൽ നെൽവയൽ സംരക്ഷണനിയമം, മണലൂറ്റ് നിയന്ത്രണനിയമം, കേരളാ പോലീസ്നിയമം, ഗുണ്ടാനിയമം എന്നിവയിൽ പരിസ്ഥിതി സംരക്ഷണ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.


പരിസ്ഥിതി മലിനീകരണത്തിനെതിരെ പൊതുജനങ്ങൾക്ക് സമീപിക്കാവുന്ന അധികാരികൾ.

1. **സുപ്രീം കോടതി**-പൊതുതാത്പര്യഹർജികളിലൂടെയും സ്പെഷ്യൽ ലീവ്പെറ്റീഷനിലൂടെയും
2. **ഹൈക്കോടതി**-പൊതുതാത്പര്യഹർജി, പെറ്റീഷൻ -അനുച്ഛേദം (227)
3. **ജില്ലാ കോടതി മറ്റ് കീഴ്കോടതി**-സിവിൽ നടപടി നിയമപ്രകാരമുള്ള ഇൻജക്ഷൻ ഉത്തരവ്
4. **ക്രിമിനൽ കോടതി**-പോലീസ് മുഖേനയോ അല്ലാതെയോ I.P.C. കുറ്റങ്ങൾക്ക്.
5. **എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്**-പി.സി. 133-ാം വകുപ്പ് പ്രകാരം
6. **പോലീസ്**-കേരളാപോലീസ്നിയമം, ഐ.പി.സി. മുതലായ നിയമപ്രകാരം
7. **മലിനീകരണ നിയന്ത്രണബോർഡ്**-മലിനീകരണനിരോധത്തിനായുള്ള വ്യത്യസ്ത നിയമങ്ങൾപ്രകാരം.
8. **മനുഷ്യാവകാശ കമ്മീഷൻ**-മലിനീകരണം ഒരു മനുഷ്യാവകാശലംഘനമാണ്.
9. **നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ**-മലിനീകരണം മൂലമുള്ള നഷ്ടങ്ങൾക്ക് പരിഹാരം ലഭിക്കാൻ
10. **നാഷണൽ പരിസ്ഥിതി അപലേറ്റ്**

അഥോറിറ്റി-പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം നിയന്ത്രണം ഏർപ്പെടുത്തുന്നതിനെതിരെ. ■



# ശിൽപശാല




അന്വേഷിയുടെ ആഭിമുഖ്യത്തിൽ 2012 മെയ് 19ന് കോഴിക്കോട് മെഡിക്കൽ കോളേജിലെ മെഡിസിൻ, ഓർത്തോ, ഇ.എൻ.ടി., സൈക്യാട്രി, കമ്മ്യൂണിറ്റി മെഡിസിൻ, ഗൈനക്കോളജി, സർജറി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും വേണ്ടി മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗത്തിലെ പി.ടി.എ. സെമിനാർ ഹാളിൽവെച്ച് ശിൽപശാല നടത്തി. രാവിലെ 10 മണിക്ക് ആരംഭിച്ച സെമിനാറിൽ അന്വേഷി സെക്രട്ടറി പി. ശ്രീജ സ്വാഗതം പറഞ്ഞു. പ്രസിഡണ്ട് കെ. അജിത ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സി. രവീന്ദ്രൻ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. പ്രമുഖ ജെന്റർ കൺസൾട്ടന്റ് ശ്രീമതി ഏലിയാമ്മ വിജയൻ, കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസർ ശ്രീ. അഷ്റഫ് കാവിൽ, മുംബൈ ദിലാസ സെന്ററിലെ ഉജ്ജ്വല തുടങ്ങിയവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി. അഡ്വ. പ്രീത നന്ദി പറഞ്ഞു. 4 മണിക്ക് അവസാനിച്ച ശിൽപശാലയിൽ ഡോക്ടർമാരും നഴ്സുമാരുമടക്കം 62 പേർ പങ്കെടുത്തു.

# ധർണ്ണ




ഭർത്താവ് മൊഴിചൊല്ലിയതിനുശേഷം മറ്റൊരു വിവാഹം ചെയ്ത സ്ത്രീയാണ് സക്കീന. പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷൻ അതിർത്തിക്കകത്തുള്ള ഭർതൃഗൃഹത്തിൽ താമസിക്കാൻ ചെന്നപ്പോൾ നൂറോളം അക്രമികൾചേർന്ന് സെക്കീനയെ അതിനിഷ്ഠൂരമായി മർദ്ദിച്ചു. ഇക്കഴിഞ്ഞ ഏപ്രിൽ 29ന് അർദ്ധരാത്രിയാണ് ഈ സംഭവം നടന്നത്. ഇതിൽ പ്രതിഷേധിച്ച് അന്വേഷിയുടെ നേതൃത്വത്തിൽ സ്ത്രീസംഘടനകൾ 2012 മെയ് 11ന് വയനാട് സിവിൽസ്റ്റേഷനു മുന്നിൽ ധർണ നടത്തി. അന്വേഷി പ്രസിഡണ്ട് കെ. അജിത ധർണ ഉത്ഘാടനം ചെയ്തു. സുലോചന രാമകൃഷ്ണൻ, കാതറിൻ ഡിസൂസ (വിമൻസ് വോയ്സ്) ശ്രീജ, സി.എസ്. എലിസബത്ത് (അന്വേഷി) തുടങ്ങിയവർ സംസാരിച്ചു.

# സെമിനാർ



അന്വേഷിയും നാഷണൽ റൂറൽഹെൽത്ത് മിഷനും സംയുക്തമായി 'സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, ഒരു പൊതുജനാരോഗ്യ പ്രശ്നം' എന്ന വിഷയത്തിൽ 2012 മെയ് 2 ബുധനാഴ്ച കോഴിക്കോട് ന്യൂ നളന്ദ ഓഡിറ്റോറിയത്തിൽവെച്ച് സെമിനാർ നടത്തി. സെമിനാർ അന്വേഷി പ്രസിഡണ്ട് കെ. അജിത ഉദ്ഘാടനം ചെയ്തു. സെക്രട്ടറി പി. ശ്രീജ സ്വാഗതം ആശംസിച്ചു. കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസർ ശ്രീ അഷ്റഫ് കാവിൽ വിഷയാവതരണം നടത്തി. ഉച്ചയ്ക്കുശേഷം അന്വേഷിയെക്കുറിച്ചുള്ള ഡോക്യുമെന്ററിയും കൗമാരക്കാരിലെ പ്രശ്നങ്ങളെക്കുറിച്ച് മല്ലികാസാരാഭായ് നിർമ്മിച്ച ഡോക്യുമെന്ററിയും പ്രദർശിപ്പിച്ചു. കോഴിക്കോട് ജില്ലയിലെ 80 ആശാവർക്കേഴ്സ് അടക്കം 90 പേർ സെമിനാറിൽ പങ്കെടുത്തു.

പുസ്തകപരിചയം



## തലകുനിക്കാതെ

ഒരു പെണ്ണിന്റെ ആത്മകഥ

വംഗാരി മാതായ്

ഗ്രീൻബെൽറ്റ് പ്രസ്ഥാന നായിക

സമത തൃശൂർ

എ കലക്ടീവ് ഫോർ ജെൻഡർ ജസ്റ്റിസ് /

വില: 140 രൂപ

ഇരുണ്ട ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ, കെനിയയുടെ പർവ്വതപുത്രിയായി പ്രകൃതിയോടിണങ്ങി വളർന്ന ഒരു കിക്കുയുഗോത്രവർഗ്ഗ പെൺകുട്ടി എങ്ങനെ കൊടുമുടിയോളം വളർന്നു എന്നു വായിച്ചറിയുക ഒരു നവ്യാനുഭവംതന്നെയാണ്.

സ്വന്തം വീട്ടുവളപ്പിൽ മരം വെച്ചുപിടിപ്പിച്ച് മരങ്ങളേയും മനുഷ്യരേയും ഗ്രീൻ ബെൽറ്റ് എന്ന മഹാപ്രസ്ഥാനത്തിന്റെ ഐക്യദാർഢ്യത്തിൽ കോർത്തിണക്കിയ വംഗാരി മാതായ് പ്രകൃതിയിലേക്കു മറഞ്ഞവളല്ല, പ്രകൃതിയെ ഊട്ടിവളർത്തിയവളാണ്....

കാടിന്റെ ആ പ്രിയ കൂട്ടുകാരിയുടെ ആത്മകഥ അവരുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും നമ്മെ കൈപിടിച്ചാനയിക്കുന്നു. സരളവും സുന്ദരവുമായ പരിഭാഷ.



## ഇടറാത്ത ഇച്ഛാശക്തി


സഖാവ് ദേവകി വാര്യർ

സമത തൃശൂർ

എ കലക്ടീവ് ഫോർ ജെൻഡർ ജസ്റ്റിസ് /

വില: 150 രൂപ

ഉത്പതിഷ്ണതയുടെ ഈറ്റില്ലമായ വള്ളുവനാട്ടെ പള്ളം കുടുംബത്തിൽ ജനിച്ച്, അഹിംസാമാർഗ്ഗത്തിൽ ആകൃഷ്ടയായി 12-ാം വയസ്സിൽ വാർധ ആശ്രമത്തിലെത്തി ഗാന്ധിജിയുടെ പ്രിയശിഷ്യയായിമാറി, സ്വാതന്ത്ര്യസമരത്തിന്റേയും സാമുദായിക പോരാട്ടത്തിന്റേയും തീച്ചൂളയിൽ പതറാതെ, തളരാതെ നിശ്ചയദാർഢ്യത്തോടെ, നിർഭയം കടന്നുചെന്ന് ഇടതുപക്ഷ സഹയാത്രികയായി മാറിയ സ: ദേവകി വാര്യർ. പെൺകരുത്തിന്റേയും സേവനത്തിന്റേയും ആദർശനിഷ്ഠയുടേയും ഉജ്ജ്വലപ്രതീകമായ സ: ദേവകിവാര്യരുടെ 'ഇടറാത്ത ഇച്ഛാശക്തി'യെ സമത സമർപ്പിക്കുന്നു.



## ഇടവപ്പാതിയിൽ

ഇ.പി. ജ്യോതി

നന്മ പബ്ലിക്കേഷൻസ്/വില: 50 രൂപ

"നാം പ്രണയിക്കുന്നു. വിളിച്ചാൽ വിളിപ്പുറത്തുണ്ടായിരുന്നിട്ടും എന്റെ വിളി നീ കേട്ടില്ലെന്നു നടിച്ചു. ഇത്രയും നാൾ നാം അപരിചിതരെപ്പോലെ ജീവിച്ചു. പരസ്പരം ഒളിക്കാൻ ശ്രമിച്ചിരുന്നോ?"

**ലോങ്ങ് ഷോട്ട്** കബിത മുഖോപാധ്യായ്





Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara